കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2022 സെപ്തംബർ
വില ₹20




# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ




**പൂച്ചക്കുട്ടികളുടെ വീട്**
(കഥ)
**ടി പത്മനാഭൻ**
വില ₹60





**വായനശാല**
(കഥ)
**സക്കറിയ**
വില ₹40



**മാർക്സിയൻ അർത്ഥശാസ്ത്രം കുട്ടികൾക്ക്**
(വൈജ്ഞാനികം)
**ഡോ. ടി ഗീനാകുമാരി**
വില ₹300.00





**വൈക്കം മുഹമ്മദ് ബഷീർ**
(ജീവചരിത്രം)
**സെബാസ്റ്റ്യൻ പള്ളിത്തോട്**
വില ₹140




**ആഫ്രിക്കൻ നാടോടിക്കഥകൾ**
(കഥ)
പുനരാഖ്യാനം: **ഡി വിനയചന്ദ്രൻ**
വില ₹210




**സത്യം വിചിത്രം**
(ശാസ്ത്രം)
**പള്ളിയറ ശ്രീധരൻ**
വില ₹70



**തമ്പുരാൻ കുന്നിലെ സിനിമാ വിശേഷങ്ങൾ** (നോവൽ)
**എം വേണുകുമാർ**
വില ₹230

**കൂടുതൽ പുസ്തകങ്ങൾക്ക്** **website : www.ksicl.org**

**കോപ്പികൾക്ക്**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34, ഫോൺ** 0471 – 233 3790, e-mail : director@ksicl.org
**താഴെ കാണുന്ന അക്കൗണ്ട് നമ്പറിൽ പണം അടച്ചതിനു ശേഷം മൊബൈൽ നമ്പറിലേക്ക് റസിപ്റ്റും വിലാസവും വാട്സപ്പ് മെസേജ് ചെയ്യുക.** MOB: 8547971483
ACCOUNT NUMBER : 67178297569. IFSC : SBIN0000941

## തളിര് മാസിക തപാലിൽ ലഭിക്കാൻ

**വാർഷികവരിസംഖ്യയായ 200 രൂപ**
**ബാങ്ക് ട്രാൻസ്ഫർ/മണിയോർഡർ/ഡിഡി ആയി അയക്കുക.**

**ACCOUNT NUMBER : 30583524448 | IFS Code : SBIN0004360**
**BANK: SBI - SPL PBB, THIRUVANANTHAPURAM**

ഓൺലൈൻ ട്രാൻസ്ഫർ മുഖേന വരിസംഖ്യ അടയ്ക്കുമ്പോൾ താമസം കൂടാതെ മാസിക ലഭിക്കുന്നതിനായി ബാങ്ക് ട്രാൻസ്ഫർ വിവരങ്ങളും മാസിക ലഭിക്കേണ്ട പൂർണവിലാസം (പിൻകോഡും മൊബൈൽനമ്പറും ഉൾപ്പടെ) കാണിച്ച് ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് ഒരു കത്ത്/ഇമെയിൽ (thaliru@ksicl.org) കൂടി അയക്കേണ്ടതാണ്. **8547971483** എന്ന നമ്പറിലേക്ക് വാട്സ്ആപ് ആയും റസീപ്റ്റും വിലാസവും അയക്കാവുന്നതാണ്.

# തളിര്

പത്തു വയസ്സിനു മുകളിലുള്ള കുട്ടികൾക്കായുള്ള പ്രസിദ്ധീകരണം

**സെപ്തംബർ 2022**
**വില** ₹20
**വാർഷികവരിസംഖ്യ** ₹200

**ഉള്ളടക്കം**



## അഭിമുഖം - ടി പത്മനാഭൻ

**നാരായണൻ കാവുമ്പായി**

ചിറ്റാടയും വയൽപ്പൂക്കളും പിന്നെ കുറെ തിളങ്ങുന്ന ഓർമകളുമായി മലയാളത്തിന്റെ പ്രിയ കഥാകാരൻ ടി പത്മനാഭൻ തളിരിനൊപ്പം കൂടുന്നു.

6

## എല്ലാ ലോകങ്ങളും കാണാൻ

**സി രാധാകൃഷ്ണൻ**

14

പക്ഷികളെപ്പോലെ പറന്ന സ്വപ്നങ്ങൾക്കു പുറകേ പറന്നാണ് കുട്ടി പൈലറ്റും ആസ്ട്രനോട്ടുമായത്. ഇപ്പോഴിതാ മറ്റൊരു കുട്ടിക്ക് ഒരാഗ്രഹം. എല്ലാ ലോകങ്ങളും കാണണം.





പുലി പായുന്നൂ, കാലുകൾ നാലും
ദിശകൾ കുലുക്കിയുണർത്തുന്നൂ
ഭയമോടിലയും മരവും ജലവും
കിടുകിടെ നിന്നുവിറയ്ക്കുന്നൂ

13

## പുലി പായുന്നു

**സച്ചിദാനന്ദൻ**

**ഹോർത്തൂസ് മലബാറിക്കൂസിലൂടെ**.................5
ഡോ. ബി ഇക്ബാൽ
**പാതാളമിപ്പോൾ സ്വർഗലോകം**....17
ഏഴാച്ചേരി രാമചന്ദ്രൻ
**അമ്മ**.................................... 18
പ്രഭാവർമ്മ.
**ആകാശമെന്ന കൂട്ടുകാരൻ**...... 19
കെ ജയകുമാർ
**വിസ്മയശാലികളായ പട്ടിയും കുട്ടിയും**................................20
ബി മുരളി
**ഓണം വരുമ്പോൾ**.................. 23
എൻ എസ് സുമേഷ്കൃഷ്ണൻ
**ഏർക്കാട്**.............................. 24
ജി ആർ ഇന്ദുഗോപൻ
**കോബ്രമോൻ**.........................28
ഡോ. കെ ശ്രീകുമാർ
**ബംഗാളി മാമൻ** ...................... 30
കെ പി സുധീര
**കടപയാദി**.............................33
പള്ളിയറ ശ്രീധരൻ
**റേഡിയോകളുടെ ആശുപത്രി**.... 34
എം ആർ രേണുകുമാർ
**കാക്കയും കുഞ്ഞുമോളും**....... 36
മണമ്പൂർ രാജൻബാബു
**രാത്രി മുഴുവൻ ഒറ്റയ്ക്ക് ഒരു ഗാലറിയിൽ**........................ 40
ഡോ. അജിത് കുമാർ ജി
**ഇളംതളിര്**...........................44
**ഇൻസ്റ്റിറ്റ്യൂട്ട് വാർത്ത**...............46

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**വി എൻ വാസവൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

സ്ഥാപക എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**സി ആർ ദാസ്**
**സിപ്പി പള്ളിപ്പുറം**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**നവനീത് കൃഷ്ണൻ എസ്**
**അഞ്ജന സി ജി**
**സോബിൻകുമാർ കെ എസ്**

ഡിസൈൻ , ലേഔട്ട്
**നവനീത് കൃഷ്ണൻ എസ്**

കവർ, ആർട്ട്
**അരുൺ ജി**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034

**ഫോൺ**
0471-233 3790

**e-mail : thaliru@ksicl.org, director@ksicl.org**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
**www.ksicl.org**

എഡിറ്റോറിയൽ



വര: ടി ആർ രാജേഷ്



# സമത്വഭാവനയുടെ ഓണം

മലയാളികളുടെ ഏറ്റവും പ്രിയപ്പെട്ട ആഘോഷം. അതാണ് ഓണം. വൈവിധ്യങ്ങളുടെ ഉത്സവമാണത്. ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും എന്നുവേണ്ട ഐതിഹ്യങ്ങളിൽപ്പോലും വൈവിധ്യം നിറഞ്ഞ ഒരു ഉത്സവം. ഓരോ പ്രദേശത്തും ഓണം ആഘോഷിക്കുന്നത് വ്യത്യസ്തമായ രീതികളിലാണ്. സദ്യയ്ക്കുപോലും കാണും ഈ വൈവിധ്യം. സദ്യയും പൂക്കളവുമെല്ലാം കേരളത്തിലെമ്പാടും കാണുമെങ്കിലും വള്ളംകളിയും പുലിക്കളിയുമെല്ലാം ചില പ്രദേശങ്ങളുടെ മാത്രം ഓണാഘോഷങ്ങളാണ്. വടംവലിയും തുമ്പിതുള്ളലും എന്നുവേണ്ട ഓണത്തല്ലുവരെയുള്ള അനുഷ്ഠാനങ്ങൾ ഇതിനോടനുബന്ധിച്ചുണ്ട്.

സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും നീതിയുടെയും കാലമായിരുന്നു മഹാബലി കേരളം ഭരിച്ചിരുന്ന കാലം എന്നാണ് ഏറ്റവും പ്രചാരമുള്ള ഐതിഹ്യം. കള്ളവും ചതിയുമില്ലാത്ത, ആമോദം മാത്രമുണ്ടായിരുന്ന ആ കാലത്തെക്കുറിച്ചു പറയുന്ന ഓണപ്പാട്ട് കേൾക്കാത്ത മലയാ

ളിയില്ല. ആ ഊണത്തോളം ഹൃദയഹാരിയായ മറ്റെന്തുണ്ട് മലയാളിക്ക്.

ഓണം നമ്മൾ ആഘോഷിച്ചാൽ മാത്രംപോരാ. ഓണത്തെക്കുറിച്ച് പഠിക്കാനും തയ്യാറാവണം. അവധിക്കാലത്തെ യാത്രകളും മറ്റും അതിനുകൂടി വിനിയോഗിക്കാൻ ശ്രമിക്കാം. ഐതിഹ്യങ്ങളും ഓണാഘോഷങ്ങളുടെ ചരിത്രവും ഓണപ്പാട്ടുകളും എല്ലാം പഠനവിധേയമാക്കണം. നിങ്ങൾ കുട്ടികൾക്ക് അതിനുള്ള സാധ്യതകൾ ഏറെയാണ്. അമ്മൂമ്മയോടും അപ്പൂപ്പനോടുമെല്ലാം ചോദിച്ച് പണ്ടുകാലത്തെ ഓണത്തെക്കുറിച്ചറിയാം. വേണമെങ്കിൽ അവർ പറയുന്നത് വീഡിയോ ആയി ചിത്രീകരിച്ച് സൂക്ഷിക്കുകയുമാവാം. അന്നും ഇന്നും ഓണാഘോഷങ്ങളിൽ എന്തെല്ലാം വ്യത്യാസമുണ്ടായിരുന്നുവെന്ന് കണ്ടെത്താനാവും. സ്കൂളിലെ പഠനാനുബന്ധമായ പ്രൊജക്റ്റുകളിലും മറ്റും ഇത്തരം അന്വേഷണങ്ങൾ ഒത്തിരി പ്രയോജനപ്പെടുകയും ചെയ്യും.

ഒത്തിരി കളിച്ച്, ഒത്തിരി വർത്തമാനം പറഞ്ഞ്, കൂട്ടുകാരെയും ബന്ധുക്കളെയും കണ്ട് ഓണാഘോഷങ്ങളിൽ പങ്കാളികളാവുക. എല്ലാ കുട്ടികൾക്കും തളിരിന്റെ ഓണാശംസകൾ!

**ആഘോഷങ്ങളുടെ അനുഭവങ്ങളെ പകർത്തി സൂക്ഷിക്കുക എന്നത് ചരിത്രമെഴുതലിന്റെ ഭാഗമാണ്. നമ്മുടെ മുതിർന്ന തലമുറയുടെ ഓണാനുഭവങ്ങളെ അവരോടുതന്നെ ചോദിച്ച് നമുക്ക് അടുത്തറിയാം. അവരുടെ കുട്ടിക്കാലത്തെ ഓണത്തിൽ നിന്ന് ഇന്നത്തെ ഓണം എത്രത്തോളം മാറിയിട്ടുണ്ടെന്നറിയാം.**

**പള്ളിയറ ശ്രീധരൻ**
*എഡിറ്റർ*

## ഹോർത്തൂസ് മലബാറിക്കൂസിലൂടെ

5

# തെറ്റിമന്ദാരം

**ശാസ്ത്രീയനാമം :**
**സിസാൽപീനിയ പൾച്ചെറിമ**
(Caesalpinia pulcherrima)

ചെത്തിമന്ദാരം എന്നും എഴുതിയിരിക്കുന്നു. ചെത്തി എന്നാൽ തെറ്റിച്ചെടിയെന്നും മന്താരമെന്നാൽ മന്ദാരച്ചെടിയെന്നുമാണ്. റെപ്പോളിൻ എന്നു ഹോർത്തൂസിൽ പരാമർശിച്ചിരിക്കുന്ന പ്രദേശം ഇപ്പോഴത്തെ ഇടപ്പള്ളിയാണ്.

**ഔഷധഗുണങ്ങൾ**
ഇല പിഴിഞ്ഞെടുത്ത നീര് സെദാങ്ങിന്റെ (Scedangu) ഇലയുടെ നീരുമായി ചേർത്ത് കുടിച്ചാൽ വയറുവേദന മാറുന്നു.



ഡോ. ബി ഇക്ബാൽ തയ്യാറാക്കിയ *കുട്ടികളുടെ ഹോർത്തൂസ് മലബാറിക്കൂസ്* എന്ന പുസ്തകത്തിൽനിന്ന്. പ്രസാധനം : ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്



6

# ചിറ്റാടയും വയൽപ്പൂക്കളും പിന്നെ തിളങ്ങുന്ന കുറെ ഓർമകളും

**ടി പത്മനാഭൻ / നാരായണൻ കാവുമ്പായി**

രാത്രി പെയ്ത മഴയിൽ നനഞ്ഞുകിടക്കുന്ന മരച്ചില്ലകളിൽനിന്ന് വണ്ണാത്തിപ്പുള്ളുകൾ പാടുന്നുണ്ടായിരുന്നു.

സാധാരണയായി എല്ലാ പുലർച്ചകളിലും വണ്ണാത്തിപ്പുള്ളുകളുടെ പാട്ടുകേൾക്കാനായി അവൻ ചെവിയോർത്തു നിൽക്കാറുണ്ടായിരുന്നു. അകലെ കുന്നുകൾ. കുന്നുകളുടെ ചരിവിലെ കാടുകൾ.

രാവിലെ താഴ്‌വരയിലെ പാടത്തുനിന്ന് ഉയർന്നു വരുന്ന വെളുത്ത മഞ്ഞ്. മഞ്ഞിന്റെ മറയിലൂടെ പതുക്കെ പ്രഭാതരശ്മികൾ കടത്തുന്ന സൂര്യൻ. ഇതൊക്കെ എന്നും അവനെ ആകർഷിച്ചുപോന്ന കാഴ്ചകളായിരുന്നു.

പക്ഷേ ഇന്ന് അവൻ അതൊന്നും കാണുകയുണ്ടായില്ല.

വരാന്തയുടെ അറ്റത്തുള്ള തൂണിന്റെ അരികിൽ അവൻ അസ്വസ്ഥനായി നിന്നു.

ആ കുഞ്ഞുമനസ്സിൽ സങ്കടങ്ങളുടെ കാർമേഘങ്ങൾ നിറയുകയാണ്. ഇല്ലായ്മയുടെ ഇരുണ്ട മേഘങ്ങൾ. പള്ളിക്കുന്നിലെ തിണയ്ക്കൽ തറവാട്ടിൽ അച്ഛന്റെ വിയോഗം തീർത്ത വറുതിയുടെ നാളുകൾ. വയറുനിറയെ ആഹാരം കഴിച്ചിട്ട് ദിവസങ്ങളെത്രയായി? ഉള്ളുപിടയുന്ന ആധിയുമായി അമ്മ. നെടുവീർപ്പുമായി അരികിൽ സഹോദരങ്ങൾ.

തിണയ്ക്കൽ പത്മനാഭൻ നായർ ലോകം ആദരിക്കുന്ന ടി പത്മനാഭനെന്ന എഴുത്തുകാരനായതിനു പിന്നിൽ നീന്തിക്കടന്ന ദുരിതക്കടലുകൾ ഏറെയാണ്. പത്മനാഭന്റെ മനസ്സിൽ ഇപ്പോഴും ആ കുട്ടിയുണ്ട്. അവനൊഴുക്കിയ കണ്ണീരിന്റെ ഉപ്പുരസമുണ്ട്.

ആ ലവണാംശമാണ് പത്മനാഭനെഴുതിയ, കുട്ടികൾ പ്രധാനകഥാപാത്രമായി വരുന്ന, കഥകളിൽ പല രീതിയിൽ നാം അനുഭവിക്കുന്നത്. ബാലകൗമാരമനസ്സുകളുടെ അനുഭവപ്രപഞ്ചത്തിലേക്കുള്ള ജാലകം മലയാളചെറുകഥയിൽ ആദ്യം തുറന്നിട്ടത് പത്മനാഭനാണ്.

മഞ്ഞനിറമുള്ള റോസാപ്പൂവ്, അന്തിവെളിച്ചം, അശ്വതി, ശിശുദിനം, വനവാസം, ഒരു കൊച്ചുചങ്ങാതി, ഒരു ചെറിയ കഥ, ഗോട്ടി, ഒടുവിലത്തെ താവളം, വീട് നഷ്ടപ്പെട്ട ഒരു കുട്ടി, പഴയ ഓർമകൾ പുതിയ സ്വപ്നങ്ങൾ തുടങ്ങി മികച്ച ഉദാഹരണങ്ങൾ ഏറെയുണ്ട്.

ഓരോ കഥയിലും മലയാളിയെ വിസ്മയിപ്പിച്ച എഴുത്തുകാരനാണ് പത്മനാഭൻ. ഈ വരുന്ന വൃശ്ചികത്തിലെ ഭരണിനാളിൽ അദ്ദേഹത്തിന് 94 തികയും. ഈ പ്രായത്തിൽ ഇത്രയും ശിൽപഭദ്രതയോടെ കഥപറയുന്ന എത്ര കഥാകൃത്തുക്കൾ ഇന്ന് ലോകത്തുണ്ട്? ഉണ്ടായിട്ടുണ്ട്?

1948ലാണ് ആദ്യത്തെ പത്മനാഭൻകഥ പ്രകാശം തേടിയത്. എഴുത്തിന്റെ ഏഴരപ്പതിറ്റാണ്ട് പിന്നിടുമ്പോഴും

എണ്ണത്തിൽ വളരെ കുറച്ചു മാത്രം എഴുതിയ കഥാകാരനാണ് അദ്ദേഹം. ഏതാണ്ട് ഇരുന്നൂറോളം കഥകൾ. അതിൽ അമ്പതിലേറെ കഥകളിൽ കുട്ടികളാണ് നായകർ. കുട്ടികൾ കേന്ദ്രകഥാപാത്രമായി വരുന്ന ഇത്രയധികം കഥകളെഴുതിയ മുതിർന്ന കഥാകാരന്മാർ വേറെയുണ്ടാകാനിടയില്ല, ഇവിടെയെന്നല്ല എവിടെയും.

ഗൃഹാതുരമായ ഒരു ഓർമയുടെ പേരാണ് മലയാളിക്ക് ഓണം. ഓണപ്പൂക്കളവും ഓണസദ്യയും ഇല്ലാതെ ഒരോണനാളും മലയാളിക്ക് മുന്നിലൂടെ കടന്നുപോവില്ല. അത്രമേൽ നമ്മുടെ ജീവിതത്തോട് ചേർന്നുനിൽക്കുന്നു ഈ ആഘോഷം. കാലമെത്ര പോയ്മറഞ്ഞാലും തലമുറകളെത്ര മാറിവന്നാലും ആഘോഷഭാവങ്ങൾ മാറുമെന്നല്ലാതെ ഓണത്തിനു മാറ്റമില്ല.

കാറും കോളും നിറഞ്ഞ, കർക്കടകം പെയ്തൊഴിഞ്ഞ ആകാശത്തിനു കീഴെ, നന്മയുടെ, സമൃദ്ധിയുടെ, ഐശ്വര്യത്തിന്റെ, വിശുദ്ധിയുടെ പൂക്കളമൊരുക്കാനായി മാത്രം പുലരിപ്പൂക്കളായി കാക്കപ്പൂവും കണ്ണാന്തളിയും മുക്കുറ്റിയും മുല്ലയും പൂത്തുനിൽക്കും. കൊയ്ത്തുപാടത്ത് പൂത്തുമ്പികൾ പറന്നുനടക്കുന്നതുപോലും ഓണമെത്തിയെന്ന് വിളിച്ചറിയിക്കാനുള്ള തത്രപ്പാടിലാവും. അങ്ങനെ പ്രകൃതിപോലും കാത്തിരിക്കുന്ന ഈ ഉത്സവത്തിനു പകരംവയ്ക്കാൻ മലയാളിജീവിതത്തിന് ഒന്നുമില്ല.

ഈ പകിട്ടുകളൊന്നുമില്ലാത്ത ഓണസ്മരണകളാണ് ടി പത്മനാഭന്റേത്. പലപ്പോഴും ഓണത്തിനായി പത്മനാഭൻ കാത്തിരിക്കുമായിരുന്നു. പൂക്കളിറുത്ത് പുത്തനുടുപ്പണിഞ്ഞ് ഉല്ലസിക്കാനല്ല, ഒരു നേരമെങ്കിലും വയറുനിറയെ ആഹാരം കഴിക്കാൻ. ചുറ്റുമുള്ള കുട്ടികൾ പുതുവസ്ത്രമണിഞ്ഞ് ഓടിത്തിമിർക്കുമ്പോൾ പത്മനാഭൻ ഒരു ചിറ്റാടയെങ്കിലും കിട്ടിയെങ്കിൽ എന്ന് കൊതിച്ചിരുന്നു. എല്ലാം ആ കുഞ്ഞുമനസ്സിന്റെ നെടുവീർപ്പിലൊതുങ്ങി.

തളിര് വായനക്കാരായ കൂട്ടുകാർക്കുവേണ്ടി തന്റെ ബാല്യത്തെയും അക്കാലത്തെ ഓണനാളുകളെയും ഓർത്തെടുക്കുകയാണ് അദ്ദേഹം.

**?** ഓണം ഓർമകളുടെ ഉത്സവമാണ് എന്നു പറയാറുണ്ട്. മുതിർന്നവർക്ക് അവരുടെ കുട്ടിക്കാലത്തെ ഓർത്തെടുക്കാനുള്ള അവസരം കൂടിയാണത്. ആ ഓർമകൾ പുതിയ തലമുറയ്ക്ക് പുതിയ വെളിച്ചമാകും. ഓണത്തെക്കുറിച്ച് പപ്പേട്ടന്റെ മനസ്സിൽ തെളിയുന്ന ചിത്രമെന്താണ്?

ഓണത്തെക്കുറിച്ചുള്ള എന്റെ ഓർമയിൽ ആദ്യം തെളിയുന്നത് ഒരു ചിറ്റാടയുടെ ചിത്രമാണ്. എന്റെ കുട്ടിക്കാലത്ത് പാവപ്പെട്ടവരെന്നോ പണക്കാരെന്നോ ഭേദമില്ലാതെ എല്ലാ വീട്ടിലെയും കുട്ടികൾ ഓണനാളിൽ അതുടുക്കും. ചിറ്റാടയെന്നാൽ അക്കാലത്ത് ഓണനാളുകളിൽ കുട്ടികൾ ഉടുക്കാറുള്ള വളരെ ചെറിയ ഒരു മുണ്ടാണ്. കഷ്ടിച്ച് ഒരു തോർത്തിന്റെ വലുപ്പമേ അതിനുണ്ടാകൂ. മഞ്ഞ നിറമാണ്. മഞ്ഞളിൽ മുക്കിയായിരിക്കും അതിനു നിറം കൊടുക്കുന്നത്. അക്കാലത്ത് ചിറ്റാട വിൽക്കാൻ മാത്രമായി വീടുകളിലെത്തുന്ന കച്ചവടക്കാരുണ്ടായിരുന്നു. ഒരണയാണ് വില. ഇന്നത്തെ ആറ് പൈസ.

ഞങ്ങളുടെ പ്രദേശത്ത് ചിറ്റാട ഉടുക്കാൻ നിവൃത്തിയില്ലാതിരുന്ന ഏക കുട്ടി ഞാനായിരുന്നു. എനിക്കതിൽ കുറച്ചിലൊന്നും തോന്നിയിരുന്നില്ല. മറ്റു കുട്ടികളെല്ലാം ചിറ്റാടയണിഞ്ഞ് പൂക്കൾ പറിക്കാനെത്തുമ്പോൾ ബട്ടൺസ് പോയ ഒരു ട്രൗസർ മുണ്ടുടുക്കുന്നതുപോലെ മുറുക്കിക്കെട്ടിയാണ് ഞാൻ അവർക്കൊപ്പം പോയിരുന്നത്.

ഇല്ലായ്മകളുടെ ആ കാലത്തെ സന്തോഷദിവസങ്ങളായിരുന്നു ഓണനാളുകൾ. വിശേഷിച്ച് ഉത്രാടവും തിരുവോണവും. മറ്റൊന്നും കൊണ്ടല്ല. ആ രണ്ടു ദിവസമെങ്കിലും വയറുനിറയെ ഭക്ഷണം കഴിക്കാമല്ലോ. എത്ര പ്രയാസപ്പെട്ടാലും അമ്മ ആ രണ്ടു ദിവസങ്ങളിലും വിഭവസമൃദ്ധമായ സദ്യയുണ്ടാക്കും. പലതരം കറികളും പ്രഥമനും ഉൾപ്പെടെയുള്ള മൃഷ്ടാന്നസദ്യ. അമ്മ അതിനായി ഏറെ പാടുപെടാറുണ്ട്. പാലു വിറ്റും മറ്റും കിട്ടുന്ന തുച്ഛവരുമാനത്തിൽ ഒരു ഭാഗം കൂട്ടിക്കൂട്ടിവച്ചാണ് മക്കൾക്ക് ഒരു ദിവസമെങ്കിലും

**ഓണത്തെക്കുറിച്ചുള്ള എന്റെ ഓർമയിൽ ആദ്യം തെളിയുന്നത് ഒരു ചിറ്റാടയുടെ ചിത്രമാണ്. എന്റെ കുട്ടിക്കാലത്ത് പാവപ്പെട്ടവരെന്നോ പണക്കാരെന്നോ ഭേദമില്ലാതെ എല്ലാ വീട്ടിലെയും കുട്ടികൾ ഓണനാളിൽ അതുടുക്കും. ഞങ്ങളുടെ പ്രദേശത്ത് ചിറ്റാട ഉടുക്കാൻ നിവൃത്തിയില്ലാതിരുന്ന ഏക കുട്ടി ഞാനായിരുന്നു. എനിക്കതിൽ കുറച്ചിലൊന്നും തോന്നിയിരുന്നില്ല.**

വയറുനിറയെ ഭക്ഷണം നൽകാനുള്ള പണം അമ്മ കണ്ടെത്തിയിരുന്നത്.

? പ്രകൃതിയുടെയും പൂക്കളുടെയും ഉത്സവംകൂടിയാണ് ഓണക്കാലം. പൂക്കളായും സദ്യയായും പ്രകൃതിവിഭവങ്ങൾ കൂടി ഭാഗഭാക്കാവുന്ന ഓണത്തെ കേരളത്തിന്റെ വസന്തോത്സവമെന്നാണ് കവികൾ വിശേഷിപ്പിക്കുന്നത്. അക്കാലത്തെക്കുറിച്ച്...

ഓണക്കാലം ഒരർഥത്തിൽ പ്രകൃതിയുടെ വസന്തകാലം തന്നെയാണ്. ധാരാളം പൂക്കൾ. കുന്നിൻപുറങ്ങളിലും വയലിറമ്പുകളിലും ഇടവഴികളിലും ഓടിനടന്ന് കണ്ണിൽക്കണ്ട പൂക്കളെല്ലാം ശേഖരിക്കുമായിരുന്നു, ഞങ്ങൾ കുട്ടികൾ. ആ പൂക്കൾകൊണ്ട് വീട്ടുമുറ്റത്ത് മനോഹരങ്ങളായ പൂക്കളമൊരുക്കും. ഞാൻ പലപ്പോഴും ആലോചിക്കാറുണ്ട്. ഇന്നാ പൂക്കളെല്ലാം എവിടെപ്പോയി? ഇപ്പോൾ വയലില്ല, പറമ്പുകളും കുന്നിൻപുറങ്ങളുമില്ല, ഇടവഴികളുമില്ല. പിന്നെങ്ങനെ പൂക്കളുണ്ടാകാൻ!

അന്നത്തെ പല മാതിരി പൂക്കളിൽ എന്നെ ഏറെ ആകർഷിച്ചത് കാക്കപ്പൂവായിരുന്നു. എന്തു മനോഹരം. മഴ പെയ്താൽ താനേ കിളിർത്തുവരുന്ന ആ വയൽപ്പൂവ് ആരുടെയും മനം കവരും. അതുപോലെ തുമ്പപ്പൂവ്. ഇടവഴികളുടെ ഇരുവശവുമുള്ള മതിലുകളിൽ ചിരിച്ചുനിൽക്കുന്ന പലതരം പൂവുകളുണ്ടാകും. അവ കാണുന്നതുതന്നെ സന്തോഷം.

? ഓണത്തിന് എന്തൊക്കെയായിരുന്നു അക്കാലത്തെ ആഘോഷപരിപാടികൾ?

പൂക്കളമൊരുക്കൽ, സദ്യ എന്നിവയിലൊതുങ്ങും മിക്കപ്പോഴും ഓണാഘോഷം. ചെറുപ്പക്കാർ കൂട്ടുകാരുമൊത്ത് കണ്ണൂർ കടപ്പുറത്തുപോയി സായാഹ്നങ്ങൾ ആഘോഷിക്കും. ഓണത്തിന് അങ്ങനെ പ്രത്യേക ചടങ്ങുകളൊന്നുമില്ല. ഓരോ സമുദായത്തിനനുസരിച്ച് സദ്യവട്ടങ്ങളിലും മറ്റും ചെറിയ മാറ്റങ്ങൾ കണ്ടേക്കാമെന്നു മാത്രം.

? അന്നു നടന്ന വഴികൾ പാടേ മാറിയല്ലോ. ഗ്രാമങ്ങൾ നഗരങ്ങളായി മാറുകയല്ലേ? ഓർമയിലൊതുങ്ങിയ ആ പഴയ നാട്ടുവഴികളെക്കുറിച്ച് ഇപ്പോൾ ആലോചിക്കാറുണ്ടോ?

അക്കാലത്തെക്കുറിച്ച് ഓർക്കാതിരിക്കുന്നതാണ് ഭേദം. എന്റെ കുട്ടിക്കാലത്ത് പള്ളിക്കുന്നിൽ വയലുകൾ ഉണ്ടായിരുന്നു. ചാലോട് അറബിക്കടൽവരെ നീണ്ടുനിന്നിരുന്നു അതിന്റെ അതിര്. ഇന്ന് എവിടെയാണ് വയലുകൾ? ഇത് എന്റെ ഗ്രാമത്തിന്റെ സ്ഥിതി മാത്രമല്ല. എല്ലാ നാട്ടിലും ഇങ്ങനെതന്നെയാണ്. പാലക്കാട്ടോ കുട്ടനാട്ടിലോ മറ്റോ ഉണ്ടെങ്കിലായി. കൃഷിസംസ്കാരം നിറഞ്ഞിരുന്ന നമ്മുടെ നാട് ഇന്ന് അരിക്കുവേണ്ടി അന്യനാട്ടുകാരെ ആശ്രയിക്കുകയല്ലേ? അവിടെയുള്ള മില്ലുകമ്പനികൾ പണിമുടക്കിയാൽ, ലോറികളുടെ വരവ് മുടങ്ങിയാൽ നമ്മൾ പട്ടിണികിടക്കേണ്ടി വരും.

പഴയ കേരളത്തെക്കുറിച്ചാണ് പി കുഞ്ഞിരാമൻ നായർ പാടിയത്:


'ആടീ വയലുകൾ,
നിറഞ്ഞ പൊന്നാറുകൾ
ആനന്ദം കേരളമെന്നു
പാടീ...'

കൊയ്യാറായ നെൽച്ചെടികളാണ് കാറ്റിൽ ആടിയത്. ഓണത്തെക്കുറിച്ചും കേരളത്തിന്റെ മനോഹരമായ പ്രകൃതിസൗന്ദര്യത്തെക്കുറിച്ചും ഇത്ര മനോഹരമായി പാടിയ കവി വേറെയില്ല. ഇന്നാണെങ്കിൽ കവിക്ക് ഇങ്ങനെ എഴുതാനാകുമോ? കുഞ്ഞിരാമൻ നായർ ഇന്നുണ്ടായിരുന്നെങ്കിൽ കവിത തിരുത്തേണ്ടി വരുമായിരുന്നില്ലേ? താറു കലക്കിയതുപോലുള്ള കറുത്ത മലിനജലമൊഴുകുന്ന പുഴകളെ നോക്കി 'നിറഞ്ഞ പൊന്നാറുകൾ' എന്ന് പാടാനാകുമോ? മിക്കതും വറ്റിവരണ്ടു കഴിഞ്ഞു.

പള്ളിക്കുന്നിൽ വേനലിലും വറ്റാത്ത തോടുകളുണ്ടായിരുന്നു. റെയിൽവെ ലൈനുകൾക്കു കീഴെയുള്ള ഓവുചാലുകളിലൂടെ ഒഴുകി അവ അറബിക്കടലിൽ ചെന്നുചേരും. ഞങ്ങൾ കുട്ടികൾ തോട്ടുവക്കത്തുകൂടി നടക്കും. റെയിലിനരികിലെത്തിയാൽ പടിഞ്ഞാറേക്ക് നോക്കിയിരിക്കും. നോക്കെത്താദൂരത്തോളം പരന്നുകിടക്കുന്ന വയലുകൾ. വിളവെടുപ്പു കഴിഞ്ഞാൽ വേനലിൽ പാടങ്ങളിൽ വെള്ളരി നടും. വേനൽക്കാലത്തെ പച്ചക്കറിക്കൃഷി നാട്ടുകാർക്ക് ലഹരിയായിരുന്നു. കൂട്ടുകൂടി ആസ്വദിച്ച് അവർ കൃഷിപ്പണികൾ ഉത്സവമാക്കും.

? പപ്പേട്ടന്റെ കുട്ടിക്കാലത്തെക്കുറിച്ചും വിദ്യാഭ്യാസത്തെക്കുറിച്ചുമെല്ലാം ചിലത് 'പള്ളിക്കുന്ന്' പുസ്തകത്തിൽ വായിച്ചിരുന്നു. ഏതൊക്കെയായിരുന്നു ആദ്യകാല വിദ്യാലയങ്ങൾ?

എന്റെ കുട്ടിക്കാലത്ത് പള്ളിക്കുന്നിൽ ഹൈസ്കൂൾ



വര: ടി ആർ രാജേഷ്

ഉണ്ടായിരുന്നില്ല. ആകെയുണ്ടായിരുന്നത് രണ്ട് എലിമെന്ററി സ്കൂളുകളും 'ദേവീ വിലാസ'വും 'പുല്ലാരൻ'ഗുരുക്കളുടെ സ്കൂളും രണ്ട് ഹയർ എലിമെന്ററി സ്കൂളുമായിരുന്നു; രാധാവിലാസവും കോരന്റെ സ്കൂളും. എലിമെന്ററി സ്കൂളുകൾ ഇന്നില്ല. രാധാവിലാസം ഇന്നുമുണ്ട്. കോരന്റെ സ്കൂൾ പിന്നീട് മലബാർ ഡിസ്ട്രിക്ട് ബോർഡ് ഏറ്റെടുത്ത് 'ബോർഡ് സ്കൂളാ'യി. പിന്നീടിത് ഗവൺമെന്റ് ഏറ്റെടുത്ത് പള്ളിക്കുന്ന് ഗവ. ഹയർസെക്കൻഡറി സ്കൂളായി.

അഞ്ചാം ക്ലാസ്സുവരെ പള്ളിക്കുന്ന് ദേവീ വിലാസം സ്കൂളിലായിരുന്നു ഞാൻ പഠിച്ചത്. ആ വിദ്യാലയം ഇപ്പോൾ ഇല്ല. അവിടെ നല്ല അധ്യാപകരെയായിരുന്നു എനിക്ക് കിട്ടിയത്. ഇതൊരു പ്രധാന കാര്യമാണ്. ഏതൊരു വിദ്യാലയത്തിന്റെയും മഹത്വം അവിടത്തെ അധ്യാപകരെ ആശ്രയിച്ചാണിരിക്കുന്നത്.

ആശാന്റെയും വള്ളത്തോളിന്റെയും കാവ്യലോകത്തേക്ക് എന്നെ നയിച്ചത് അവിടത്തെ അധ്യാപകരായിരുന്നു. വാഴയിൽ ഗോവിന്ദൻ വൈദ്യരെപ്പോലുള്ള ഗുരുക്കന്മാർ വലിയൊരനുഗ്രഹം തന്നെയായിരുന്നു. തീരെ ചെറിയ ക്ലാസ്സിൽ പഠിക്കുമ്പോൾ നാലപ്പാട്ടു നാരായണമേനോൻ തർജമ ചെയ്ത 'പാവങ്ങൾ' എന്ന നോവൽ കൈയിൽ വച്ചുതന്ന് വായിക്കാൻ പ്രേരിപ്പിച്ച ആ ഗുരുനാഥനെ എങ്ങനെ മറക്കാനാണ്?

അക്കാലത്തെ അധ്യാപകർ തുച്ഛവേതനക്കാരായിരുന്നു. ഏഴു രൂപ മുതൽ 15 രൂപവരെയായിരുന്നു ശമ്പളം. മൂന്നു മാസം കൂടുമ്പോഴാണ് അതു കിട്ടുക. അതിൽ ഒരു വിഹിതം മാനേജർ എടുക്കും. ബാക്കിയാണ് അധ്യാപകർക്കു ലഭിക്കുക. ഇതിൽനിന്ന് ആ അധ്യാപകരിൽ ചിലർ ഉച്ചപ്പട്ടിണിക്കാരായ കുട്ടികൾക്ക് ഭക്ഷണം വാങ്ങിക്കൊടുത്തിരുന്നു. വായനയിലേക്കും സാഹിത്യാഭിരുചിയിലേക്കും കുട്ടികളെ നയിക്കാൻ അവർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

അഴീക്കോട്ട് സൗത്ത് സ്കൂളിലായിരുന്നു ഹയർ എലിമെന്ററി വിദ്യാഭ്യാസം. അവിടെയുണ്ടായിരുന്ന രണ്ടുവർഷമാണ്, ദേശീയസ്വാതന്ത്ര്യസമരത്തെക്കുറിച്ചും ഗാന്ധിജിയെക്കുറിച്ചുമൊക്കെ മനസ്സിലാക്കാനും അതിൽ ആവേശം കൊള്ളാനുമിടയാക്കിയത്. വി കൃഷ്ണൻ മാസ്റ്ററാണ് അതിനു പ്രേരിപ്പിച്ച അധ്യാപകൻ.

ഒരു കൊല്ലം മൊട്ടമ്മൽ സ്കൂളിലും പഠിച്ചു. ജ്യേഷ്ഠത്തി അവിടെ ടീച്ചറായപ്പോൾ തുണയായി ഞാനും അവിടേക്ക് പോയതായിരുന്നു.

1943ൽ ചിറക്കൽ രാജാസ് സ്കൂളിലേക്ക് മാറി. അഞ്ചു കൊല്ലം അവിടെ പഠിച്ചു. ആ വർഷം മുതലാണ് ഖാദി വസ്ത്രം ധരിച്ചുതുടങ്ങിയത്. ദേശിയപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിൽ ആകൃഷ്ടനാവുകയും കോൺഗ്രസ്സിന്റെ പ്രവർത്തകനാവുകയും ചെയ്തത് അവിടെനിന്നാണ്. 1945ൽ ചിറക്കൽ താലൂക്ക് സ്റ്റുഡന്റ്സ് കോൺഗ്രസ് സെക്രട്ടറിയായിരുന്നു ഞാൻ.

സ്കൂൾ ചുമരിൽ ക്വിറ്റ് ഇന്ത്യാ സമരത്തിന് അനുകൂലമായി മുദ്രാവാക്യം എഴുതിവച്ചതിന് സ്കൂളിൽനിന്ന് പുറത്താക്കുകയുണ്ടായി. സ്കൂൾ മാനേജർ കൂടിയായ ചിറക്കൽ രാജാവിന്റെ നിർദേശത്തെ തുടർന്നാണ് സ്കൂളിൽ തുടർന്ന് പഠിക്കാനായത്. കൊട്ടാരത്തിൽ ഞങ്ങളെ വിളിപ്പിച്ച് രാജാവ് ഗുണദോഷിക്കുകയും ഉപദേശിക്കുകയും ചെയ്തിരുന്നു. വലിയ പഠിപ്പും അറിവുമുള്ളയാളായിരുന്നു അന്നത്തെ ചിറക്കൽ രാജ.

1945ൽ പഴയ അവിഭക്ത മദ്രാസ് സംസ്ഥാനത്ത് പൊതുതെരഞ്ഞെടുപ്പ് വന്നപ്പോൾ ഞാൻ കോൺഗ്രസ്സിന്റെ സന്ദേശവാഹകനായി ഏതാനും സഹപ്രവർത്തകർക്കൊപ്പം





പല നാടുകളിൽ ചെന്ന് പ്രസംഗിച്ചിട്ടുണ്ട്.

? പപ്പേട്ടന്റെ 'വനവാസം' എന്ന കഥയാണ് ഈ സന്ദർഭത്തിൽ ഓർമവരുന്നത്. വീട്ടിലെ ദാരിദ്ര്യംകൊണ്ട് പുസ്തകം വാങ്ങാൻ ഗതിയില്ലാത്ത ഒരു കുട്ടിയെ സ്കൂളിൽനിന്ന് ഇറക്കിവിടുന്നതിന്റെ കണ്ണീർച്ചിത്രമാണല്ലോ ആ കഥയിൽ. അത് നേരിട്ടുള്ള അനുഭവമാണോ?

'വനവാസം' എന്ന കഥയിലെ രാമൻകുട്ടി ഞാനല്ല. എന്നാൽ അതിലെ രാമൻകുട്ടിയുടെ അനുഭവം നേരിൽ കണ്ടതാണ്. 33 കൊല്ലം മുമ്പാണ് ആ കഥ എഴുതിയത്. കൊച്ചിയിൽനിന്ന് പള്ളിക്കുന്നിലേക്ക് താമസം മാറ്റി ഒരാഴ്ച കഴിഞ്ഞതേയുള്ളൂ. ഇവിടെ പ്രത്യേകിച്ച് തിരക്കുകളൊന്നുമില്ല. പല ദിവസങ്ങളിലും ഞാൻ വെറുതെ നടക്കാനിറങ്ങും. ചിറക്കൽ പുതിയതെരു ഭാഗത്തേക്കായിരിക്കും ചിലപ്പോൾ. മാർക്കറ്റിൽനിന്ന് പച്ചക്കറികളും വാങ്ങാം. ഇപ്പോൾ വാഹനങ്ങൾ ചീറിപ്പായുന്ന റോഡ് അന്ന് ഇടവഴിയായിരുന്നു.

ഒരു ദിവസം നടക്കാനിറങ്ങിയപ്പോൾ നല്ല മഴ. വഴിയരികിലുള്ള എലിമെന്ററി സ്കൂളിന്റെ വരാന്തയിൽ കയറിനിന്നു. ഓല മേഞ്ഞ, മൺകട്ടകൾകൊണ്ടുണ്ടാക്കിയ ഒരു ഷെഡ്ഡായിരുന്നു അത്. വളരെ പഴക്കം തോന്നിച്ചു. പലേടത്തും കുമ്മായം അടർന്നുവീണിരിക്കുന്നു. അകത്ത് കുട്ടികളുടെ ശബ്ദം കേൾക്കാം. ക്ലാസ്മുറിയിലേക്കുനോക്കി. അവിടെ മലയാളം ക്ലാസിൽ ശ്രീരാമന്റെ വനവാസത്തെക്കുറിച്ചുള്ള പാഠം മാസ്റ്റർ വായിക്കുന്നു. പാഠത്തിൽ ശ്രദ്ധിക്കാത്ത രാമൻകുട്ടിയെ മാസ്റ്റർ പുറത്താക്കുന്നു. വീട്ടിലെ ദാരിദ്ര്യം അവന്റെ ഉടുപ്പിലും ഭാവത്തിലും തെളിഞ്ഞുകാണാം. ക്ലാസ്സിൽനിന്ന് പുറത്തായ രാമൻകുട്ടി ഇരുണ്ട ആകാശത്തെ നോക്കി, ബട്ടനില്ലാത്ത ട്രൗസർ മുണ്ടുടുക്കുന്നതുപോലെ അരയിൽ ഉറപ്പിച്ചു നിർത്തി മഴയിലേക്ക് ഇറങ്ങി നടക്കുന്ന ചിത്രം ഇന്നും മനസ്സിലുണ്ട്. ആ അനുഭവമാണ് 'വനവാസം' എന്ന കഥയായി മാറിയത്.

? പപ്പേട്ടന്റെ മനസ്സിൽ ബാല്യത്തിന്റെ വർണചിത്രങ്ങളില്ലെന്ന് പലപ്പോഴായി പറഞ്ഞിട്ടുണ്ട്. കൂട്ടുകാരുമൊത്ത് കളിച്ചുരസിച്ച്, പൂക്കളോടും പൂമ്പാറ്റകളോടും കിന്നാരം ചൊല്ലി, ഗ്രാമനന്മകളുടെ വിശുദ്ധിയിൽ മുഴുകി, മഴവിൽ കിനാവുകൾ കണ്ട്... അങ്ങനെയൊരു പൂക്കാലം പപ്പേട്ടനുണ്ടായിരുന്നില്ലല്ലോ. ഉള്ളത് ഇല്ലായ്മകളുടെ സങ്കടക്കടൽ മാത്രം. അക്കാലത്തെക്കുറിച്ച് ഓർക്കുന്നത് എങ്ങനെ?

ശരിയാണ്. പലരും ഗൃഹാതുരതയോടെ അയവിറക്കുന്നതുപോലുള്ള നിറപ്പകിട്ടാർന്ന ഒരു ബാല്യകാലമൊന്നുമായിരുന്നില്ല എന്റേത്.

കുട്ടിക്കാലത്തെ എന്റെ ഓർമകൾ ഉണർന്നിരിക്കുന്നത് പള്ളിക്കുന്ന് ഗ്രാമത്തിനു ചുറ്റുമാണ്. നായന്മാരുടെ ഒരു അഗ്രഹാരം പോലെയായിരുന്നു എന്റെ ചെറുപ്പത്തിലെ പള്ളിക്കുന്ന്. പട്ടന്മാരുടെ മൂന്നു മഠങ്ങൾ. വാരിയന്മാരുടെയും മാരാന്മാരുടെയും കുറച്ചു വീടുകൾ. പിന്നെ, ഏതാനും കീഴ്ജാതിക്കാരും. ഇത്രയും കഴിഞ്ഞാൽ പിന്നെ മുഴുവനും നായന്മാരായിരുന്നു. സത്യത്തിൽ അന്ന് പള്ളിക്കുന്ന് ഭരിക്കുന്നത് നായന്മാരായിരുന്നു.

വലിയ കവികളും ഉണ്ടായിരുന്നു. ശങ്കരകവിയും ചെറുശ്ശേരിയും ജീവിച്ചത് ഇവിടെയായിരുന്നല്ലോ. ശങ്കരകവി ജീവിച്ചിരുന്നത് 'ശങ്കരൻകണ്ടി'യിലും ചെറുശ്ശേരി 'ചെഞ്ചേരി'യിലും. വി ഉണ്ണികൃഷ്ണൻ നായർ, കെ രൈരുനായർ തുടങ്ങിയ പണ്ഡിതർ വേറെയുമുണ്ട്.

അതൊക്കെ പഴയ കഥകളാണ്. എന്റെ കാലമാകുമ്പോഴേക്കും എല്ലാം 'ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്നു' എന്നു പറയുന്നത് പോലെയായിത്തീർന്നിരുന്നു. എല്ലാം ക്ഷയോന്മുഖമായി. ഇംഗ്ലീഷിൽ പറഞ്ഞാൽ ഒരു 'ഡെക്കേഡന്റ് സൊസൈറ്റി.'

? പപ്പേട്ടന്റെ ജീവിതവീക്ഷണത്തെ രൂപപ്പെടുത്തുന്നതിൽ ഏറ്റവും സ്വാധീനിച്ചത് അമ്മയാണെന്ന് പറഞ്ഞിട്ടുണ്ട്.

അതേ. അമ്മയാണ് എന്റെ വഴികാട്ടിയും വെളിച്ചവും. പ്രാരാബ്ധങ്ങൾക്കിടയിലും അല്ലലറിയാതെ ഞങ്ങളെ വളർത്താൻ അമ്മ വളരെ കഷ്ടപ്പെട്ടു. അയൽവീട്ടിലെ മാവിന്റെ ചാഞ്ഞ കൊമ്പിൽനിന്ന് വീട്ടുവളപ്പിലേക്ക് വീഴുന്ന മധുരം കുറഞ്ഞ മാങ്ങകൾ അമ്മ പെറുക്കിവയ്ക്കും. ഉച്ചപ്പട്ടിണിക്കാരനായ മകൻ സ്കൂൾവിട്ടെത്തുമ്പോൾ കൊടുക്കാൻ.

ഇന്നത്തെപ്പോലെ അന്ന് സ്കൂളിൽ ഉച്ചയൂണില്ല. ഉച്ചനേരങ്ങളിൽ ആവിപറക്കുന്ന ചോറുണ്ട് ക്ലാസ്സിലേക്ക് ഓടിക്കയറുന്ന, രുചിയും മണവുമുള്ള കറിക്കൂട്ടുകൾ ആസ്വദിച്ച് പരസ്പരം കൈ മണത്തു

നോക്കുന്ന കുട്ടികൾക്കിടയിൽ ഞാൻ ഒറ്റപ്പെട്ടു. സ്കൂൾ മുറ്റത്തെ കിണറിലെ വെള്ളം കോരിക്കുടിച്ച് തണുത്ത വെള്ളത്തിൽ കണ്ണീർ കഴുകി സങ്കടങ്ങൾ ഉള്ളിലാതുക്കി.

അമ്മാവന്റെ വീട് സാമാന്യം സമ്പന്നമായിരുന്നു. ഒരു ദിവസം ഉച്ചയ്ക്ക് അമ്മാവന്റെ ചെറുമക്കൾ വീട്ടിലേക്കു വിളിച്ചു. അമ്മയോട് അനുവാദം ചോദിച്ചാണ് ഞാൻ അവർക്കൊപ്പം പോയത്. ഇളയ മകനെങ്കിലും ഒരുനേരം വയറുനിറയെ ചോറുതിന്നട്ടെയെന്ന് അമ്മ കരുതി.

ആഹ്ലാദത്തോടെ അമ്മാവന്റെ വീട്ടിലേക്കു ചെന്നു. ആ വലിയ വീട്ടിലെ ഊണുമേശയിലേക്ക് ആർത്തിയോടെ നോക്കി. മുന്നിൽ ചോറും കറികളും. അമ്മാവന്റെ ചെറുമക്കളോടൊപ്പം ഊണു കഴിക്കുമ്പോൾ ഞാൻ അമ്മയെയും സഹോദരങ്ങളെയും ഓർത്തു. അവരിപ്പോൾ വിശന്നിരിക്കുകയായിരിക്കും.

മൂന്നുനാലു ദിവസം ഇങ്ങനെ വയറുനിറച്ചു കഴിച്ച് സ്കൂളിലെത്തിയപ്പോൾ എന്തെന്നില്ലാത്ത സംതൃപ്തി തോന്നി. പഠനത്തിന് പുതിയൊരു ഉന്മേഷം കിട്ടിയതുപോലെ. പക്ഷേ അത് അധികനാൾ നീണ്ടുനിന്നില്ല. എന്റെ പതിവായുള്ള ഈ വരവ് അമ്മാവന്റെ മക്കൾക്ക് അത്ര പിടിച്ചില്ല.

ഒരു ദിവസം ഉച്ചയ്ക്ക് ഞാൻ ഊണുകഴിച്ചുകൊണ്ടിരിക്കുമ്പോൾ അവർ സ്വന്തം മക്കളെ തല്ലാൻ തുടങ്ങി.

“എന്നും ഉച്ചയ്ക്കുള്ള നിങ്ങളുടെയൊക്കെ ഈ തീറ്റയുണ്ടല്ലോ, മതിയാക്കിക്കൂടേ ഈ ആർത്തി...”

ഞാൻ തരിച്ചിരുന്നുപോയി. അവരുടെമേൽ പതിച്ച ഓരോ അടിയുടെയും വേദന അനുഭവിച്ചത് ഞാനായിരുന്നു. അടികൊണ്ടത് മനസ്സിനാണെന്നു മാത്രം.

ഊണുകഴിക്കാതെ ഞാൻ തല കുനിച്ചിരുന്നു. അൽപനേരം കഴിഞ്ഞ് എഴുന്നേറ്റ് കൈ കഴുകി, വേദനയില്ലാത്ത വിധത്തിൽ കുട്ടികളെ അടിച്ച ആ അമ്മമാരുടെ മുന്നിലൂടെ ഞാൻ കീഴ്പ്പോട്ടുതന്നെ നോക്കി നടന്നുമറഞ്ഞു. അന്നു രാത്രി എനിക്ക് ഉറങ്ങാൻ കഴിഞ്ഞില്ല.

**?** ബാല്യകാലത്തെ കൂട്ടുകാർ. അവരെക്കുറിച്ച് ഇപ്പോൾ ഓർക്കാറുണ്ടോ?

എന്റെ അയൽപക്കങ്ങളിൽ പറയത്തക്ക കൂട്ടുകാരൊന്നും എനിക്ക് ഉണ്ടായിരുന്നില്ല. എന്റെ വീട്ടുപറമ്പിന്റെ കിഴക്കേ അതിരിലാണ് ജയിൽപറമ്പ്. മതിൽ കടന്നാൽ അപ്പുറം കശുമാവ് നിറഞ്ഞ വിശാലമായ ജയിൽപ്പറമ്പാണ്.

ഒഴിവുദിവസങ്ങളിൽ ഞാൻ നേരേ അങ്ങോട്ടാണ് നടക്കുക. അവിടെ ജയിൽ വാർഡന്മാരുടെ കുട്ടികളായിരുന്നു എന്റെ കളിക്കൂട്ടുകാർ. മദ്രാസ് പ്രസിഡൻസിയുടെ കീഴിലായിരുന്നു അന്ന് സെൻട്രൽ ജയിൽ. ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിൽപ്പെട്ടവരായിരിക്കും ജയിൽ സൂപ്രണ്ടുമാരായെത്തുന്നത്. സൂപ്രണ്ട് സായിപ്പ്, ജയിലർ സായിപ്പ് എന്നൊക്കെ നാട്ടുകാർ വിളിക്കും.

തമിഴരും തെലുങ്കരുമായിരുന്നു വാർഡന്മാരിലേറെയും. വലിയ വിദ്യാഭ്യാസമൊന്നുമില്ലാത്ത പാവങ്ങൾ. ഏറെയും എഴുത്തും വായനയുമറിയാത്തവർ. തുച്ഛമായ ശമ്പളത്തിന് ജോലിചെയ്യുന്നവർ. ചുണ്ടൊപ്പുവച്ചാണ് മിക്കവരും ശമ്പളം പറ്റുക. അവരുടെ മക്കളോടൊപ്പമായിരുന്നു എന്റെ കുട്ടിക്കാലം.

അവരെക്കുറിച്ച് എനിക്കിപ്പോഴും നല്ലതേ ഓർമിക്കാനുള്ളൂ. അഗ്രഹാരത്തിലെയും ജയിൽപറമ്പിലെയും ജീവിതമാണ് എന്നെ പിന്നീട് ഒരു എഴുത്തുകാരനാക്കി മാറ്റിയത്.





# പുലി പായുന്നൂ

## സച്ചിദാനന്ദൻ

പുലി പായുന്നൂ ഇടിമിന്നൽ പോൽ
വനമിതു മരതകമാകുന്നൂ
പുലിയുടെ കണ്ണുകൾ സൂര്യന്മാർ, ആ
വരകൾ ചെമ്പുമിരുമ്പും.

പുലി പായുന്നൂ, കാലുകൾ നാലും
ദിശകൾ കുലുക്കിയുണർത്തുന്നൂ
ഭയമോടിലയും മരവും ജലവും
കിടുകിടെ നിന്നുവിറയ്ക്കുന്നൂ
മുയലും മാനും പുഴയും മുകിലും
അഭയം തേടിപ്പായുന്നൂ.

വനനടുവിൽ നിന്നൊറ്റയ്ക്കാരേ
തുടി ഉച്ചത്തിൽ മുഴക്കുന്നൂ?
അവനില്ലല്ലോ തെല്ലും പേടി
മരണം മുന്നിലുലാത്തുമ്പോൾ.

മരമുകളിൽ കുടി കെട്ടിപ്പാർക്കും
അവനേ ധീരൻ വനവാസി!
പശിയുടെ നരി, പെരുമഴ, തീ, മൃതിയും
പലകുറി കണ്ടവനെന്തു ഭയം?

ചുടലയിലൊന്നും വേവാത്തവനോ
പുലിയുടെ മിന്നലിലെരിയുന്നൂ?
പുലി പായുന്നൂ തീനാളം പോൽ
തുടിയോ കടലിൻ തിര പോലെ.



വര: വെങ്കി

# എല്ലാ ലോകങ്ങളും കാണാൻ

സി രാധാകൃഷ്ണൻ



ഇത്തവണയും, നന്ദൻ അവധി ആഘോഷിക്കാൻ ഭാര്യയും മകനുമൊത്ത് തറവാട്ടുമുറ്റത്ത് കാറിൽ നിന്ന് ഇറങ്ങുമ്പോൾ ഓർത്തത് ആ ഒരു പഴയ രാത്രിയെക്കുറിച്ചാണ്. അന്നു കണ്ട സ്വപ്നമാണ് തന്നെ ആദ്യം ഒരു പൈലറ്റും പിന്നെ ആസ്ട്രനോട്ടും ആക്കിയത്.

അന്നോളം മറ്റെല്ലാ കുട്ടികളെയുംപോലെ ഒരു കുട്ടിയായിരുന്നു താനും. പത്തു വയസ്സ് തികയുന്ന പിറന്നാളിലാണ് ഇത്രയും വലിയ മാറ്റങ്ങൾക്ക് തുടക്കമായത്.

എന്നും മുത്തച്ഛൻ രാത്രി ഉറങ്ങാൻ നേരം തനിക്കു കഥകൾ പറഞ്ഞുതരാറുണ്ടായിരുന്നു. നാലു വയസ്സുള്ളപ്പോൾ തുടങ്ങിയതാണ്. ഇതിഹാസങ്ങളിലെയും പുരാണങ്ങളിലെയും പഞ്ചതന്ത്രത്തിലെയും കഥകൾ മിക്കവാറും കഴിഞ്ഞപ്പോൾ സ്വയം ഉണ്ടാക്കിയ കഥകളായി പിന്നെ. അത്തരമൊരു കഥയാണ് പിറന്നാളിന്റെ തലേന്നാൾ രാത്രി പറഞ്ഞത്. വളരെ ചെറിയ ഒരു സാരോപദേശ കഥ.

ആ കഥ ഇങ്ങനെ: കാട്ടിനകത്ത് ഒരുപാട് ഉയരമുള്ള ഒരു തേക്കുമരത്തിന്റെ ഉച്ചിയിൽ രണ്ടു പരുന്തുകൾ കൂടുകൂട്ടി താമസിച്ചിരുന്നു. ആ കൂട്ടിൽ മുട്ട വിരിഞ്ഞ് രണ്ടു കുഞ്ഞുങ്ങൾ പിറന്നു. അച്ഛൻ പരുന്തും അമ്മപ്പരുന്തും അവരെ തീറ്റിപ്പോറ്റാൻ മത്സരിച്ചു.

ഇരുകുഞ്ഞുങ്ങളും ആരോഗ്യമുള്ളവരായി വളർന്നു. അവർക്കു പറക്കാൻ പഠിക്കാനുള്ള സമയമായിത്തുടങ്ങി. അപ്പോൾ അവർ കൂട്ടിലിരുന്ന് വെറുതെ ചിറകടിക്കുന്നതു കണ്ട അമ്മപ്പരുന്ത് അവരെ താക്കീതുചെയ്തു:

“നിങ്ങൾക്ക് ശരിയായി പറക്കാറായാൽ ഞാൻ പറയാം. എന്നിട്ടേ കൂടിനു പുറത്തിറങ്ങാവൂ.”

പക്ഷേ, അമ്മ ഇരതേടി പോയപ്പോൾ താരതമ്യേന കൂടുതൽ അക്ഷമനായ കുട്ടി പെട്ടെന്ന് തോന്നിയ ആവേശത്തിൽ ചിറകടിച്ച് കൂടുവിട്ട് ഉയർന്നുനോക്കി. അവന് വായുവിൽ ഉയർന്നുനിൽക്കാൻ കഴിഞ്ഞില്ല. ഒരു വശത്തേക്ക് തെന്നി താഴേക്ക് വീണു. ഭാഗ്യത്തിന് കുറച്ചു താഴെയുള്ള ഒരു കൊമ്പിൽ പിടുത്തം കിട്ടി. അവിടെയിരുന്ന് ഉറക്കെയുറക്കെ കരയാൻ തുടങ്ങി.

അതുകേട്ട് അമ്മ പറന്നെത്തി. അനുസരണക്കേട് കാണിച്ചതിന് ശിക്ഷയായി അമ്മ അവന് ഒരു നേരം ആഹാരം കൊടുത്തില്ല. എന്നിട്ട് അമ്മ അവനെ പഠിപ്പിച്ചു:

“വായുവിൽ അവലംബമില്ലാതെ തങ്ങിനിൽക്കേണ്ടവരാണ് നാം. അക്ഷമ ഒരിക്കലും അരുത്.”





വര: അരുൺ ഗോകുൽ

ഒരാഴ്ചകൂടി കഴിഞ്ഞ് ഒരു ദിവസം അമ്മ അവനോടു പറഞ്ഞു:

''ഇനി പറന്നുനോക്ക്.''

ആദ്യം കുറച്ചു ഭയന്നു എങ്കിലും അവൻ അമ്മയെ അനുസരിച്ചു. അത്ഭുതം എന്നു പറയാം, അവൻ നിഷ് പ്രയാസം പറന്നു. അഞ്ചാറു വട്ടം കറങ്ങി മുകളിലെ കൂട്ടിൽ തിരികെവന്ന് സുരക്ഷിതനായി ചേക്കേറി.

അമ്മ മറ്റേ കുഞ്ഞിനോട് പറഞ്ഞു:

''നിനക്കും പറക്കാറായി.''

എന്നാൽ ആദ്യം പറന്ന വന്റെ ഗതി കണ്ട് ആ കുഞ്ഞ് പേടിച്ചുപോയിരുന്നു. അവൻ പറന്നില്ല.

പിറ്റേന്നും അമ്മ പ്രേരിപ്പിച്ചുനോക്കി. പറക്കാനുള്ള ധൈര്യം അവനിൽ ഉണ്ടാക്കാൻ ആ അമ്മയ്ക്ക് ഒരാഴ്ച കൊണ്ടും കഴിഞ്ഞില്ല. അങ്ങനെയാണ് അമ്മ അവസാന കൈ പ്രയോഗിച്ചത്. ഭക്ഷണം കൊണ്ടുചെന്ന് കൊടുക്കുന്നതു നിർത്തി!

വിശന്നുവലഞ്ഞപ്പോൾ അവൻ തീരുമാനിച്ചു:

''വരുന്നതു വരട്ടേ, പറക്കാൻ ശ്രമിച്ചുനോക്കുക തന്നെ.''

രണ്ടും കൽപ്പിച്ച് അവൻ പറന്നു. തുടക്കത്തിലെ ചെറിയ പ്രയാസങ്ങൾ കഴിഞ്ഞപ്പോൾ അവനു ബോധ്യമായി, തനിക്കു പറക്കാൻ കഴിയും എന്ന്. നന്നായി പറക്കാൻ വശമാക്കി എന്നു മാത്രമല്ല അവൻ പോയി ഇര തേടി വിശപ്പടക്കി തിരികെ വന്നു.

ഇത്രയും ആയിരുന്നു കഥ. കഥ കേട്ട് താൻ ചോദിച്ചു:

''ചിറകില്ലെങ്കിൽ എങ്ങനെ





പറക്കും മുത്തച്ഛാ?''

മുത്തച്ഛൻ ചിരിച്ചു:

''അതിനല്ലേ ഭാവന! സങ്കൽപ്പത്തിന്റെ ചിറകിൽ എവിടെയും പോകാമല്ലോ!''

അന്ന് കഥ കഴിഞ്ഞിട്ടും പതിവിലേറെ നേരം താൻ ഉറങ്ങാതെ കിടന്നു. അത് മുത്തച്ഛൻ മനസ്സിലാക്കി. പ്രശ്നം എന്തെന്ന് താൻ പറയുമെന്ന് മുത്തച്ഛൻ കരുതി. തിരിഞ്ഞും മറിഞ്ഞും കിടന്നു നെടുവീർപ്പിടുന്നത് കുറച്ചുനേരം നീണ്ടപ്പോൾ മുത്തച്ഛൻ ചോദിക്കുകതന്നെ ചെയ്തു:

''മോനെന്താ ഉറങ്ങാത്തത്?''

താൻ പറഞ്ഞു:

''എനിക്കൊരു പക്ഷിയായാൽ മതി. അതിന് എന്താ മാർഗം? പക്ഷിയാണെങ്കിൽ ഇഷ്ടംപോലെ ആകാശത്ത് പറക്കാല്ലോ.''

മുത്തച്ഛൻ ചിരിച്ചു:

''പറക്കാൻ മാത്രമായി പക്ഷിയാകുന്നത് വലിയ മണ്ടത്തരമാവും! കാരണം, മനുഷ്യനോളം ബുദ്ധി പക്ഷിക്ക് ഇല്ല. മാത്രമല്ല, കുറച്ച് ഉയരം വരെയേ ഏതു പക്ഷിക്കും പറക്കാനാവൂ. നിനക്ക് വിമാനത്തിലും പിന്നെ വേണമെങ്കിൽ ഒരു ഉപഗ്രഹത്തിൽപ്പോലും പറക്കാം! അന്യഗ്രഹങ്ങളിലേക്കും അവിടന്ന് അകലേക്കും, ഏതു വരെയും, പോകാം.''

ആ സങ്കൽപ്പത്തിൽ താൻ പെട്ടെന്ന് ഉറങ്ങി. പിന്നെ രാവിലെ ഉണരുംവരെ സങ്കൽപ്പവിമാനത്തിൽ ലോകം മുഴുവൻ പറന്നുനടക്കുകയായിരുന്നു.

വർഷങ്ങൾ കഴിഞ്ഞു. ഇപ്പോഴും മനസ്സിൽ ആ രാത്രിയാണ്, അന്നു നടത്തിയ സാഹസികയാത്രയും.

മുത്തച്ഛൻ വിമാനങ്ങൾ ചെല്ലാത്ത ലോകത്തിലേക്ക് പറന്നുപോയിക്കഴിഞ്ഞു. അവിടേക്ക് പോകുന്ന ഒരു വാഹനവും ഇതുവരെ ഉണ്ടാക്കാൻ ആർക്കും കഴിഞ്ഞിട്ടില്ല.

തന്റെ എട്ടു വയസ്സുകാരൻ മകൻ ഇപ്പോൾ ചോദിക്കുന്നത് അതിനെക്കുറിച്ചുള്ള ചോദ്യമാണ്:


''എല്ലാ ലോകങ്ങളും കാണാൻ എന്താണ് വഴി, ഡാഡീ?''

കവിത

# പാതാളമിപ്പോൾ സ്വർഗലോകം


ഏഴാച്ചേരി രാമചന്ദ്രൻ

പാതാളത്തിലെ വേലികളത്രയും
പാലാക്കരിമ്പിന്റെ പത്തൽകൊണ്ട്
പട്ടിക്കൂടിന്റെ മേൽക്കൂരകൾ
പത്തരമാറ്റുള്ള പൊന്നുകൊണ്ട്



കാലിക്കിടാങ്ങൾക്കുനിത്യവും ഭക്ഷണം
പാലും തേനും പഴം നുറുക്കും
പാതാളവീട്ടിൽ പടിപ്പുര കാക്കുന്ന
പട്ടിക്കുട്ടികൾ മാൻകുട്ടികൾ.

2
സ്വർണക്കഴുത്തുള്ള കഞ്ഞിക്കലത്തിലാ-
ണെന്നും പാൽക്കഞ്ഞിവേകുന്നു.
വേലകഴിഞ്ഞു മടങ്ങുമ്പോൾ കലം
ജോലിക്കാരിക്കു കൊണ്ടുപോകാം.
പാതാളത്തിലുദിച്ചസ്തമിക്കാൻ
ഓരോ ദിവസവും നാലു സൂര്യൻ.
ഓരോ സൂര്യനും നാലു മണിക്കൂർ
വേലകഴിഞ്ഞാലസ്തമിക്കാം



വര: അരുൺ ഗോകുൽ

3
എല്ലാത്തരത്തിലും പാതാളലോകത്തി-
നെന്തൊരു മാറ്റമെന്നാലോലം.
കാരണമെന്തെന്നു കണ്ടുപിടിച്ചൂ
കാണാമറയത്തെപ്പെൺകിളികൾ.
പാതാളലോകത്തിലെത്തിയ തമ്പുരാൻ
മാവേലിയെല്ലാം വെടിപ്പാക്കി.

4
പാതാളം സ്വർഗലോകത്തിനെക്കാളും
കേമത്തിലെന്നു ദിനപ്പത്രം!
നല്ലവരെങ്ങുചെന്നാലും അവിടങ്ങൾ
നന്മയ്ക്കിരിപ്പിടമാകുന്നു.

കവിത

# അമ്മ

പ്രഭാവർമ്മ



വര: അരുൺ ഗോകുൽ

നന്ദിയോടെ ഭൂമിയെ വണങ്ങുകിന്നു നാം
വന്ദനീയയായ ഭൂമി അമ്മ തന്നെയാം
നൂറു നൂറു പൂവുകൾ വിടർത്തി, ഭാവനാ–
ലോകമിങ്ങൊരുക്കി വെച്ചതമ്മ ഭൂമിതാൻ

ചൂടുകാറ്റിലൂടെ നാം തളർന്നു നീങ്ങവേ
കാട്ടുചോല നീട്ടി നിന്നതമ്മ ഭൂമിതാൻ.
വേനലിൽക്കരിഞ്ഞുണങ്ങി മാഴ്കിനിൽക്കവേ
മാരിയാൽ കുളിർ പകർന്നതമ്മ ഭൂമിതാൻ

ഏറിടും വിശപ്പിനാൽ കുഴഞ്ഞു വീഴവേ
തേൻ പഴങ്ങൾ നീട്ടി നിന്നതമ്മ ഭൂമിതാൻ
പൂക്കളും നിലാവുമുള്ള ഭൂമിയമ്മതാൻ
പാട്ടുമീണവും നിറഞ്ഞ ഭൂമിയമ്മതാൻ.

കവിത

# ആകാശമെന്ന കൂട്ടുകാരൻ

കെ ജയകുമാർ



വര: അരുൺ ഗോകുൽ

ആകാശമാണെന്റെ തോഴൻ –എല്ലാം
കാണുന്ന കൗശലക്കാരൻ.
പലവർണ്ണ വേഷം ധരിക്കും– എന്നാൽ
നീലയുടുപ്പേറെയിഷ്ടം.
സൂര്യനുദിക്കുന്ന നേരം സ്വയം
സ്വർണ്ണജലാശയം തീർക്കും.
സന്ധ്യ പടിഞ്ഞാറു വന്നാൽ പിന്നെ
സപ്തവർണ്ണങ്ങൾ പുതയ്ക്കും

ആകാശസങ്കടം പെയ്തീ ചുടു–
മണ്ണിനു വിശ്രാന്തിയേകും
രാത്രിജനാല തുറക്കും – നിന്റെ
നക്ഷത്രനിധി കണ്ടുനില്ക്കും.
രാവിന്റെ പൊയ്കയിൽ നീന്തും കേളീ–
പുഷ്പമായ് തിങ്കൾ വിളങ്ങും.

പിന്നെ പ്രഭാതത്തിലൊന്നും തീരെ
ഓർക്കാത്തപോലെ നീ നില്ക്കും.
ഞാനൊന്നു നോക്കിച്ചിരിച്ചാൽ ദൂരെ–
യെങ്കിലും നീ കൂട്ടിനെത്തും.
ഒറ്റയ്ക്കു ഞാൻ വാടി നിൽക്കേ അടു–
ത്തെപ്പൊഴും നീ ഓടിയെത്തും.
മറ്റുള്ള കൂട്ടുകാരെല്ലാം എന്നെ
വിട്ടുപോയേക്കുമെന്നാലും
നീയെന്നുമൊപ്പമുണ്ടാവും
വിട്ടുപിരിയാത്ത ചങ്ങാതിയായീ.
ആകാശമാണെന്റെ തോഴൻ
എന്നെ വിശ്വസിക്കും കൂട്ടുകാരൻ.

# വിസ്മയശാലികളായ പട്ടിയും കുട്ടിയും

**ബി മുരളി**

നഗരം കാണാൻ പോയി തിരിച്ചു ക്ഷീണിതനായി വന്ന പട്ടിയോട് കൂട്ടുകാർ ചോദിച്ചു:

''എങ്ങനെയുണ്ടായിരുന്നു?''

''ഭയങ്കര രസമായിരുന്നു.''

''എന്നിട്ടെന്താ ഒരു ക്ഷീണം?''

''ക്ഷീണമൊന്നുമില്ല. കുറേ നടന്നതുകൊണ്ടാ.'' പട്ടി പറഞ്ഞു.

''ഉള്ള വെയിലെല്ലാം കൊണ്ട് നടന്നാ ക്ഷീണിക്കത്തില്ലേ?'' അലസനായ മറ്റൊരു പട്ടി ചോദിച്ചു.

''പിന്നെ ലോകത്തുള്ള മറ്റു കാര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയണ്ടേ?'' സഞ്ചാരിയായ പട്ടി തിരിച്ചു ചോദിച്ചു.

അവന്റെ ഏറ്റവും അടുത്ത ചങ്ങാതി അന്നേരം മറ്റുള്ളവരോട് പറഞ്ഞു:

''ഇവൻ വലിയ ഉത്സാഹിയാ. ഇവിടെ കിടന്നുറങ്ങാതെ ലോകമൊക്കെ ഒന്നു കാണണം. അതുചെയ്യാതെ ഇവനെ കളിയാക്കുന്നതെന്തിനാ?''

''കളിയാക്കിയതൊന്നുമല്ല. എനിക്കങ്ങനെ നടക്കാൻ ഒരു മൂഡുമില്ല'' വേറൊരു പട്ടി പറഞ്ഞു.

''കഴിഞ്ഞ മാസം നഗരത്തിലോട്ടുള്ള വഴീലോട്ടൊന്നു



വര: രശ്മി രാഘവൻ

കേറിയേ ഉള്ളൂ. അപ്പോഴേക്കും കിട്ടി ഒന്നാന്തരം ഒരു ഏറ്.'' കാൽ തടവിക്കൊണ്ട് മറ്റൊരു പട്ടി പറഞ്ഞു.

''നഗരത്തിന്റെ തിരക്കിൽ നടക്കാൻ ചില നിയമങ്ങളൊക്കെയുണ്ട്.'' സഞ്ചാരിയായ പട്ടി പറഞ്ഞു.

''അതെന്തൊക്കെയാ?''

''ശ്രദ്ധിക്കണം ചുറ്റുപാടും. പിന്നെ, ആരും നമ്മളെ ശ്രദ്ധിക്കുകയുമൊന്നുമില്ല. എല്ലാർക്കും ഓരോരോ തിരക്കുകളാ...'' സഞ്ചാരി പറഞ്ഞു.

''പിന്നെ എനിക്ക് ഏറു കൊണ്ടതോ?'' മറ്റേയാൾ ചോദിച്ചു.

''നിനക്ക് ഇവിടെയിരുന്നാലും ഏറുകൊള്ളും. നിന്റെ സ്വഭാവമതാ.'' ചിരിച്ചുകൊണ്ട് മൂന്നാമത്തെ പട്ടി മുരണ്ടു.

ഏറുകൊണ്ട പട്ടി കുതിച്ചെണീറ്റു മറ്റവനെ കടിക്കാൻ ചാടി.

''ഞാൻ പറഞ്ഞില്ലേ... നിന്റെ സ്വഭാവം കൊണ്ടാ ഏറു കിട്ടുന്നത്.'' കടി കിട്ടാതെ മറ്റേയാൾ ചാടി മാറി.

കൂട്ടത്തിൽ മുതിർന്ന നായ എല്ലാവരോടുമായി പറഞ്ഞു:

''ആരും വഴക്കുകൂടണ്ട. ഇന്നു വൈകിട്ട് കല്യാണസദ്യയുണ്ട്. അങ്ങോട്ടുപോകാം. എല്ലാവർക്കും ബിരിയാണിയായിരിക്കും.''

''പോകാം...'' രണ്ടു മൂന്നു പേർ ഒന്നിച്ചു പറഞ്ഞു.

''എന്നാൽ സമയമുണ്ട്. അത്രേം നേരം നീ വിശേഷം പറ.'' സഞ്ചാരിയോട് മുതിർന്ന പട്ടി ചോദിച്ചു.

സഞ്ചാരി നായ മുൻകാൽ കുത്തി ഉയർന്ന് തല വെട്ടിച്ച് ഉത്സാഹത്തോടെ പറഞ്ഞു:

''ക്ഷീണിച്ചു പോയെങ്കിലും നല്ല രസമുണ്ടായിരുന്നു.''

''എവിടൊക്കെ പോയി?'' വേറൊരാൾ ചോദിച്ചു.

ഉത്സാഹത്തോടെ സഞ്ചാരി പറഞ്ഞു:

''ഇവിടെനിന്ന് വടക്കോട്ട് കേറി കുളത്തിന്റെ കരയിലെത്തി. അവിടെയൊക്കെ നിങ്ങൾ പോയിട്ടുണ്ടല്ലോ. അവിടുന്നു കേറ്റം കയറി ഉള്ളൂർ ജംക്ഷനിൽ എത്തുമ്പോഴേക്കും സംഗതി മാറി. അവിടെ റോഡ് മൊത്തം കുത്തിക്കുഴിച്ചിട്ടിരിക്കുകയാ. അതുകൊണ്ട് വണ്ടികളെല്ലാം ഭയങ്കര ബഹളം. ഹോണടി കേട്ട് ചെവിപൊട്ടും. എന്നാലും നല്ല രസമായിരുന്നു.''

''എന്നിട്ടോ?''

''ഞാൻ അവിടം വിട്ട് ആക്കുളം ഭാഗത്തേക്ക് നടന്നു.

''ഓ... വെജിറ്റേറിയനാണോ?''

പുച്ഛത്തോടെ മറ്റൊരാൾ ചോദിച്ചു.

''എന്നാലും നല്ല രുചിയാ. പാത്രം കഴുകാൻ നിൽക്കുന്ന ബംഗാളിപ്പയ്യനാ തന്നത്.''

''അതാ ഒരു കുഴപ്പം. ഞാൻ കഴിഞ്ഞ ദിവസം ഇപ്പുറത്തെ വഴീൽക്കൂടെ ഒന്നു പോയിരുന്നു. ഇവിടുത്തുകാരല്ല പലരും. ഭാഷയൊന്നും മനസ്സിലാവില്ല.'' മുതിർന്ന പട്ടി പറഞ്ഞു.

''അതൊന്നും കുഴപ്പമില്ല. പല ദേശത്തും പല ഭാഷ

**"കാഴ്ച കണ്ടു നടക്കുമ്പോ വിശപ്പറിയില്ല. പിന്നെ ഞാൻ എല്ലായിടത്തും കറങ്ങി. നല്ല തിരക്കാ. പിള്ളേരും കുറേ പേരുണ്ടായിരുന്നു. അവര് നമ്മളെ കണ്ടാൽ പേടിക്കും. അന്നേരം വലിയ ആൾക്കാർ എറിയാൻ വരും. പക്ഷേ എന്നെ അങ്ങനെ ആരും ഏറിഞ്ഞിട്ടില്ല. ഇന്നലെയും ഒരു കുഴപ്പവുമില്ലായിരുന്നു"**

അതിൽ ഒരു കാര്യമുണ്ട്. കുറച്ചൂടെ അങ്ങനെ പോയാൽ തിരിച്ചുവരാൻ വേറൊരു വഴിയുണ്ട്. പ്രശാന്ത് നഗർ കഴിഞ്ഞിട്ട്. കഴിഞ്ഞ വട്ടം ഞാൻ കണ്ടുപിടിച്ചതാ.''

''ഈ സ്ഥലമൊന്നും ഞങ്ങൾക്കറിഞ്ഞൂടാ...''

അത്രയും നേരം ചുരുണ്ടു കൂടിക്കിടന്ന ഒരു നാടൻ പട്ടി പറഞ്ഞു.

അതു ശ്രദ്ധിക്കാതെ സഞ്ചാരി തുടർന്നു:

''അങ്ങനെ നടക്കുമ്പോ ഇത്തിരി തിരക്കു കുറയും. പിന്നെ കുറേ ആക്രിക്കടകളുണ്ട്. അതിനടുത്ത് ഒരു തട്ടുകടയുണ്ട്.''

''എന്തു കിട്ടി?'' ഒരു പട്ടി തലയുയർത്തി.

''അവിടുത്തെ ഉഴുന്നുവട ഫേയ്മസാണത്രേ. എനിക്കും കിട്ടി ഒരെണ്ണം.''

യല്ലേ?'' സഞ്ചാരി നായ പറഞ്ഞു.

''വട തിന്നിട്ട് വയറു നിറഞ്ഞോ? ഞങ്ങൾക്കിവിടെ ഗംഭീര ഭക്ഷണമായിരുന്നു...'' വേറൊരാൾ സംസാരിക്കാൻ തുടങ്ങി.

സഞ്ചാരി തുടർന്നു:

''കാഴ്ച കണ്ടു നടക്കുമ്പോ വിശപ്പറിയില്ല. വട നല്ലതായിരുന്നു. പിന്നെ ഞാൻ എല്ലായിടത്തും കറങ്ങി. പുതിയ രണ്ടു മൂന്ന് തുണിക്കടകൾ തുറന്നിട്ടുണ്ട്. നല്ല തിരക്കാ. പിള്ളേരും കുറേപ്പേരുണ്ടായിരുന്നു. അവര് നമ്മളെ കണ്ടാൽ പേടിക്കും. അന്നേരം വലിയ ആൾക്കാർ എറിയാൻ വരും. പക്ഷേ എന്നെ അങ്ങനെ ആരും ഏറിഞ്ഞിട്ടില്ല. ഇന്നലെയും ഒരു കുഴപ്പവുമില്ലായിരുന്നു.''

''നിന്നെ കണ്ടാൽ വളരെ





പാവമാണെന്നു തോന്നും. അതുകൊണ്ടാ...'' മുതിർന്ന പട്ടി പറഞ്ഞു.

''എന്നിട്ട് രാവിലേ പോയതല്ലേ. ഇത്രയും വൈകിയതോ?''

''ചെറിയൊരബദ്ധം പറ്റി. കുറച്ചു കൂടുതൽ നടന്നപ്പോ ക്ഷീണം തോന്നി. നല്ല വെയിലുണ്ടായിരുന്നു. അതുകൊണ്ട് ഈ വഴിതന്നെ തിരിച്ചുവരാമെന്നു വിചാരിച്ചു. തിരിച്ചു നടന്നു. അപ്പോഴേക്കും തിരക്കു കൂടി. വൈകിട്ട് ആളുകൾ റോഡിലിറങ്ങുന്ന നേരമായിരുന്നു.''

''ഞാനും വരാം അടുത്ത തവണ...''

ചുരുണ്ടുകൂടിക്കിടന്ന നായയ്ക്ക് ഉത്സാഹം വന്നു.

സഞ്ചാരി ബാക്കി പറഞ്ഞു:

''നടന്നു നടന്നു വന്നപ്പോ എനിക്ക് നല്ല മയക്കം വന്നു. പതിവില്ലാതെ വട കഴിച്ചതുകൊണ്ടാണോ എന്നൊരു സംശയം ആദ്യം വന്നു. പിന്നെയാ മനസ്സിലായത്. ഇന്നലെ രാത്രി ഉറങ്ങീലല്ലോ. ഇവിടെ വലിയ കളിയും ബഹളവുമൊക്കെ അല്ലായിരുന്നോ? ഫുട്പാത്തിൽ കല്ലിളകിക്കിടന്ന സ്ഥലത്ത് അൽപ്പം ഒഴിവു കണ്ടു. ഇത്തിരിയൊന്ന് വിശ്രമിച്ചിട്ടുപോകാമെന്നു വിചാരിച്ച് അവിടൊന്നുകിടന്നു. മയങ്ങിപ്പോയി!''

''ആരെങ്കിലും എറിഞ്ഞുണർത്തിക്കാണും അല്ലേ?'' ഏറിനെ പേടിക്കുന്ന പട്ടി ചോദിച്ചു.

''അല്ലെടാ. ചെറിയൊരു ചമ്മൽ പറ്റി.''

''എന്താ?''

''ചെറിയൊരു ശബ്ദം കേട്ടാ ഉണർന്നത്. ഒരു പെൺകൊച്ച് പേടിച്ച് ശബ്ദമുണ്ടാക്കിയതാ. സ്കൂൾവിട്ടു വരികയായിരുന്നു കൊച്ച്. ഷൂസാണ് ഞാൻ ആദ്യം കണ്ടത്. സ്കൂൾ ബാഗും യൂണിഫോമുമൊക്കെയായി ക്ഷീണിച്ചു വിയർത്തു നടന്നുവരികയായിരുന്നു കുട്ടി. എന്നെ പെട്ടെന്നു കണ്ടപ്പോ പേടിച്ചു പോയതാ.''

''എന്നിട്ട് അതു കൂവി ഒച്ചയുണ്ടാക്കിയോ?''

മുതിർന്ന പട്ടി ചോദിച്ചു.

''സത്യത്തിൽ ഞാനാ പേടിച്ചത്. പെട്ടെന്ന് ഉണർന്നതല്ലേ? സംഭവം എന്താണെന്ന് ആദ്യം പിടികിട്ടീല്ല. ഭയങ്കര ഒച്ചയായിരുന്നു ചുറ്റും. റോഡിലൂടെ വണ്ടികളുടെ തിരക്കും കൂടിയിരുന്നു. ഞാൻ ചാടിയെണീറ്റപ്പോഴേക്കും കാല് സ്ലിപ്പായി. ഒരു കാൽ ഓടയിലോട്ടു പോയി. ചാടിപ്പിടിച്ചെണീറ്റപ്പോൾ കുട്ടി നോക്കിക്കൊണ്ടു മാറിനിൽക്കുകയായിരുന്നു. ഞാൻ കാലു വലിച്ചു നേരേ നിന്നു. പിന്നെ എഴുന്നേറ്റ് നടക്കാൻ നോക്കി. അന്നേരവും കാലു മടങ്ങിപ്പോയി. ഒരു വിധത്തിൽ പിടഞ്ഞ് ചാടി ഞാൻ സ്ഥലം വിട്ടു.''

''ഭാഗ്യം, ആരും എറിഞ്ഞില്ലല്ലോ...'' കൂട്ടുകാരൻ പട്ടി പറഞ്ഞു.

''അതൊരു പാവം കുട്ടിയായിരുന്നു. തിരിഞ്ഞു നോക്കുമ്പോ, അവൾ എന്നെ കളിയാക്കുകയാണോ എന്നു തോന്നി. എന്റെ ചമ്മൽ മാറിയില്ലായിരുന്നു. നേരം വൈകിയതുകൊണ്ട് ഞാൻ പെട്ടെന്നിങ്ങു പോന്നു.'' സഞ്ചാരി നായ പറഞ്ഞുനിർത്തി.

ഇതേസമയം പള്ളിക്കൂടത്തിൽ പോയിവന്ന പെൺകുട്ടിയുടെ വീട്ടിൽ മറ്റൊരു സംസാരം നടക്കുകയായിരുന്നു.

കുട്ടിയുടെ അച്ഛൻ ചോദിച്ചു: ''കഴിഞ്ഞ വർഷത്തെപ്പോലെ സ്കൂൾവാനിൽ പോയാൽ പോരേ? ഇങ്ങനെ ക്ഷീണിച്ചു നടന്നുവരണോ?''

കുട്ടി പറഞ്ഞു: ''ഞാൻ ലൈൻബസ്സിൽ വന്നോളം. കുറെ കൂട്ടുകാരുണ്ട്.''

കുട്ടിയുടെ അമ്മ ചോദിച്ചു: ''സ്കൂളിൽ നിന്നിറങ്ങിയാൽ തന്നെ ബസ്സു കിട്ടുമോ?''

കുട്ടി: ''കുറച്ചുനേരം ബസ്സ് സ്റ്റാൻഡിൽ ഞങ്ങൾ കാര്യം പറഞ്ഞുനിൽക്കും.''

അച്ഛൻ: ''വാനിലാണെങ്കിൽ വീട്ടുമുറ്റത്തുതന്നെ വന്നിറങ്ങാമല്ലോ. ഈ തിരക്കിനിടയ്ക്ക് ബസ്സിറങ്ങി അരകിലോമീറ്റർ നടന്നുവരണ്ടേ?

കുട്ടി: ''നല്ല രസമാ അച്ഛാ...''

ചായ കുടിച്ചുകൊണ്ടിരുന്നപ്പോ അച്ഛൻ ചോദിച്ചു:

''എന്നിട്ട് വരുമ്പോ എന്തായിരുന്നു ഇന്നത്തെ രസം?''

കുട്ടി ഉത്സാഹത്തോടെ അച്ഛനോട് പറഞ്ഞു:

''ഞാനിങ്ങോട്ട് നടന്നു വരുമ്പോ പെട്ടെന്ന് പേടിച്ചുപോയി. ഫുട്പാത്തിന്റെ മൂലയ്ക്ക് ഒരു പട്ടി കിടക്കുവായിരുന്നു. ഞാൻ ഞെട്ടിപ്പോയി. ഒച്ചയുണ്ടാക്കി പിന്നോട്ട് മാറിയപ്പോ പട്ടി ചാടിയെണീറ്റു. ഞാൻ പിന്നേം ചാടി മാറി.''

അതുകേട്ട് അച്ഛൻ പറഞ്ഞു:

''റോഡിൽ പട്ടികൾ കാണും. പറഞ്ഞിട്ടില്ലേ സൂക്ഷിച്ച് നടക്കണമെന്ന്?''

കുട്ടി: ''രസമായിരുന്നു. എന്റെ ശബ്ദം കേട്ട് പട്ടി ചാടിയെണീറ്റു. അന്നേരം അതിന്റെ കാല് സ്ലിപ്പായി ഓടയിൽ പോയി.''

കുട്ടി ചിരിക്കാൻ തുടങ്ങി. ചായ ചുണ്ടിൽനിന്ന് തെറിച്ചു.

''എന്നിട്ടോ?'' അച്ഛൻ ചോദിച്ചു.

''പട്ടി ഭയങ്കരമായി ചമ്മിപ്പോയി. അത് ചമ്മിക്കൊണ്ട് നോക്കി. എനിക്ക് ചിരി വന്നിട്ട് വയ്യായിരുന്നു.''

''എന്നിട്ട് ചിരിച്ചില്ലേ?'', അച്ഛൻ.

''ഞാൻ ചിരിച്ചില്ല. കളിയാക്കിയതെന്നു തോന്നിയിട്ട് അതുവന്നു കടിച്ചാലോ? അതുകൊണ്ട് ഞാൻ ഒന്നും മിണ്ടാതെ നടന്നിങ്ങു പോന്നു''.

ചായ കുടിച്ചു തീരും വരെയും അതിനുശേഷവും കുട്ടി പട്ടിയെ ആലോചിച്ചു ചിരിച്ചു.



കവിത

# ഓണം വരുമ്പോൾ

## എൻ എസ് സുമേഷ്കൃഷ്ണൻ

ഓണമായോണമായാരു ചൊന്നൂ
ഓണത്തിനെത്തുന്ന തുമ്പി ചൊന്നൂ
അത്തക്കളം തീർക്കാനാരു ചൊന്നൂ
ചിത്തത്തിൽ തിത്തിരിപ്പക്ഷി ചൊന്നൂ
ഊഞ്ഞാലു കെട്ടുവാനാരു ചൊന്നൂ
കാഞ്ഞിരം കാറ്റിന്റെ കാതൽ ചൊന്നൂ
സദ്യയൊരുക്കുവാനാരു ചൊന്നൂ
ആദ്യമെന്നമ്മൂമ്മയല്ലേ ചൊന്നൂ
പാട്ടുകൊരുക്കുവാനാരു ചൊന്നൂ
കൂട്ടുകാർ കൈത്താളമിട്ടു ചൊന്നൂ
പന്താടിയാർക്കുവാനാരു ചൊന്നൂ
ചന്തം തിളങ്ങുന്ന ചേച്ചി ചൊന്നൂ
തിരുവാതിരയാടാനാരു ചൊന്നൂ
ചിരുതച്ചിലങ്ക ചിരിച്ചു ചൊന്നൂ
ഓണമിൻസ്റ്റന്റായെന്നാരു ചൊന്നൂ
നാണമില്ലാ നഗരങ്ങൾ ചൊന്നൂ



വര: അരുൺ ഗോകുൽ

ചുട്ടുപൊള്ളുന്ന മനസ്സുമായി
പൊട്ടിയൊലിക്കും ശിരസ്സുമായി
പണ്ടത്തെ പൊന്നോണം മുന്നിൽ നിൽപ്പൂ
കണ്ടെന്റെ കണ്ണുകലങ്ങി നിൽപ്പൂ.

# ഏർക്കാട്

ജി ആർ ഇന്ദുഗോപൻ



വര: സുധീർ പി വൈ

പ്ലസ്ടു. പരീക്ഷാച്ചൂടിനു മുൻപേ ഒരു ടൂറു പോകാൻ വകുപ്പുണ്ട്. കാത്തിരിക്കുകയായിരുന്നു കുട്ടികൾ.

''എവിടെയാണ് പോകേണ്ടത്?'' സുബീന ടീച്ചർ ചോദിച്ചു.

സരിൻ പറഞ്ഞു:

''ഏർക്കാട്.''

ജഗനും, സുൽഫിയും സ്റ്റീവും അതുതന്നെ ആവർത്തിച്ചു:

''യേർക്കാട്.''

പിന്നാലെ ഊട്ടി, കൊടൈക്കനാൽ എന്നൊക്കെ ചിലർ പറഞ്ഞപ്പോ, പെൺകുട്ടികൾക്കിടയിൽനിന്ന് മുരളികയും ആമിനയും ഉറപ്പിച്ചു:

''യേർക്കാട് മതി ടീച്ചറേ.''

ടീച്ചർ ആകെ അങ്കലാപ്പിലായി:

''ഏർക്കാടോ, അതെവിടാ...?''

സരിൻ പറഞ്ഞു:

''അതു ടീച്ചറേ, സേലത്തുനിന്ന് ഒരു കിലോമീറ്ററേയുള്ളൂ.''

സേലം എവിടാന്ന് ചോദിക്കാൻ നാവുപൊങ്ങിയെങ്കിലും ടീച്ചർ അതടക്കി. ജ്യോഗ്രഫി പഠിപ്പിക്കുന്ന ക്ലാസ്ടീച്ചർ അത്രയ്ക്കും വിഡ്ഢിയായിക്കൂടാ. എങ്കിലും തമിഴ്നാടിന്റെ ഏതു ഭാഗത്താണ് അതെന്ന് എത്രയാലോചിച്ചിട്ടും സുബീന ടീച്ചർക്ക് എത്തുംപിടിയും കിട്ടിയില്ല.

'ങാ. ആലോചിച്ചിട്ടു പറയാം' എന്ന് തന്ത്രപൂർവം മറുപടിപറഞ്ഞ് പിൻവാങ്ങിയപ്പോഴും ടീച്ചറുടെ സംശയം മാറിയില്ല.

''എന്താടോ പുള്ളേരേ. ഇതുവരെയില്ലാത്ത ഒരു സ്ഥലം?''

സുൽഫി പറഞ്ഞു:

''യേർക്കാട് പാവങ്ങളുടെ ഊട്ടിയാ ടീച്ചറേ. ജുവൽ ഓഫ് ദി സൗത്ത്. നാഷനൽ ഓർക്കിഡേറിയം അവിടെയാണ്. മുപ്പതുതരം ഓർക്കിഡ് ഉണ്ട്. അവിടത്തെ എമറാർഡ് ലേക്ക് ബ്യൂട്ടിഫുള്ളാ.''

സുൽഫിയെ അടിമുടിയൊന്ന് നോക്കി ടീച്ചർ ചോദിച്ചു:

''നീ പോയിട്ടുണ്ടോ?''

''ഇല്ല!'' ചമ്മലോടെ സുൽഫി പറഞ്ഞു.

ടീച്ചർ ക്ലാസ്മുറിയിൽ നിന്നിറങ്ങിയപ്പോ സരിൻ പറഞ്ഞു:

''ടീച്ചർക്ക് എന്തോ സംശയം തട്ടിയിട്ടുണ്ട്.''

സ്റ്റീവ് പറഞ്ഞു:

''കറക്ടല്ലേ. ഒരു ഗൂഢാലോചന മണത്തു. ഇവൻ വിക്കിപീഡിയ മുഴുവൻ ഇത്ര പെട്ടെന്ന് തുപ്പിയതുകൊണ്ടാ... ഒറ്റ സ്ട്രെച്ചില്... ഒരു മയം വേണ്ടേടാ...''

## 2

**വെ**ളുപ്പിന് നാലു മണിക്കായിരുന്നു ബസ്. സരിൻ വന്നിട്ടില്ല. നാലേകാലായപ്പോ സരിന്റെ ഫോൺ വന്നു, സുബീന ടീച്ചർക്ക്:

''സോറി ടീച്ചർ. വീട്ടിൽ പെട്ടെന്നൊരു അത്യാവശ്യം. ഞാൻ വരുന്നില്ല.''

ടീച്ചർക്ക് വല്ലാതെ ദേഷ്യം വന്നു:

''നീയല്ലേ യേർക്കാട് പോകണമെന്ന് ആദ്യം പറഞ്ഞത്...''

സരിൻ കുറ്റബോധത്തോടെ എന്തോ പറയാൻ തുടങ്ങി. അതനുവദിക്കാതെ ടീച്ചർ ശബ്ദമുയർത്തി:

''വരാൻ തയ്യാറായി വേറെയും മൂന്നാലു പേർ ഉണ്ടായിരുന്നു. നീയിത് ആദ്യമേ പറഞ്ഞെങ്കിലോ... അവർക്ക് ഒരു അവസരമാകുമായിരുന്നു. ഇതിപ്പോ ഒരു സീറ്റ് വേക്കന്റ് ആയിട്ട്...''

''സോറി ടീച്ചർ.'' സരിൻ പറഞ്ഞു.

ദേഷ്യത്തോടെ ടീച്ചർ ഫോൺ വച്ചു.

സുബീന ടീച്ചർ കലിച്ച് പോയി മൃദുവിന്റെ അടുത്തിരുന്നു. കുറച്ചുകഴിഞ്ഞപ്പോ അവളോടു പറഞ്ഞു:

''ഓ. ഉള്ളവർ മതി. സന്തോഷമായിട്ട് പോയിട്ടു വരാം. മൃദൂ, ഹാപ്പിയായിരിക്കണം. അടിച്ചുപൊളിക്കണം.''

മൃദു പക്ഷേ അത്ര ഹാപ്പിയായിരുന്നില്ല. എങ്കിലും അവൾ തലയാട്ടി.

**ജോണി ഇറങ്ങിവന്നു. അഞ്ചു കുട്ടികൾ.**
**"എന്താ കാര്യം?" അയാൾ ചോദിച്ചു.**
**സ്റ്റീവ് പറഞ്ഞു: ''ഞങ്ങൾ മൃദുവിന്റെ ക്ലാസിൽ പഠിക്കുന്നവരാണ്."**
**അയാളൊന്നു വല്ലാതായി.**

## 3

**യേ**ർക്കാട്. നഗരത്തിൽനിന്ന് 11 കിലോമീറ്റർ അകലെ കരടിയൂർ വ്യൂ പോയിന്റ്. മനോഹരമായ ദൃശ്യം. തിരിച്ചു വരുമ്പോ കാട്ടുപോത്തുകളെ കണ്ടു. തിരിച്ച് താമസിക്കുന്ന റിസോർട്ടിലെത്തിയപ്പോ, മുരളിക പറഞ്ഞു:

''ടീച്ചർ, ഞങ്ങൾ അര മണിക്കൂർ നടന്നിട്ടു വന്നോട്ടേ.''

ടീച്ചർ പറഞ്ഞു:

''ഷോപ്പിങ്ങാണെങ്കിൽ നാളെ രാവിലെ നമ്മൾ ടൗണിൽ പോകുന്നുണ്ട്.''

ആമിന പറഞ്ഞു:

''ഷോപ്പിങ്ങിനല്ല. ഒരു ഈവിനിങ് വാക്ക്.''

ലക്ഷ്മികാന്തൻ സർ പറഞ്ഞു:

''നമുക്കുകൂടി പോകാം ടീച്ചറേ.''

സുൽഫി പറഞ്ഞു:

''വേണ്ട ടീച്ചറേ. ഞങ്ങൾ പോകുന്നത് മൃദുവിന്റെ അച്ഛനെ കാണാനാണ്. ജോണി അങ്കിളിനെ.''

ടീച്ചർ ഞെട്ടി അവനെ നോക്കി. അവർക്ക് വിവരങ്ങൾ അറിയാമായിരുന്നു.

## 4

**റി**സോർട്ടിലെ ഓഫീസിലിരിക്കുകയായിരുന്നു ജോണി അങ്കിൾ. ഒരു ബോയ് വന്നു പറഞ്ഞു:

''സർ, കുറച്ചുകുട്ടികൾ കാണാൻ വന്നിരിക്കുന്നു, കേരളത്തിൽനിന്ന്.''

ജോണി ഇറങ്ങിവന്നു. അഞ്ചു കുട്ടികൾ.

''എന്താ കാര്യം?'' അയാൾ ചോദിച്ചു.

സ്റ്റീവ് പറഞ്ഞു:

''ഞങ്ങൾ മൃദുവിന്റെ ക്ലാസിൽ പഠിക്കുന്നവരാണ്.''

അയാളൊന്നു വല്ലാതായി.

മുരളിക അയാളുടെ കൈയിൽ കയറിപ്പിടിച്ചിട്ടു പറഞ്ഞു:

''മൃദു ഞങ്ങളുടെ കൂടെയുണ്ട് അങ്കിൾ. അപ്പുറത്തെ റിസോർട്ടിൽ. അവൾക്കറിയില്ല അങ്കിൾ ഇവിടുണ്ടെന്ന്.''

ജോണി ചോദിച്ചു:

''നിങ്ങൾക്കെങ്ങനെ മനസ്സിലായി, ഞാൻ ഇവിടുണ്ടെന്ന്.''

ജഗൻ പറഞ്ഞു:

''ഓ, ഞങ്ങളൊക്കെ എപ്പഴും നെറ്റിലല്ലേ അങ്കിൾ. തപ്പണമെന്ന് കുറേ പേരു ചേർന്നു വിചാരിച്ചാ, തപ്പിയെടുക്കാനാണോ പാട്. അങ്കിൾ ഞങ്ങളുടെ കൂടെ വരണം.''

ജോണി പറഞ്ഞു:





''ഇല്ല. നിങ്ങളു പോ.''

ആമിന പറഞ്ഞു:

''അങ്കിൾ വരണം. വന്നേ പറ്റൂ. മൃദുവിനും അമ്മയ്ക്കും അങ്കിളിനെ ഭയങ്കര ഇഷ്ടമാ. അങ്കിളിന്റെ വാശിയും പിണക്കവുമാ ഭയങ്കരം. നമ്മള് പിണങ്ങിയിരുന്നാ, ഓരോ ദിവസം കഴിയുന്തോറും അകന്നോണ്ടിരിക്കും അങ്കിൾ.''

മുരളിക പറഞ്ഞു:

''അപ്പോ മീഡിയേറ്റു ചെയ്യാനൊന്നും ആരും കാണില്ല അങ്കിൾ. എല്ലാർക്കും തിരക്കാ. ഇതിങ്ങനെ പോകും. ഇപ്പം മൃദുവിനും ആന്റിക്കും അങ്കിളിനെ വേണം. മൃദുവിന്റെ അമ്മ എത്ര വിഷമിക്കുന്നുണ്ടെന്നറിയുമോ. അവളും അങ്ങനെ തന്നെ. ആന്റിയെ ഞാൻ വിളിച്ചുതരാം.''

ജോണി കർക്കശമായി പറഞ്ഞു:

''വേണ്ട.''

## 5

**പി**റ്റേന്ന് വണ്ടി റിസോർട്ടിൽ നിന്നെടുത്ത് അര കിലോ മീറ്റർ കഴിഞ്ഞപ്പോ ഒരാൾ കൈ കാണിക്കുന്നത് ലക്ഷ്മി കാന്തൻ സർ കണ്ടു. ഡ്രൈവർ സ്ലോ ചെയ്തു. സർ പറഞ്ഞു:

''വേണ്ട. അപരിചിതര് കൈകാണിച്ചാ നിർത്തണ്ട.''

ഡ്രൈവർ വണ്ടി ചവിട്ടിയിട്ട് പറഞ്ഞു:

''അപരിചിതനല്ല. ഇതിലെ ഒരാളുടെ അച്ഛനാണ്.''

മുരളിക പറഞ്ഞു:

''താങ്ക്യൂ ഡ്രൈവർ അങ്കിൾ.''

ലക്ഷ്മികാന്തൻ എന്താണെന്ന് മനസ്സിലാകാതെ നോക്കിയപ്പോ, സുബീന ടീച്ചർ എഴുന്നേറ്റിട്ടു പറഞ്ഞു:

''സർ, ഇവിടെ, ഇവിടെ ഇരിക്കാം.''

പപ്പയെ അന്നേരമാണ് മൃദു കണ്ടത്. അവൾ അദ്ഭുതത്തോടെ നോക്കുമ്പോ, പപ്പ വന്ന് അവളുടെ അടുത്തിരുന്നു. അവൾ മെല്ലെ കരഞ്ഞുകൊണ്ട് അയാളുടെ തോളിലേക്ക് വീണു പറഞ്ഞു:

''എന്തിനാ പപ്പാ, ഞങ്ങളെ വിട്ട്...''

അയാൾക്കും കരച്ചിൽ വരുന്നുണ്ടായിരുന്നു.


ജഗൻ ടീച്ചറിനോടു വിളിച്ചുപറഞ്ഞു:

''സരിൻ അവസാന നിമിഷം വരാത്തതെന്താണെന്ന് ടീച്ചർക്കിപ്പോ മനസ്സിലായോ?''

ചില കുട്ടികൾക്ക് ഒന്നും മനസ്സിലായില്ല. ടീച്ചർക്ക് എല്ലാം മനസ്സിലായി. ലക്ഷ്മി കാന്തൻ സാറിന് മനസ്സിലായിത്തുടങ്ങിയപ്പോഴേക്കും വണ്ടി നല്ല വേഗത്തിലായിക്കഴിഞ്ഞിരുന്നു.

# നിയമങ്ങൾ പാലിക്കാത്ത കുട്ടി

പള്ളിയറ ശ്രീധരൻ



വര: അരുൺ ഗോകുൽ

നിയമത്തിന്റെ മുൻപിൽ എല്ലാവരും തുല്യരാണ് എന്നു പറയപ്പെടുന്നു. അതായത് നിയമങ്ങൾ എല്ലാവരും പാലിക്കണമെന്നാണ് ചട്ടം. പക്ഷേ ചില നിയമമെങ്കിലും ചില വിഭാഗങ്ങൾ പാലിക്കാറില്ല.

സംഖ്യകളിലും കാണാം ഇങ്ങനെ നിയമം പാലിക്കാത്തവർ. ഇങ്ങനെ നിയമം പാലിക്കാത്ത സംഖ്യകളിൽ പ്രധാനിയാണ് പൂജ്യം. അക്കങ്ങളിൽ ഏറ്റവുമൊടുവിൽ കണ്ടുപിടിക്കപ്പെട്ടതാണ് പൂജ്യം. അതിനാൽ അക്കങ്ങളിലെ കുട്ടി ആയി പൂജ്യത്തെ വിശേഷിപ്പിക്കാം. ഇതാ ചില നിയമനിഷേധങ്ങൾ.

1. ഒരു സംഖ്യയെ പൂജ്യം ഒഴികെ മറ്റേതൊരു സംഖ്യ കൊണ്ടും ഹരിക്കാം. പക്ഷേ ഒരു സംഖ്യയെ പൂജ്യം കൊണ്ട് ഹരിക്കാൻ പറ്റില്ല.

2. പൂജ്യം ഒഴികെ ഏതൊരു സംഖ്യയും മറ്റൊരു സംഖ്യയുടെ കൃത്യങ്കമായി വന്നാൽ സംഖ്യ അനുസരിച്ച് ഫലം വ്യത്യസ്തമായിരിക്കും.

$3^2=9$, $5^2=25$, $12^2=144$

പക്ഷേ,

$3^0=1$, $5^0=1$, $12^0=1$

3. ഒരു സംഖ്യയോട് 0 ഒഴികെ മറ്റേതൊരു സംഖ്യ കൂട്ടിയാലും ഫലം വ്യത്യസ്തമായിരിക്കും. പക്ഷേ ഒരു സംഖ്യയോട് പൂജ്യം കൂട്ടിയാൽ ഫലത്തിന് മാറ്റമില്ല.

4. ഒരു സംഖ്യയിൽ നിന്നു പൂജ്യം ഒഴികെ മറ്റൊരു സംഖ്യ കുറച്ചാലും ഫലം വ്യത്യസ്തമായിരിക്കും. പക്ഷേ ഒരു സംഖ്യയിൽനിന്നു 0 കുറച്ചാൽ സംഖ്യയ്ക്കു മാറ്റമുണ്ടാകില്ല.

5. സാധാരണയായി സംഖ്യകൾ എല്ലാം പോസിറ്റീവോ നെഗറ്റീവോ ആയിരിക്കും. പക്ഷേ പൂജ്യം നെഗറ്റീവോ പോസിറ്റീവോ അല്ല.

ഭാരതീയർ കണ്ടുപിടിച്ച ഈ അത്ഭുതസംഖ്യയ്ക്ക് ഇംഗ്ലീഷുകാർ അവരുടെ നിഘണ്ടുക്കളിൽ അക്കങ്ങളുടെ ഏറ്റവും ഒടുവിലാണ് സ്ഥാനം നൽകിയിട്ടുള്ളത്.

palliyarasreedharan@gmail.com

# കോബ്രമോൻ

ഡോ. കെ ശ്രീകുമാർ



വര: ബാസി മറിയം

തലതെറിച്ച പിള്ളേർക്ക് ഉദാഹരണമായി ഫ്ളാറ്റുവാസികൾ ചൂണ്ടിക്കാണിച്ചിരുന്നത് ആ കുട്ടിയെയായിരുന്നു.

സ്പ്രിങ്‌പോലെ ചുരുണ്ട മുടി, ചെമ്പിച്ച ഊശാൻതാടി, രണ്ടുകൈത്തണ്ടയിലും കറുത്തതും ചുവന്നതുമായ ചരടുകൾ, കഴുത്തിൽ കുരിശുമാല, ഇരുതോളിലും ഫാന്റത്തിന്റെ പച്ചകുത്തിയ ചിത്രങ്ങൾ. പോരെങ്കിൽ 'കോബ്ര' യെന്ന വിളിപ്പേരും.

പതിമൂന്നു നിലയുള്ള പടുകൂറ്റൻ ഫ്ളാറ്റിന്റെ ഏറ്റവും മുകളിലെ നിലയിലാണ് അവന്റെ ഫ്ളാറ്റ്. മാതാപിതാക്കൾ വിദേശത്തെവിടെയോ മുന്തിയ ബിസ്സിനസ്സുകാരാണ്. അവർ മാസാമാസം അവന്റെ അക്കൗണ്ടിലേക്ക് വൻതുക അയച്ചുകൊടുത്തിരുന്നു. ആ പണം യഥേഷ്ടം ചിലവഴിച്ച് അവനൊറ്റയ്ക്ക് അവിടെ കഴിഞ്ഞു. ഇടയ്ക്ക് അവന്റെ ചില ചങ്ങാതിമാർ വരും. പാട്ടും കൂത്തുമായി രണ്ടു മൂന്നു നാൾ അവിടെ തങ്ങും. പിന്നെ, വന്നപോലെ മടങ്ങിപ്പോവുകയും ചെയ്യും.

തൊട്ടടുത്ത ഫ്ളാറ്റിലുള്ളവർക്കുപോലും അവനെയോ അവന്റെ അച്ഛനെയോ പരിചയമുണ്ടായിരുന്നില്ല. ബർമൂഡയും ടീഷർട്ടുമിട്ട്, കഴുത്തിലും കാതിലുമെല്ലാം ഓരോ വള്ളികൾ 'ഫിറ്റു' ചെയ്ത് പരിസരബോധമില്ലാതെ നടക്കുന്ന അവനിൽ നിന്ന് അയൽക്കാരെല്ലാം അകലം പാലിച്ചു.

''ആ കോബ്രയുടെ കൺമുമ്പിലൊന്നും പോവണ്ട കേട്ടോ...''

ഗൃഹനാഥന്മാർ മക്കൾക്ക് മുന്നറിയിപ്പുനൽകി. അവന്റെ ഫ്ളാറ്റിൽ അവിഹിതമായി എന്തൊക്കെയോ നടക്കുന്നുണ്ടെന്ന് അവർ പറഞ്ഞുപരത്തി. കുട്ടികളും അവനെ കാണുമ്പോഴെല്ലാം മാറിനടക്കാൻതുടങ്ങി.

അതിനിടെയാണ് ഒരു നാൾ പെട്ടെന്നു മഴ പെയ്യാൻ തുടങ്ങിയത്. ചെറിയ ചാറ്റലായിട്ടായിരുന്നു തുടക്കം. വേഗം പെയ്തൊഴിയുന്ന മഴയെന്നേ എല്ലാവരും കരുതിയുള്ളൂ. ഫ്ളാറ്റിന്റെ പൂമുഖത്ത് വന്നിരുന്ന് അടുത്തുള്ള പുഴയിലേക്ക് മഴത്തുള്ളികൾ പൊഴിയുന്നത് ചിലർ കാല്പനിക ഭംഗിയോടെ ആസ്വദിക്കുകയും ചെയ്തു.

എന്നാൽ വിചാരിച്ചപോലെയായിരുന്നില്ല കാര്യങ്ങളുടെ പോക്ക്. അനുനിമിഷം മഴയുടെ ശക്തി കൂടിക്കൂടിവന്നു. തുള്ളിക്കൊരുകുടമെന്നപോലെയായി മഴപ്പെയ്ത്ത്. ഇടിയും മിന്നലും കാറ്റും മഴയ്ക്കൊപ്പം ഭീതിവിതച്ചു. ബംഗാൾ ഉൾക്കടലിൽ രൂപംകൊണ്ട ന്യൂനമർദം കേരളത്തിന്റെ തീരത്തേക്ക് അടുക്കുകയാണെന്നും മഴ അടുത്ത ദിവസങ്ങളിൽ ശക്തിയാകു

മെന്നും കാലാവസ്ഥാവകുപ്പിന്റെ മുന്നറിയിപ്പിൽപ്പറഞ്ഞു.

കേരളമെങ്ങും 'റെഡ് അലർട്ട്' പ്രഖ്യാപിച്ചു. രാപകൽ ഭേദമില്ലാതെ മഴ കോരിച്ചൊരിഞ്ഞു. പുഴ കവിഞ്ഞൊഴുകി. വെള്ളം ഫ്ളാറ്റിന്റെ ആദ്യനിലയിലേക്കെത്തി. അന്തേവാസികൾ പെട്ടിയും ഭാണ്ഡങ്ങളുമായി മുകളിലത്തെ നിലകളിലേക്ക് താമസംമാറ്റി. വെള്ളം രണ്ടുമൂന്നു നിലകളെ മുക്കി വീണ്ടും മേലോട്ടുയർന്നു. വൈദ്യുതിബന്ധവും ടെലഫോൺബന്ധവും പലയിടത്തും തടസ്സപ്പെട്ടു. ഫ്ളാറ്റുവാസികൾക്ക് പ്രതീക്ഷ നഷ്ടമായി. ബഹുനിലക്കെട്ടിടം ഏതുനിമിഷവും നിലംപൊത്തിയേക്കാമെന്ന് അവർ ഭയപ്പെട്ടു.

പക്ഷേ കോബ്രോയുടെ അതിവിശാലമായ ഫ്ളാറ്റ് ഏവർക്കുമായി തുറന്നുകൊടുത്തു. വൃദ്ധരുൾപ്പെടെ നിരവധിപേർ അവിടെ അഭയം തേടി. അവരെ സമാധാനിപ്പിച്ചുകൊണ്ട് അവൻ പറഞ്ഞു:

"നിങ്ങൾ സമാധാനമായിരിക്കൂ. പേടിച്ചതുകൊണ്ട് നമുക്കൊന്നും ചെയ്യാനില്ല. നമ്മൾ ഒരുമിച്ചുനിന്നാൽ ഈ പ്രതിസന്ധിയെ അതിജീവിക്കാനാവും."

കോബ്രയുടെ ഈ മുഖം അവർക്ക് അപരിചിതമായിരുന്നു. മറ്റു ഫ്ളാറ്റുകളിലെ യുവാക്കളും യുവതികളും അവർക്കൊപ്പംകൂടി. അവർ മൊബൈൽ ഫോണുകളിലൂടെയും മറ്റു സാങ്കേതികവിദ്യകളിലൂടെയും ഫ്ളാറ്റിലെ അവസ്ഥ അധികൃതരെ ധരിപ്പിച്ചുകൊണ്ടിരുന്നു. വൈദ്യുതി ഇല്ലാതെയും ഫോണുകൾ ചാർജുചെയ്യാനുള്ള സംവിധാനവും അവരൊരുക്കി. പ്രളയദുരിതാശ്വാസകേന്ദ്രത്തിലേക്കും സർക്കാരിന്റെ ഹെൽപ്പ്സെന്ററുകളിലേക്കും സന്ദേശങ്ങൾ ഒഴുകിയെത്തി. ഫ്ളാറ്റിന്റെ ഗുരുതരാവസ്ഥയുടെ യഥാർഥ ചിത്രങ്ങളും അവിടെ കുടുങ്ങിയ അന്തേവാസികളുടെ എണ്ണവുമെല്ലാം അവർ സൈന്യത്തിന് അയച്ചുകൊടുത്തു.

എല്ലാവരുടെയും ഭക്ഷണശേഖരം മുഴുവനും തീർന്ന സമയമായിരുന്നു അത്. കോബ്രയുടെ സന്ദേശം ലഭിച്ച സൈന്യം ഹെലികോപ്റ്ററിൽ ഫ്ളാറ്റിലെത്തി ഭക്ഷണപ്പൊതികൾ ഇട്ടുകൊടുത്തു. ഈ പൊതികൾ എല്ലാവർക്കും കിട്ടിയെന്ന് ഉറപ്പുവരുത്താനും അവൻ മറന്നില്ല. മറ്റു ചെറുപ്പക്കാരും സേവനപ്രവർത്തനങ്ങളിൽ അവന്റെ വലംകൈയായി നിന്നു.

നിഷേധികളെന്ന് അടച്ചാക്ഷേപിച്ച മുതിർന്നവർക്ക് വെറും നോക്കുകുത്തികളായി നിൽക്കാനേ കഴിഞ്ഞുള്ളൂ. യുവതലമുറയെ കാര്യമറിയാതെ കുറ്റപ്പെടുത്തിയതിൽ അവർ പശ്ചാത്തപിച്ചു.

കോബ്രയുടെ സന്ദേശത്തെത്തുടർന്ന് സംഗതിയുടെ ഗൗരവം സൈന്യത്തിനു ബോധ്യപ്പെട്ടു. സൈന്യത്തിന്റെ ഹെലികോപ്റ്ററുകൾ ഫ്ളാറ്റിനു മുകളിൽ താഴ്ന്നു പറന്ന് മുതിർന്നവരെ ആദ്യവും മധ്യവയസ്കരെ പിന്നീടും 'എയർ ലിഫ്റ്റിങ്ങി'ലൂടെ രക്ഷപ്പെടുത്തി അഭയാർഥികേന്ദ്രത്തിലെത്തിച്ചു.

യുവാക്കളുടെ ഊഴമായിരുന്നു പിന്നീട്. യുവാക്കളും കുഞ്ഞുങ്ങളുമെല്ലാം സുരക്ഷിതരായി താഴെയെത്തിയെന്ന് അവൻ ഉറപ്പാക്കി. അന്തേവാസികളിൽ ഒരാൾക്കു മാത്രം രക്ഷപ്പെടാൻ കഴിഞ്ഞില്ലെങ്കിൽ അത് താനാവട്ടെയെന്ന് അവൻ ഉറപ്പിച്ചിരുന്നു.

അങ്ങനെ അവസാനത്തെയാളായി കോബ്രയും രക്ഷപ്പെട്ടു.

അഞ്ചാംനാൾ മഴയുടെ ശക്തികുറഞ്ഞു. ജലനിരപ്പ് കുറേശ്ശ താഴാൻ തുടങ്ങി. അഭയാർഥിക്യാമ്പിലെത്തിയവരുടെ നെഞ്ചിടിപ്പിനും കുറവുണ്ടായി. ക്യാമ്പിൽ മുടങ്ങാതെ ഭക്ഷണവും വസ്ത്രങ്ങളുമെത്തിക്കുന്നതിനും കോബ്രയും കൂട്ടുകാരും മുൻകൈയെടുത്തു. അവനെ തങ്ങളുടെ രക്ഷകനായി അവർ കണ്ടു.

"മോനേ, നീയില്ലായിരുന്നെങ്കിൽ ഞങ്ങളാരും ഇന്ന് ജീവിച്ചിരിക്കില്ലായിരുന്നു."

ഒരു വൃദ്ധ അവനെ ചേർത്തുനിർത്തി പറഞ്ഞു. വെള്ളമിറങ്ങി ഏവരും ഫ്ളാറ്റിലേക്ക് തിരിച്ചുപോയപ്പോൾ അവരുടെയെല്ലാം 'കോബ്രാമോനാ'യി അവനുമുണ്ടായിരുന്നു.

ചങ്കൂറ്റമുള്ള പിള്ളേർക്ക് ഉദാഹരണമായി അന്നുമുതൽ ഫ്ളാറ്റുവാസികൾ ചൂണ്ടിക്കാണിച്ചത് അവനെയായിരുന്നു.

**വെള്ളം ഫ്ളാറ്റിന്റെ ആദ്യനിലയിലേക്കെത്തി. അന്തേവാസികൾ പെട്ടിയും ഭാണ്ഡങ്ങളുമായി മുകളിലത്തെ നിലകളിലേക്ക് താമസംമാറ്റി. വെള്ളം രണ്ടുമൂന്നു നിലകളെ മുക്കി വീണ്ടും മേലോട്ടുയർന്നു. വൈദ്യുതി ബന്ധവും ടെലഫോൺബന്ധവും പലയിടത്തും തടസ്സപ്പെട്ടു. ബഹുനിലക്കെട്ടിടം ഏതുനിമിഷവും നിലംപൊത്തിയേക്കാമെന്ന് അവർ ഭയപ്പെട്ടു.**

# ബംഗാളി മാമൻ

കെ പി സുധീര



വര: സചീന്ദ്രൻ കാറഡ്ക്ക

കാലത്ത് ഉറക്കമുണർന്ന് മുറ്റത്തിറങ്ങുമ്പോൾ ആദ്യം കാണുന്നത് ബംഗാളിമാമന്റെ മുഖമാണ്.

"ഭേട്ടാ, കൈസാ ഹേ?"

വെറ്റില മുറുക്കിയും ബീഡി വലിച്ചുമാണത്രേ അയാളുടെ ചുണ്ടിലും പല്ലിലും ഇത്ര മാത്രം കറ. അച്ഛമ്മ പറഞ്ഞ അറിവാണ്.

എന്നാലും ബംഗാളി മാമന്റെ ചിരി ആദിക്ക് ഇഷ്ടമാണ്. കാരണം അത്ര തെളിഞ്ഞ് ആദിയോട് ആരും ചിരിച്ചിട്ടില്ല. ബംഗാളി മാമന് മലയാളം അറിയാം. എന്നാലും എപ്പോൾ കണ്ടാലും ചോദിക്കും:

"ഭേട്ടാ, കൈസാ ഹെ?"

ആദിക്ക് സുഖമാണോ എന്ന്! ആരും ആദിയോട് ചോദിച്ചിട്ടില്ലാത്ത ചോദ്യം.

ആദിയോട് സംസാരിക്കാൻ ആർക്കും നേരമില്ല. അച്ഛമ്മക്ക് അടുക്കളയിൽ ജോലിക്കാർക്ക് നിർദേശം കൊടുക്കണം – പറമ്പിൽ അഞ്ചാറുപേർ പണിയുന്നുണ്ട്. പണിക്കുവന്ന ആളുകൾക്ക് ഭക്ഷണം ഉണ്ടാക്കൽ. ഉച്ചയൂണ് കഴിഞ്ഞാൽ പിന്നെ അച്ഛമ്മ ടിവി സീരിയലുകൾ കാണും. പറമ്പിൽ ഒരു ഔട്ട് ഹൗസ് പണിയുകയാണ്. അച്ഛൻ യു കെയിൽനിന്നു വന്നാൽ ചങ്ങാതിമാർക്കൊപ്പം കൂടാനാണത്രേ!

ബംഗാളി മാമൻ ജോലി ചെയ്യുന്ന ഇടത്ത് ഒരു കല്ലിൽ ആദി ചെന്നിരുന്നു.

"അയ്യോ ഭേട്ടാ, താഴെ പഴുതാരയും തേരട്ടയുമൊക്കെ ഉണ്ടാകും. ചെരുപ്പ് ഇടാതെ നടന്നാൽ നാനി വഴക്കുപറയില്ലേ?"

ബംഗാളി മാമന്റെ ഹിന്ദി കലർന്ന മലയാളം കേൾക്കാൻ നല്ല രസമാണ്.

"അതൊന്നും സാരമില്ല ബംഗാളി മാമാ. എപ്പോഴാ മാമൻ നാട്ടിൽ പോകുന്നത്?'

"അതോ ഭേട്ടാ, ഞാൻ വെസ്റ്റ് ബംഗാളിലേക്ക് അടുത്തയാഴ്ച പോകും. പിന്നെ രണ്ടുമാസം അവിടെ. മാമന്റെ മോനും മോളും ബീവിയും എല്ലാം കാത്തിരിപ്പാണ്. മൂന്ന് കൊല്ലായി നാട്ടിൽ പോയിട്ട്. സമ്പാദിച്ച പൈസകൊണ്ട് ഒരു ചെറിയ വീടുണ്ടാക്കണം. അതിനാണ് മാമൻ ഇത്ര പാടുപെടുന്നത്. ഞായറാഴ്ച പോലും മാമന് വിശ്രമമില്ല. അവിടെ ചെറിയ വീടുണ്ട്. ചുമരിനു പകരം തകരമാണ്. മഴപെയ്താൽ വീട്ടിലാകെ വെള്ളമാണ്. ചോർച്ചയില്ലാതെ ഭാര്യക്കും മക്കൾക്കും ഒന്നു കിടക്കണം."

"മാമന്റെ മക്കൾടെ പേരെന്താ?"

"മൂത്തത് മകളാണ്. ഫോസിയ, രണ്ടാമൻ ഫിറോസ്."

''ബീവിടെ പേരെന്താ?''

''റസിയ. അവള് ഒരുപാട് സാധനങ്ങൾ വാങ്ങാനുള്ള ലിസ്റ്റ് തന്നിട്ടുണ്ട്. എന്നാൽ ബോസ് പൈസ തന്നിട്ടില്ല. പൈസ ഇല്ലാതെ എങ്ങനെ വാങ്ങും അതൊക്കെ? ഇപ്പഴേ വാങ്ങിത്തുടങ്ങണം.''

''ദുബായീന്നല്ലല്ലോ മാമൻ പോണത്? കേരളത്തീന്നല്ലേ?''

മാമൻ കറുത്ത പല്ലുകൾ കാട്ടി വെളുക്കെ ചിരിച്ചു.

''ബംഗാളികളുടെ ദുബായ് അല്ലേ ബേട്ടാ കേരളം? പക്ഷേ ബോസ് പൈസ തരുന്നില്ലല്ലോ.''

ബംഗാളി മാമന്റെ മുഖത്ത് നിരാശയുടെ കരിമേഘങ്ങൾ ഉരുണ്ടുകൂടുകയാണ്.

ബോസെന്ന് പറയുന്നത് ആദിയുടെ അച്ഛന്റെ ചങ്ങാതിയാണ്. രോഹിത് അങ്കിൾ. അയാളാണ് കരാറെടുത്തു പണിചെയ്യിക്കുന്നത്. ഇന്ന് രാത്രി അമ്മ യുകെയിൽ നിന്ന് വിളിക്കും. അപ്പോൾ ചോദിച്ചാലോ മാമന് പണം കൊടുക്കാൻ?

''ബംഗാളി മാമാ, അമ്മയോട് പറഞ്ഞു വാങ്ങിത്തരട്ടേ പൈസ?''

''അതൊന്നും വേണ്ട ബേട്ടാ. ബോസിന്റെ കൈയില് മൂന്ന് കൊല്ലത്തെ പൈസ ഉണ്ട്. എല്ലാം ഞാൻ എഴുതിവച്ചിട്ടുണ്ട്. ഞങ്ങളെല്ലാം ബോസിനു വേണ്ടി പണിചെയ്യുകയാണ്. എന്നാൽ ആരും പൈസ വാങ്ങാറില്ല. നാട്ടിൽ പോകുമ്പോഴാണ് പൈസ വേണ്ടത്. ഇടയ്ക്ക് മാസത്തിലൊരിക്കൽ അരി വാങ്ങാൻ മാത്രം കുറച്ചു പൈസ വാങ്ങും.''

ഒരു കൂറ്റൻ കാർ മുറ്റത്ത് വന്നുനിന്നു. തറ തീർക്കാനുള്ള മണ്ണ് ഇടിച്ചുനിരത്തുന്ന ബംഗാളി മാമൻ പണി നിർത്തി, രോഹിത് അങ്കിളിനെ നോക്കി ചിരിച്ചു.

''തറയുടെ പണി ഈയാഴ്ച തീരില്ലേ റസാക്കേ? മൂന്നാം മാസം ഇവന്റെ അച്ഛൻ വരുമ്പോഴേക്കും പണി തീരണം.''

ബംഗാളി മാമൻ കൈയിൽ പറ്റിയ പൊടിയും മണ്ണും രണ്ടു കൈയും കൂട്ടി തുടച്ച് എഴുന്നേറ്റു. അയാളുടെ കീറിയ ബനിയനിലേക്ക് ആദി സങ്കടത്തോടെ നോക്കി.

''അപ്പോ ബോസ് മറന്നോ, ഞാൻ അടുത്ത തിങ്കളാഴ്ചത്തേക്ക് നാട്ടീ പോവാൻ ടിക്കറ്റ് ബുക്കുചെയ്തത്? ബോസിന്റെ കൈയിലുള്ള എന്റെ പൈസ 5ലക്ഷം രൂപ നാളെ കയ്യിൽ തരണം. കുറേ സാധനങ്ങള് വാങ്ങാനുണ്ട്. മൂന്ന് കൊല്ലായില്ലേ നാട്ടീ പോയിട്ട്?''

''ഹി, ഹി''

രോഹിത് അങ്കിൾ കുലുങ്ങിച്ചിരിച്ചു. അയാളുടെ കുട്ടിക്കുടവയറും കൂടെ  കുലുങ്ങിച്ചിരിച്ചു.

''നീ തമാശ പറയല്ലേ റസാക്ക് – ഞാൻ എവിടുന്നാ അഞ്ചുലക്ഷം തരുന്നത്? കയ്യീ പൈസ വേണ്ടേ? വല്ല അഞ്ചോ പത്തോ ആയിരം വേണെങ്കി സംഘടിപ്പിക്കാം.''

''പണിയെടുത്ത പൈസയാ ബോസ് ഞാൻ ചോദിച്ചത്. മുഴുവനും കിട്ടണം.''

ബംഗാളി മാമന്റെ സ്വരം ചിലമ്പിച്ചു.

''നിനക്ക് അടുത്ത ആഴ്ച നാട്ടിൽ പോകാൻ ഒക്കില്ല. ഔട്ട് ഹൗസിന്റെ പണി തീർക്കണം. നാട്ടിലേക്ക് നിനക്ക് ഞാൻ വേറെ ടിക്കറ്റ് എടുത്തു തരും.''

''അയ്യോ പറ്റില്ല ബോസ്. ഫോസിയ മോൾക്ക് എന്നും ശ്വാസം മുട്ടലാണ്. പൊടിക്കാറ്റും തണുപ്പും കാരണം ആ വീട്ടിൽ അവർക്ക് പറ്റുന്നില്ല. ബീവിക്കും സുഖമില്ല, ഡോക്ടറെ കാണിക്കണം. ഒരു ചെറിയ വീട് വെയ്ക്കണം. അല്ലാതെ മറ്റൊന്നും പറയാനില്ല. ബോസ് പൈസ തന്നേ പറ്റൂ.''

**"നിനക്ക് അടുത്ത ആഴ്ച നാട്ടിൽ പോകാൻ ഒക്കില്ല. ഔട്ട് ഹൗസിന്റെ പണി തീർക്കണം. "**
**"പണിയെടുത്ത പൈസയാ ബോസ് ഞാൻ ചോദിച്ചത്. മുഴുവനും കിട്ടണം. ഫോസിയ മോൾക്ക് എന്നും ശ്വാസം മുട്ടലാണ്. പൊടിക്കാറ്റും തണുപ്പും കാരണം ആ വീട്ടിൽ അവർക്ക് പറ്റുന്നില്ല. ബീവിക്കും സുഖമില്ല, ഡോക്ടറെ കാണിക്കണം. ഒരു ചെറിയ വീട് വെയ്ക്കണം. അല്ലാതെ മറ്റൊന്നും പറയാനില്ല. ബോസ് പൈസ തന്നേ പറ്റൂ."**

രോഹിത് അങ്കിൾ ചിരിച്ചു.

''ശരി. ഞാനും പറഞ്ഞു കഴിഞ്ഞു. കമ്പി, സിമന്റ്, മെറ്റൽ, മണൽ ഇതെല്ലാം എടുക്കാനുള്ള പൈസ അവർ അയച്ചിട്ടുണ്ട്. നീ ആ ചെക്ക് മാറി പൈസ കെ സി അസോസിയേറ്റ്സിൽ ഏൽപ്പിക്കണം. എനിക്ക് മോന്റെ സ്കൂളിൽ പി റ്റി എ മീറ്റിംഗ്. ഞാൻ പോയ്‌വരാം. ആറ് ലക്ഷത്തിന്റെ ചെക്കാണ്. വേഗം പൈസ കൊണ്ടുക്കൊടുക്ക്.''

ചെക്ക് വാങ്ങി ബംഗാളി മാമൻ ഒന്ന് ആലോചിച്ചു.

''ശരി – എനിക്ക് മീറ്റിംഗ് കഴിഞ്ഞ് തൃശൂർക്ക് പോകണം. നാളെ കാണാം. നീ പറഞ്ഞതുപോലെ ചെയ്യ്.''

അങ്കിൾ പുറത്തിറങ്ങി.

ചെക്ക് വാങ്ങി അടുത്തുള്ള ബാങ്കിലേക്ക് ബംഗാളി മാമൻ പോയി.

പിറ്റേന്ന് കാലത്ത് രോഹിത് അങ്കിൾ വന്നത് ഓട്ടോയിലാണ്. കാർ വർക്ക്ഷോപ്പിലാണത്രേ!

''അമ്മേ – ഒരു ചായ തരണേ, വല്ലാത്ത ക്ഷീണം. ഇവരൊക്കെ പറഞ്ഞത് ചെയ്യാഞ്ഞാൽ എന്തുചെയ്യും? റസാക്കിനെ ഒന്നു കാണട്ടെ. അവൻ ചെക്ക് മാറി പൈസ കൊടുത്തിട്ടില്ല. അവനെ ഞാൻ...''

രോഹിത് അങ്കിൾ ശരം വിട്ടതുപോലെ സൈറ്റിലേക്ക് പോയി. തർക്കവും വർത്തമാനവും കേട്ട് ആദി എന്തെന്നറിയാൻ അങ്ങോട്ട് ഓടാൻ ഒരുങ്ങി.

''പോകണ്ട ആദീ, രോഹിതും പണിക്കാരുമായി എന്തോ കശപിശ നടക്കുന്നുണ്ട്. നീ അങ്ങോട്ട് പോണ്ട.''

മറ്റു പണിക്കാരൊക്കെ ചായ കുടിക്കാൻ അടുക്കള ഭാഗത്തുണ്ട്.

പിന്നെ ഊണുകഴിഞ്ഞ് അച്ഛമ്മ സീരിയൽ കാണുമ്പോൾ ആദി പറമ്പിലേക്ക് ചെന്നു. ബംഗാളി മാമൻ ജോലിതന്നെ ജോലി.

''ഞാൻ പണിത പണം തരാൻ അവന് മനസ്സില്ലാന്ന്. പാവങ്ങളെ പറ്റിച്ചു ജീവിക്കുകയാണവൻ. എല്ലാവരെയും പറ്റിച്ച് അവൻ കടന്നുകളയും.''

മാമൻ രോഷത്തോടെ പറയുകയാണ്. ആദിയെ ശ്രദ്ധിക്കുന്നില്ല. ആദി തിരിയെ വീട്ടിലേക്ക് നടന്നു. അച്ഛമ്മ ചായ ഉണ്ടാക്കി അങ്കിളിനെ തിരക്കി.

''മോനേ, അങ്കിളിനെ വിളിക്ക്. ചായ വേണംന്ന് പറഞ്ഞിട്ട് – അവനെവിടെ?''

ആദി രോഹിതങ്കിളിനെ തിരഞ്ഞു. എങ്ങും കണ്ടില്ല.

പിന്നീടൊരിക്കലും അങ്കിളിനെ അവരാരും കണ്ടിട്ടില്ല. അച്ഛൻ അവിടുന്ന് വിളിച്ചിട്ട് അങ്കിളിനെ ഫോണിൽ കിട്ടുന്നില്ലത്രേ. അങ്കിൾ ഒരു ഫ്രോഡാണെന്ന് പലരും പറഞ്ഞത്രേ. അച്ഛനെ പറ്റിച്ച് ലക്ഷങ്ങളുമായി മുങ്ങിയതാണത്രേ! പോലീസിൽ അറിയിക്കാൻ അച്ഛൻ സമ്മതിച്ചില്ല. ഞാൻ ഒന്ന് വന്നോട്ടെ. അവനെ കിട്ടാതിരിക്കില്ല.

ബംഗാളി മാമനും കൂട്ടരും വന്നു പണിയെടുക്കും. അച്ഛമ്മ കൂലികൊടുക്കും. പിന്നീട് ആദിയോട് ബംഗാളി മാമൻ, 'കൈസാ ഹെ ബേട്ടാ' എന്ന് ഒരിക്കലും ചോദിച്ചില്ല. കണ്ണിൽ നോക്കി ചിരിച്ചില്ല. തറയുടെ പണി തീർത്തു.

ഒരാഴ്ച കഴിഞ്ഞ് ബംഗാളി മാമൻ നാട്ടിലേക്കുപോയി. അച്ഛന്റെ പണവുമായി രോഹിത് അങ്കിൾ നാടുവിട്ടു എന്ന് അച്ഛമ്മ പറഞ്ഞു. ബംഗാളിമാമനും പോയതോടെ പണിക്കാർ വന്നില്ല. ബാക്കി പണി ചെയ്യാൻ പുതിയ കരാറുകാരനും പണിക്കാരും എത്തി.

ഒരുനാൾ പറമ്പിലൂടെ വെറുതെ നടക്കുമ്പോൾ ബംഗാളി മാമന്റെ കയ്യിൽ കാണാറുള്ള പണം സൂക്ഷിക്കുന്ന കൊച്ചുസഞ്ചി അവൻ കണ്ടു. അനാഥമായി കിടക്കുന്ന ആ സഞ്ചി ശൂന്യമായിരുന്നു.

വീടുണ്ടാക്കണം, ഭാര്യയെ ഡോക്ടറെ കാണിക്കണം... എന്തെല്ലാം മോഹങ്ങളാണ് മാമൻ പറഞ്ഞിരുന്നത്!

തകർന്നുപോയ ആ സ്വപ്നങ്ങളെയെന്നപോലെ ബംഗാളി മാമൻ ആ പണസഞ്ചി ഈ പറമ്പിൽ ഉപേക്ഷിച്ച് പോയിരിക്കയാണ്. ആദി വിഷാദത്തോടെ ഓർത്തു.





ഉയരുന്ന പൊതുവിദ്യാലയങ്ങൾ
4775 സെക്കന്ററി, ഹയർ സെക്കന്ററി വിദ്യാലയങ്ങളിൽ 45000 ഹൈടെക് ക്ലാസ് മുറികൾ
പഠനവിഭവങ്ങൾക്ക് 'സമഗ്ര' ഇ-റിസോഴ്സ് പോർട്ടൽ
www.samagra.itschool.gov.in
ഒരു ലക്ഷം സ്കൂൾ കുട്ടികളുടെ ഐ.ടി കൂട്ടായ്മ 'ലിറ്റിൽ കൈറ്റ്സ്'
വിദ്യാലയ ചരിത്രവും കുട്ടികളുടെ സൃഷ്ടികളും ഉൾപ്പെടുത്താൻ 'സ്കൂൾ വിക്കി'
www.schoolwiki.in
വൈവിധ്യമാർന്ന വിദ്യാഭ്യാസ പരിപാടികളോടൊപ്പം ക്ലാസിക് സിനിമകളും കലോത്സവ ഇനങ്ങളും 'വിക്ടേഴ്സ് ചാനലിൽ'
www.victers.itschool.gov.in
KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
വിക്ടേഴ്സ്
അറിവിന്റെ ഏകജാലകം
കൈറ്റ് വിക്ടേഴ്സ്
കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ - കൈറ്റ്
പൂജപ്പുര, തിരുവനന്തപുരം - 12 ഫോൺ : 0471-2529800
Live at www.victers.itschool.gov.in contact@kite.kerala.gov.in www.kite.kerala.gov.in

# റേഡിയോകളുടെ ആശുപത്രി

## എം ആർ രേണുകുമാർ



വര: അരുൺ ഗോകുൽ

പതിവില്ലാതെ ഞാൻ നേരത്തെ എണീക്കാൻ തുടങ്ങി. അതിനു കാരണം റേഡിയോ ആയിരുന്നു. എണീറ്റ ഉടനെ റേഡിയോ യുമായി തിണ്ണയിലെ നടയിൽ പോയിരുന്ന് ഞാനത് ഓൺ ചെയ്തു.

അതിന്റുള്ളിലിരുന്ന് ഒരു ചേട്ടൻ ചില വരികൾ മെല്ലെ പറഞ്ഞുകൊടുക്കുന്നു. ഒരു ചേച്ചിയത് കേട്ടെഴുതുന്നതു പോലെ ആവർത്തിക്കുന്നു. പിന്നെ ചേട്ടനാ വരികൾ ഈണത്തിൽ പാടിക്കൊടു ക്കുന്നു. ചേച്ചിയത് കേട്ട് അതുപോലെ പാടുന്നു. ചില യിടത്ത് തെറ്റുന്നു. അപ്പോൾ അങ്ങനെയല്ല... ഇങ്ങനെ എന്നു പറഞ്ഞ് ചേട്ടൻ വീണ്ടും പാടുന്നു. ചേച്ചിയത് തെറ്റി ക്കാതെ ഏറ്റുപാടുന്നു. ഇടയ്ക്ക് രണ്ടുപേരുടെയും സ്വരങ്ങൾ ഒരുമിച്ചു കേൾ ക്കുന്നു. കേട്ടിരിക്കെ അത് ലളിതസംഗീതപാഠമെന്ന പരിപാടിയാണെന്ന് എനിക്കു മനസിലായി. പാടുന്ന ചേച്ചി യോടൊപ്പം ചില ഭാഗങ്ങൾ ഞാനും പാടിനോക്കി. എവിടെ ശരിയാകാൻ. ഞാൻ പാടു ന്നത് ആ ചേട്ടൻ കേൾക്കാ ത്തതു നന്നായി. ഞാൻ ചിരി ച്ചുകൊണ്ട് റേഡിയോ നെഞ്ചോടുചേർത്തു.

''ങ്ഹാ.... കിടക്കപ്പാ യേന്ന് എണീറ്റപ്പഴേ വെച്ചോ റേഡിയോ?''

പിന്നിലെ അമ്മയുടെ ശബ്ദത്തോടൊപ്പം തലമുടി യിൽ വിരലുകളും പതിഞ്ഞു. ഞാൻ തലചെരിച്ചു നോക്കി. അമ്മ കുനിഞ്ഞ് കടുങ്കാപ്പി ഞാനിരിക്കുന്നതിന് അടു ത്തായി വെച്ചു.

''ഇവിടിരിക്കമ്മേ...''

പടിയിൽ തട്ടിക്കൊണ്ട് ഞാനമ്മയോടു പറഞ്ഞു.

''പോ ചെറുക്കാ, എനിക്ക ടുക്കളേൽ പണിയുണ്ട്.''

അമ്മ എന്റെ തലയുടെ പുറകിൽ മെല്ലെയൊന്ന് തള്ളിയിട്ട് തിരിച്ചുപോയി. ഞാൻ റേഡിയോ കേട്ടും, അതിനെ മടിയിലിരുത്തി ലാളിച്ചും, കടുങ്കാപ്പി ഊതി ക്കുടിച്ചു.

അങ്ങനെ ഇരിക്കുന്നതി നിടയിൽ പാച്ചു ഓടിക്കിത ച്ചെത്തി. ഓടിവന്ന് നിന്നിട്ടും ഇത്തിരി കൂടിയവൻ എന്റടു ത്തേക്ക് തെന്നിവന്നു.

''ഇതെന്താടാ വാണം വിട്ട പോലെ?'' ഞാൻ ചോദിച്ചു.

''നിനക്ക് റേഡിയോ കിട്ടിയ വിവരമറിഞ്ഞു വന്നതാ.''

അവൻ കിതപ്പിനിടയിൽ പറഞ്ഞു. പാച്ചു എന്റെ അമ്മ വഴിക്കുള്ള ഒരു ബന്ധുവിന്റെ മകനാണ്. ബന്ധമെങ്ങനാന്ന് കൃത്യമായി എനിക്കറിയില്ല. എന്നാലും ഞങ്ങള് ഒരു വീട്ടു കാരെപ്പോലെയാണ്. ഞങ്ങള് ഒരേ പ്രായവും ഒരേ ക്ലാസി ലുമാണ് പഠിക്കുന്നത്. ആറ്റു തീരത്താണ് അവന്റെ വീട്. അങ്ങോട്ട് ഇത്തിരി നടപ്പുണ്ട്. ഞാനും അമ്മയും അച്ഛനു മൊക്കെ കുളിക്കാനും തുണി

യലക്കാനുമൊക്കെ അവരുടെ കടവിലാണ് പോകുന്നത്.

''നീയിതെങ്ങനറിഞ്ഞു?, ഇന്നലെയാണല്ലോ അച്ഛനിത് കൊണ്ടുവന്നത്...''

എന്നോട് ചേർന്ന് പടിയിൽ ഇരിക്കുന്നതിനിടയിൽ ഞാൻ പാച്ചൂനോട് ചോദിച്ചു.

''അതൊക്കെ ഞാനറിഞ്ഞു മോനേ....''

അവനെന്റെ തോളിൽ കൈയിട്ട് ഒന്നുകൂടെ ചേർന്നിരുന്നു. എങ്ങനെ എന്ന മട്ടിൽ ഞാനവനെ ചുഴിഞ്ഞുനോക്കി.

''നിന്റെ ചാച്ചൻ കുളിക്കാൻ വന്നപ്പോ പറഞ്ഞു.''

അവൻ റേഡിയോ ഒന്നു തലോടിക്കൊണ്ടു പറഞ്ഞു.

''ആര് നിന്നോടോ...? അതിന് നീയത്ര രാവിലെയൊന്നും എണീക്കാറില്ലല്ലോ?'' ഞാൻ തിരക്കി.

''എന്നോടല്ല അമ്മയോടാ പറഞ്ഞേ, ഞാനെണീറ്റപ്പം അമ്മയെന്നോട് പറഞ്ഞു. കേട്ടപാതി കേൾക്കാത്തപാതി ഞാനിങ്ങോട്ടോടി പോന്നു.'' പാച്ചു വിശദീകരിച്ചു.

അവന്റെയിരിപ്പ് കണ്ട് പാവം തോന്നി. ഞാൻ റേഡിയോ അവന്റെ മടിയിലേക്ക് വെച്ചുകൊടുത്തു. അവന്റെ കണ്ണുകൾ വിടർന്നു. അവനതിനെ ഒരു കൊച്ചുകുട്ടിയെപ്പോലെ തൊട്ടു മണപ്പിച്ചു നോക്കി.

''ഇതിനകത്തിരുന്നാരാണോ ഇങ്ങനെ വർത്തമാനം പറയുവേം പാടുകേം ഒക്കെ ചെയ്യുന്നത്?''

പാച്ചു കുസൃതി കലർത്തി സംശയത്തോടെ എന്നെ നോക്കി ചോദിച്ചു. പിന്നെ കുടഞ്ഞിട്ട് ചിരിച്ചു. ഒന്നും പറയാതെ ഞാനവന്റെ ചിരിയിൽ പങ്കുചേർന്നു. റേഡിയോയുടെ ശബ്ദം കുറച്ചുനേരം ഞങ്ങളുടെ ചിരിയിൽ മുങ്ങിപ്പോയി.

## രണ്ട്

ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽത്തന്നെ റേഡിയോ വീട്ടിലെ ഒരംഗത്തെപ്പോലെയായി. അച്ഛന്റെയും അമ്മയുടെയും എന്റെയും കൈയിലൂടെ മാറിമറിഞ്ഞ് അത് വീടിന്റെ മുക്കിലും മൂലയിലും എത്തിച്ചേർന്നു. അച്ഛനോടൊപ്പമിരുന്ന് കൃഷിപാഠവും കമ്പോളനിലവാരവും വാർത്തകളും കേൾപ്പിച്ചു. അമ്മയുടെ കൈയിലിരുന്ന് യുവവാണിയും മഹിളാലയവും തുടർനാടകവും അവതരിപ്പിച്ചു. എന്നോടൊപ്പം കൂടി ബാലലോകവും ചലച്ചിത്രഗാനങ്ങളും വള്ളംകളി കമന്ററിയും പൊടിപൊടിച്ചു.

എന്റെ കൂടെ പറമ്പുതോറും സഞ്ചരിക്കുകയും മരത്തിൽ കയറുകയും കൊമ്പുകളിലിരുന്ന് ഉച്ചത്തിൽ പാടുകയും ചെയ്തു. റേഡിയോ കാണാനും കേൾക്കാനുമായി ബന്ധുക്കളായ ചില കുട്ടികൾ കേട്ടറിഞ്ഞു വന്നു. അവർക്കൊപ്പം മുതിർന്നവരും വന്നു. അവർക്ക് കാപ്പിയുണ്ടാക്കി അമ്മയുടെ കൈയും, അവരോട് വർത്തമാനം പറഞ്ഞ് അമ്മയുടെ നാവും കഴച്ചു.

അങ്ങനെയിരിക്കെ പെട്ടെന്നൊരു ദിവസം റേഡിയോ മിണ്ടാതായി. സ്റ്റേഷൻ വിട്ടുപോയതാണെന്നാണ് ഞാനാദ്യം കരുതിയത്. എന്നാൽ റേഡിയോയുടെ സൂചി അങ്ങോട്ടും ഇങ്ങോട്ടും ചലിപ്പിച്ചിട്ടും ഒരു ഇരപ്പുപോലും കേൾക്കുന്നില്ല. എനിക്കുണ്ടായ സങ്കടം പറയേണ്ടതില്ലല്ലോ. ഒരാൾ മരിച്ചതുപോലെ വീട് പൊടുന്നനെ നിശബ്ദമായി. ബാറ്ററിയുടെ ചാർജ് തീർന്നതാവുമെന്ന് അമ്മ പറഞ്ഞതുകേട്ട് ഞാൻ ചിന്നമണീടെ കടേൽ പോയി പുതിയ ബാറ്ററി വാങ്ങി. അമ്മ അരിപ്പെട്ടിയിൽ ഇട്ടുവെച്ച ചില്ലറക്കാശു കൊണ്ടായിരുന്നു ബാറ്ററി വാങ്ങിയത്. കാശുതരാൻ അമ്മയ്ക്ക് ഇത്തിരി മടിയുണ്ടായിരുന്നെങ്കിലും റേഡിയോ നിനച്ചിരിക്കാതെ മിണ്ടാട്ടം നിറുത്തിയത് അമ്മയേയും വിഷമിപ്പിച്ചിരുന്നു.

ബാറ്ററി മാറിയിട്ടെങ്കിലും റേഡിയോ പാടിയില്ല. ഒന്നും പറഞ്ഞില്ല. ഇരപ്പുപോലും കേൾപ്പിച്ചില്ല. എന്റെ സങ്കടം കൂടിക്കൂടി വന്നു. പഴയ ബാറ്ററിയുടെ മൂട് ചെറുതായി നനഞ്ഞിരുന്നു. തുരുമ്പുനിറമുള്ള വെള്ളം എന്റെ കൈയിലും പറ്റി. ഇതുകൊണ്ടാവുമോ റേഡിയോ കേടായത്. എന്റെ സങ്കടം ഇരട്ടിച്ചു. വാടിയ മുഖത്ത് സങ്കടം കനത്തു. കണ്ണുകൾ നിറഞ്ഞു.

''റേഡിയോ ആയാലങ്ങനാ, ഇടയ്ക്കൊക്കെ കേടാകും. നമ്മുക്കു പനിയൊക്കെ വരില്ലേ... അതുപോലെ.''

എന്റെ ഇരിപ്പുകണ്ട് അമ്മ അരികത്തുവന്നു പറഞ്ഞു.

**ബാറ്ററി മാറിയിട്ടെങ്കിലും റേഡിയോ പാടിയില്ല. ഒന്നും പറഞ്ഞില്ല. ഇരപ്പുപോലും കേൾപ്പിച്ചില്ല. എന്റെ സങ്കടം കൂടിക്കൂടി വന്നു. പഴയ ബാറ്ററിയുടെ മൂട് ചെറുതായി നനഞ്ഞിരുന്നു. തുരുമ്പുനിറമുള്ള വെള്ളം എന്റെ കൈയിലും പറ്റി. ഇതുകൊണ്ടാവുമോ റേഡിയോ കേടായത്. എന്റെ സങ്കടം ഇരട്ടിച്ചു. വാടിയ മുഖത്ത് സങ്കടം കനത്തു. കണ്ണുകൾ നിറഞ്ഞു.**

കവിത

# കാക്കയും കുഞ്ഞുമോളും

**മണമ്പൂർ രാജൻബാബു**



വര: അരുൺ ഗോകുൽ

കാക്കേ കാക്കേ കൂടറിയാം
കൂട്ടിനകത്തെ കഥയറിയാം
കുഞ്ഞിനു തീറ്റ കൊടുക്കാനായ്
പമ്മിയിരിപ്പാണറിയാമോ...
കുഞ്ഞിൻ കൈയിലെ നെയ്യപ്പം
ഇല്ല തരില്ലീ നെയ്യപ്പം
വടിയുണ്ടെന്റെ ഇടംകൈയിൽ
തട്ടിയെടുക്കാൻ നോക്കേണ്ട
സൂത്രപ്പണികൾ വേണ്ടിനിയും
പാവം കുഞ്ഞിനു തിന്നാനായ്
ഒരു ചെറുകഷണം ഞാൻ തരുമേ...



ആണോ എന്ന മട്ടിൽ ഞാൻ സങ്കടം വിടാതെ തലയുയർത്തി നോക്കി.

“ഇതെല്ലാം അപ്പിടി ചീഞ്ഞല്ലോടാ...” പഴയ ബാറ്ററികൾ നിലത്തൂന്നും പെറുക്കിയെടുത്തുകൊണ്ട് അമ്മ പറഞ്ഞു.

“ചെലപ്പോ ഇതുകൊണ്ടാവും റേഡിയോ കേടായത്. നീയൊരു കാര്യം ചെയ്യ്. മാളികപ്പീടികേടെ അവിടൊരു നെല്ലുകുത്തുന്ന മില്ലില്ലേ. അതിനകത്തൊരു ചെറുക്കനിരിപ്പുണ്ട്. ഇതവനെ കൊണ്ടുപോയി കാണിക്ക്, അവനിത് ശരിയാക്കിത്തരും.”

“അതെയോ.... ന്നാ ഇപ്പോത്തന്നെ പൊക്കളയാം.”

ഞാൻ റേഡിയോ കൈയിൽ തൂക്കിക്കൊണ്ട് മുറ്റത്തേക്കിറങ്ങി.

“ഒരു ഷർട്ടിട്ടോണ്ട് പോടാ.” അമ്മ ഒരു ഷർട്ടുമായി പുറകേവന്നു.

ഞാൻ ഇറയത്ത് ബക്കറ്റിലിരുന്ന വെള്ളത്തിൽ മുഖം കഴുകി. കുറച്ചുവെള്ളം വായിൽക്കൊണ്ട് കുലുക്കുഴിഞ്ഞ് തുപ്പി.

“ആ ചെറുക്കനെ എനിക്കറിയാം, പാവമാ. ന്റെ മോനാന്ന് പറഞ്ഞാമതി. ചെലപ്പോ നിന്നേയും അറിയാമായിരിക്കും. കാശ് ഞാൻ പിന്നെത്തന്നോളാമെന്ന് പറ.”

നടന്നുതുടങ്ങിയ എനിക്കു പുറകിൽനിന്ന് അമ്മ തെല്ലുറക്കെ പറഞ്ഞു.

“ഞാൻ കൊയ്ത്തുകഴിഞ്ഞ പാടത്തേക്കിറങ്ങി ചിറയോടു ചേർന്നുള്ള വരമ്പിലൂടെ നടന്ന് കെട്ടുവരമ്പിലേക്കു കയറി വഴിയിലേക്ക് വെച്ചുപിടിച്ചു. കെട്ടുവരമ്പ് ഒരു ചെറിയ കലുങ്കിലാണ് ചെന്നുകേറുന്നത്. അതിനപ്പുറം ചെമ്മൺവഴിയാണ്. ആ വഴി വന്നുചേരുന്നത് ബസോടുന്ന ടാറിട്ട വഴിയിലാണ്. അവിടെയാണ് നെല്ലുകുത്തുന്ന മില്ല്. കലുങ്കിലേക്ക് കയറുമ്പോൾ ദേ അതിനുതാഴെ തോട്ടുവക്കിൽ പാച്ചു നിൽക്കുന്നു. കൈയിൽ കമ്പിത്തെറ്റാലിയുമുണ്ട്. അവൻ ചൂണ്ടുവിരൽ ചുണ്ടിലമർത്തി മിണ്ടരുതെന്ന് ആംഗ്യം കാണിച്ചു.

‘നീയെന്താ ഇവിടെ എന്ന്’ ഞാനും ആംഗ്യത്തിൽത്തന്നെ ചോദിച്ചു. പക്ഷേ എന്റെ കൈയിലെ റേഡിയോ കണ്ടപ്പോൾ അവൻ തെറ്റാലി തോട്ടുവക്കിലെ കൈതക്കാട്ടിൽ ഒളിപ്പിച്ചുവെച്ചിട്ട് കലുങ്കിലേക്ക് വലിഞ്ഞുകയറി വന്നു.

“ഒരു വരാലും പാർപ്പും കലുങ്കിനടിയിലുണ്ട്. ഞാനതിനെ തെറ്റിപ്പിടിക്കാൻ നോക്കുവാരുന്നു.” പാച്ചു കൈയിലും കാലിലും പറ്റിപ്പിടിച്ചിരുന്ന പായല് തൂത്തുകൊണ്ട് പറഞ്ഞു.

“നിന്റെ റേഡിയോക്ക് എന്നാപറ്റി. നീയെന്താ ഇതുമായി? സാരമില്ലെടാ... നമ്മുക്കിത് ശരിയാക്കാം. മാളികപ്പീടികേൽ ഒരു ചേട്ടനുണ്ട്. ഞാനും കൂടെവരാം.”

അവനങ്ങനെ പറഞ്ഞു തോളിൽ കൈയിട്ടപ്പോൾ എന്റെ വിഷമം ഇത്തിരി കുറഞ്ഞു.

“നിന്നെ ചേറു മണക്കുന്നുണ്ട്.” നടക്കുന്നതിനിടിൽ ഞാൻ പറഞ്ഞു.

“ആണോ..?”

അവൻ കൈകൾ സ്വയം മണപ്പിച്ചു നോക്കി. ‘ആണല്ലോ...’ എന്ന് മൂക്ക് ചുളിച്ചു പറഞ്ഞു.

വഴിവക്കിലെ ടാപ്പിൽ അവൻ കൈയും കാലും വൃത്തിയായി കഴുകി വീണ്ടും മണപ്പിച്ചുനോക്കി മണം പോയെന്ന് ഉറപ്പുവരുത്തി. ഞങ്ങൾ ഓരോന്ന് പറഞ്ഞ് മാളികപ്പീടികയിലെ മില്ല് ലക്ഷ്യമാക്കി നടന്നു.

‘അതിനുള്ളിലിരുന്ന് റേഡിയോ നന്നാക്കുന്ന ചേട്ടൻ അവിടെ കാണണേ...’ ഞാൻ ആരോടെന്നില്ലാതെ പറഞ്ഞു. ഞങ്ങൾ വേഗം നടന്നു.

## മൂന്ന്

ഞങ്ങൾ നടന്നു കിതച്ചുചെല്ലുമ്പോൾ മില്ലിൽ ആരുടെയോ നെല്ലുകുത്തുന്നുണ്ടായിരുന്നു. മില്ലിന്റെ കടകട ശബ്ദത്തിനിടയിൽ തമ്മിൽ പറയുന്നത് ആർക്കും കേൾക്കാൻ പറ്റുന്നില്ല.

വരയൻഷർട്ടും വെള്ള മുണ്ടും ഉടുത്ത ഒരു ചേട്ടൻ തകരപ്പാട്ടയിലെ നെല്ല് പൊക്കി ചോർപ്പുപോലുള്ള വലിയൊരു പാത്രത്തിൽ കമഴ്ത്തിയിടുന്നുണ്ട്. നൂൽക്കമ്പി കൊണ്ട് കെട്ടിയ അതിനുള്ളിലെ വലയിൽ തങ്ങിക്കിടക്കുന്ന കച്ചിത്തുരുമ്പും മറ്റും ചേട്ടൻ എടുത്തുകളയുന്നുണ്ട്. നെല്ലുകുത്താൻ വന്ന അമ്മാമ ചാക്കിലവശേഷിക്കുന്ന നെല്ല് പാട്ടയിലേക്ക് കുടഞ്ഞിടുന്നുണ്ട്. കുത്തുന്ന മെഷീന്റെ ചക്രത്തിൽനിന്ന് മോട്ടോറിന്റെ ചക്രത്തിലേക്ക് ബന്ധിപ്പിച്ചിട്ടുള്ള വീതിയുള്ള ബെൽറ്റിന്റെ കറക്കം കണ്ടാൽ പേടിവരും. ഇടയ്ക്കത് ചക്രത്തീന്ന് തെന്നിപ്പോകും. അപ്പോ മോട്ടോർ ഓഫ് ചെയ്തിട്ട് ചേട്ടനത് കഷ്ടപ്പെട്ട് വലിച്ചിടുന്നത് കണ്ടാൽ പാവം തോന്നും.

എന്റെ കൈയിൽ റേഡിയോ കണ്ടതുകൊണ്ടാവണം ചേട്ടൻ ഇപ്പം വരാമെന്ന് ചുണ്ടനക്കി. കുറച്ചുകഴിഞ്ഞ് അയാൾ ചുവരിലെ സ്വിച്ച് ബോർഡിനടുത്തുള്ള ഒരു ലിവർ പിടിച്ചു താഴ്ത്തിയതോടെ മില്ലിന്റെ ഒച്ച മെല്ലെ നിലച്ചു. എന്നിട്ടും ചെവിയിൽ അതിന്റെ ഒച്ച കുറേ നേരം കേട്ടുകൊണ്ടിരുന്നു. കുത്തുന്ന മെഷീന്റെ താഴെ വെച്ചിട്ടുള്ള പാട്ടയിലേക്ക് വീണുനിറഞ്ഞ അരി അമ്മാമ ചാക്കിനുള്ളിലേക്ക് ശ്രദ്ധയോടെ കുടഞ്ഞിട്ടു കെട്ടി. മെഷീന്റെ പുറകുവശത്ത് രണ്ടിടത്തായി വീണ തവിടും ഉമിയും അവർ പാട്ടയിൽ കോരി വെവ്വേറെ ചാക്കിൽ നിറച്ചുകെട്ടി. പാറിപ്പറന്നു കിടക്കുന്ന അവരുടെ നര വീണ ചുരുണ്ട മുടിയിൽ ഉമിയുടെ തരികൾ പറ്റിപ്പിടിച്ചിരുന്നു. മില്ലിലെ ചേട്ടന്റെ തലയിലും ഉടുപ്പിലും ഉമിത്തരികൾ പറ്റിപ്പിടിച്ചിരുന്നു.

“ചേട്ടാ, ഈ റേഡിയോ ഒന്ന് നന്നാക്കിത്തരാവോ?”

എന്റെ ക്ഷമ കെട്ടുതുടങ്ങിയിരിക്കുന്നു.

“ഞാനൊന്നു നോക്കട്ടേ.”

തലമുടിയിലെ ഉമിപ്പൊടി തട്ടികളഞ്ഞുകൊണ്ട് അയാൾ ഉൾവശത്തെ ചെറിയ മുറിയിലേക്കു കയറി. അകത്തേക്ക് വരാൻ ഞങ്ങളെ കൈ കാണിക്കുകയും ചെയ്തു. ഞങ്ങൾ മുറിക്കകത്തേക്കു കയറിയതും ചേട്ടൻ മുറിയിലെ ലൈറ്റിട്ടതും ഒരുമിച്ചായിരുന്നു. ആ പ്രകാശത്തിൽ മുറിയിൽ കണ്ട കാഴ്ച എന്നെയും പാച്ചുവിനെയും അദ്ഭുതപ്പെടുത്തിക്കളഞ്ഞു.

“ഹോ.... എന്ത് റേഡിയോകളാ ഇവിടെ!” ഞങ്ങളൊരേ സ്വരത്തിൽ പറഞ്ഞുപോയി.

ചേട്ടൻ ഞങ്ങളെ നോക്കി ചിരിച്ചു.

“നിങ്ങളിരിക്കൂ...”

ഭിത്തിയോട് ചേർത്തിട്ടിരുന്ന ചെറിയൊരു ബഞ്ച് ചൂണ്ടി അയാൾ പറഞ്ഞു. പിന്നെ എന്റെ കൈയീന്ന് റേഡിയോ വാങ്ങി തുറന്ന് ചില ഉപകരണങ്ങൾ കൊണ്ട് അതിന്റെയുള്ളിൽ എന്തൊക്കെയോ പരിശോധിക്കാൻ തുടങ്ങി. മേശപ്പുറത്തും അരികത്തെ അടപ്പില്ലാത്ത തടിയലമാരിയിലും നിലത്തും പല വലിപ്പത്തിലും ഫാഷനിലുമുള്ള നിരവധി റേഡിയോകൾ ഇരുന്നിരുന്നു, പലതും വലിയ പെട്ടിപോലുള്ളവയായിരുന്നു. ഇത്തരം റേഡിയോകളാണല്ലോ അയൽപക്കത്തെ

**എന്റെ കൈയീന്ന് റേഡിയോ വാങ്ങി തുറന്ന് ചില ഉപകരണങ്ങൾ കൊണ്ട് അതിന്റെയുള്ളിൽ എന്തൊക്കെയോ പരിശോധിക്കാൻ തുടങ്ങി. മേശപ്പുറത്തും അരികത്തെ അടപ്പില്ലാത്ത തടിയലമാരിയിലും നിലത്തും പല വലിപ്പത്തിലും ഫാഷനിലുമുള്ള നിരവധി റേഡിയോകൾ ഇരുന്നിരുന്നു, പലതും വലിയ പെട്ടിപോലുള്ളവയായിരുന്നു.**

വീടുകളിൽ കാണാറുള്ള തെന്ന് ഞാനോർത്തു. എന്റേതുപോലെ പ്ലാസ്റ്റിക്കുകൊണ്ട് നിർമിച്ച ബാറ്ററിയിടുന്ന ചെറിയ റേഡിയോകളും കാണാനുണ്ട്. ഞാനും പാച്ചുവും ചേട്ടന്റെ കണ്ണിൽ നോക്കിക്കൊണ്ട് ചിലതിലൊക്കെ തൊട്ടുനോക്കി. പിന്നെ തമ്മിൽ നോക്കി കണ്ണിറുക്കുകയും ചിരിക്കുകയും ചെയ്തു. ഇതു കണ്ട് ചേട്ടൻ തലയുയർത്തിയപ്പോൾ പാച്ചു ചോദിച്ചു:

''ഇതെന്നാ ചേട്ടാ ഇത്രേം റേഡിയോകള്, ഇവിടെ ഇത് റേഡിയോക്കടയാണോ?''

'''ഹഹ... റേഡിയോക്കടയല്ല, റേഡിയോ റിപ്പയറിങ് കടയാണ്.'' ചേട്ടൻ ചിരിച്ചുകൊണ്ടു പറഞ്ഞു.

''ഇവയെല്ലാം നന്നാക്കി വെച്ചേക്കുവാണോ?'' ഞാൻ ചോദിച്ചു.

''നന്നാക്കിയവയുണ്ട്, നന്നാക്കാനുള്ളവയുമുണ്ട്.'' പണിയിൽ ശ്രദ്ധിച്ചുകൊണ്ട് തലയുയർത്താതെ ചേട്ടൻ പറഞ്ഞു.

''ഇതെന്നാ കേടായത്?'' അൽപ്പനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം ചോദിച്ചു.

''ഇന്നലെ രാത്രി വരെ കേട്ടതാ, ഇന്നു രാവിലെ വെച്ചപ്പോ കേൾക്കുന്നില്ല. ബാറ്ററി മാറിനോക്കി. എന്നിട്ടും കേട്ടില്ല.'' ഞാൻ ദുഃഖത്തോടെ പറഞ്ഞു.

''ഇത് കുറേ പഴയ സെറ്റാ. ഇനീം കേടാകാൻ സാധ്യതയുണ്ട്. രണ്ടുമൂന്ന് വയറുകൾ വിട്ടുകിടക്കുവാ. അതു വിളക്കിച്ചേർത്താൽ ചെലപ്പോ ശരിയായേക്കും... നമുക്ക് നോക്കാം.''

ചേട്ടൻ പറയുന്നതിന്റെ കൂടെ കറണ്ട് ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഒരുപകരണംകൊണ്ട് റേഡിയോക്കുള്ളിലെ എന്തൊക്കെയോ വിളക്കിച്ചേർത്തു. പിന്നെ ഒരു ബ്രഷുപയോഗിച്ച് അതിന്റെ ഉൾവശം തുടച്ച് വൃത്തിയാക്കാൻ തുടങ്ങി. ഇടയ്ക്ക് കൈലിമുണ്ടുടുത്ത ഒരാൾ നെല്ലുചാക്ക് തലയിൽ ചുമന്നുകൊണ്ട് കുത്തിക്കാൻ വന്നു. ചേട്ടനയാളോട് കുറച്ചുനേരം കാത്തിരിക്കാൻ പറഞ്ഞു. നെല്ലുചാക്ക് നിലത്തേക്ക് താങ്ങിവെച്ചിട്ട്, തലയിൽ കെട്ടിയിരുന്ന തോർത്തഴിച്ച് കുടഞ്ഞ് മുഖംതുടച്ച് 'എന്നാ ഞാനൊരു ചായ കുടിച്ചേച്ചും വരാ'മെന്ന് പറഞ്ഞ് അയാൾ പുറത്തേക്കിറങ്ങി. കൈയിലെ തോർത്ത് ഒന്നുകൂടെ കുടഞ്ഞ് അയാളത് തോളത്തിട്ടു.

## നാല്

ഞങ്ങളോട് ഇരിക്കാൻ പറഞ്ഞു. ബഞ്ചിന്റെ താഴെയും മുറിയുടെ മൂലയിലും ബുക്കിന്റെ പേപ്പറുകൾ ചുരുട്ടിയിട്ടിട്ടുണ്ടായിരുന്നു. പാച്ചൂന്റെ റേഡിയോകൗതുകം തീർന്നിരുന്നില്ല. അവനൊരു കാഴ്ച ബംഗ്ലാവ് കണ്ടുനടക്കുന്നതുപോലെ മുറിയിലാകെ ചുറ്റിത്തിരിയുകയാണ്. ഞാനാണെങ്കിൽ ചേട്ടൻ ഓരോ പണികൾ ചെയ്യുന്നതുനോക്കി ഇരിപ്പാണ്. വെറുതെ, നിലത്ത് ചുരുട്ടിയിട്ടിരുന്ന കടലാസുകളിലൊന്ന് ഞാനെടുത്ത് മെല്ലെ നിവർത്തിനോക്കി. വളരെ ഒഴുക്കൻ മട്ടിലുള്ള കൈപ്പടയിൽ വരികൾ തിരിച്ച് താഴേക്ക് താഴേക്കുള്ള എഴുത്തുകൾ. ഞാനവ ബദ്ധപ്പെട്ട് വായിക്കാൻ ശ്രമിച്ചു. 'റേഡിയോകളുടെ ആശുപത്രി' എന്നെഴുതി അതിനടിയിൽ വരയിട്ടിരിക്കുന്നു. പലതരം റേഡിയോകളുടെ പേരുകൾ, റേഡിയോക്കുള്ളിലെ എന്തിന്റെയൊക്കെയോ പേരുകൾ, അവയുടെ കേടുകൾ അങ്ങനെയോരോന്ന് പ്രത്യേകരീതിയിൽ എഴുതിയിരിക്കുന്നു. പലതും തലങ്ങും വിലങ്ങും വെട്ടിയിട്ടുണ്ട്. തിരുത്തിയിട്ടുണ്ട്. ഞാൻ രണ്ടുമൂന്ന് കടലാസുചുരുളുകൾകൂടി എടുത്ത് നിവർത്തി വായിച്ചുനോക്കി. എല്ലാത്തിന്റെയും തലക്കെട്ട് ഒന്നുതന്നെയാണ്. താഴേക്കുള്ള വരികൾക്ക് ചെറിയ ചെറിയ മാറ്റങ്ങളുണ്ട്. ഇത് ഈ ചേട്ടൻ തന്നെ എഴുതിയതാണെന്ന് തോന്നുന്നു.

അങ്ങനെ കടലാസുചുരുളുകൾ നോക്കിയിരിക്കേ ചേട്ടൻ പൊടുന്നനെ തലയുയർത്തി നോക്കി. നിവർത്തിപ്പിടിച്ചിരുന്ന കടലാസു ചുരുട്ടി അതു കിടന്നിരുന്നിടത്തേക്ക് ഞാൻ വേഗമിട്ടു. ചേട്ടൻ ദേഷ്യപ്പെടുമോന്ന് എനിക്ക് ചെറുതായി പേടിതോന്നി, പക്ഷേ അങ്ങനുണ്ടായില്ല.

''അതു ഞാൻ പണിയൊന്നും ഇല്ലാതിരിക്കുമ്പോൾ വെറുതെ ഓരോന്ന് എഴുതി നോക്കുന്നതാ.''

ഊരിമാറ്റിയിരുന്ന ബാറ്ററികൾ തിരികെയിട്ട് റേഡിയോയുടെ പുറകുവശം അടച്ച്, ഊരിയ സ്ക്രൂകൾ തിരികെയിട്ട് മുറുക്കുന്നതിനിടയിൽ ചേട്ടൻ പറഞ്ഞു:

'''ഇനിയൊന്നു വെച്ചു നോക്കൂ.''

ചേട്ടൻ എഴുന്നേറ്റ് റേഡിയോ എന്റെ കൈയിലേക്കു തന്നു. ഇതുകണ്ട് പാച്ചുവും അടുത്തേക്കുവന്നു. ഞാൻ റേഡിയോ ഓൺ ചെയ്തു. ഇരപ്പ് കേൾക്കുന്നുണ്ട്. സന്തോഷമായി!

''ഏതെങ്കിലും സ്റ്റേഷൻ പിടിക്കൂ.'' ചേട്ടൻ പുറകോട്ട് വളഞ്ഞ് നടുനിവർത്തിക്കൊണ്ട് പറഞ്ഞു. ഞാൻ മെല്ലെ റേഡിയോയുടെ സൂചി ചലിപ്പിച്ചു. റേഡിയോ മിണ്ടിത്തുടങ്ങി. ഞാൻ വീണ്ടും സൂചി ചലിപ്പിച്ചു. റേഡിയോ പാടി

ത്തുടങ്ങി. സന്തോഷംകൊണ്ട് എന്റെ കണ്ണുനിറഞ്ഞു. ഞാൻ എഴുന്നേറ്റു. ചേട്ടൻ എന്റെ തോളിൽത്തട്ടി ''സന്തോഷായില്ലേ... പ്പോ'' എന്നു ചോദിച്ചു. ഞാൻ അതെയെന്ന് തലയാട്ടി.

''ഇതിനെത്ര കാശായി?, നെല്ലുകുത്താൻ വരുമ്പം കാശ് തന്നോളാന്ന് അമ്മ പറഞ്ഞിട്ടുണ്ട്.'' ഞാൻ ഒരുവിധം പറഞ്ഞൊപ്പിച്ചു.

''കാശൊന്നും വേണ്ടടാ... ഞാനൊന്നും മാറ്റിവെച്ചില്ലല്ലോ. വിട്ടുപോയ ചില വയറുകൾ വിളക്കിയതല്ലേയുള്ളൂ. നിങ്ങള് വിട്ടോ.'' പുറത്തേക്കിറങ്ങുന്ന ഞങ്ങളുടെയൊപ്പം നടന്നുകൊണ്ട് ചേട്ടൻ പറഞ്ഞു.

ഞാൻ റേഡിയോ പാച്ചൂന്റെ കൈയിൽ കൊടുത്തിട്ട് ചേട്ടന്റെ നേരേ കൈനീട്ടി. ചേട്ടൻ എന്റെ കൈയിൽ ചിരിച്ചോണ്ടു പിടിക്കുന്നതിനിടയിൽ ഒരു നന്ദി പറയാനാണ് ഞാനാഗ്രഹിച്ചത്. പക്ഷേ മറ്റൊരു കാര്യമാണ് നാവിൽ വന്നത്.

''ചേട്ടന്റെ കവിത കൊള്ളാട്ടോ...''

''കവിതയോ?''

''റേഡിയോകളുടെ ആശൂത്രി...''


ഞാൻ ചിരിച്ചോണ്ട് പറഞ്ഞു. ചേട്ടൻ ഒരു നിമിഷം ആലോചനയിലേക്ക് പോയി മടങ്ങിവന്നു. പിന്നെ എന്റെ തോളിൽ തട്ടി പറഞ്ഞു.

''ഒന്നു പോടാ ഉവ്വേ...''

കാര്യമെന്തെന്നറിയാതെ പാച്ചു വാ തുറന്ന് നിൽപ്പുണ്ടായിരുന്നു. മുറിയിലെ റേഡിയോകളിലുണ്ടായിരുന്ന മുഴുവൻ പൊടിയും ചുക്കിലിയും ഇപ്പോഴവന്റെ ദേഹത്താണുള്ളത്. നെല്ലുചാക്ക് വെച്ചിട്ട് ചായ കുടിയ്ക്കാൻ പോയയാൾ ദൂരെനിന്നും തിരികെ നടന്നുവരുന്നുണ്ടായിരുന്നു.



കലാപരിചയം



# രാത്രി മുഴുവനും ഒറ്റയ്ക്ക് ഒരു ഗാലറിയിൽ

**ഡോ. അജിത് കുമാർ ജി**


**ലോകത്തെ ഏറ്റവും പ്രശസ്തമായ ചിത്രം. അതാണ് മൊണാലിസ. ലിയണാർഡോ ഡാ വിഞ്ചിയുടെ ഈ വിഖ്യാത ചിത്രം ഒട്ടേറെ വിവാദങ്ങൾക്കും കാരണമായിട്ടുണ്ട്. കലാലോകത്തെ ഈ അമൂല്യനിധി ഒരിക്കൽ മോഷണം പോയി. അതും സുരക്ഷയേറെയുള്ള ലൂവ്ർ മ്യൂസിയത്തിൽനിന്ന്. ആ കഥയാണ് ഇത്തവണത്തെ കലാപരിചയത്തിൽ.**

വിഖ്യാതമായ മൊണാലീസ ( Mona Lisa) അപ്രത്യക്ഷമായിരിക്കുന്നു. 1911 ൽ പാരിസിലെ ലൂവ്ർ ( Loure) മ്യൂസിയം സന്ദർശിച്ച ഒരു ചിത്രകാരനാണ് നടുക്കുന്ന ആ വിവരം അറിയിച്ചത്. മ്യൂസിയത്തിലെ ചുവരിൽ ചിത്രം തൂക്കിയിരുന്നിടത്ത് നാല് ആണികൾ മാത്രമേ കാണുന്നുള്ളൂ. ഒഴിഞ്ഞ ഗോവണിക്കു സമീപം ചിത്രത്തിന്റെ ഇളക്കിയ ഫ്രെയിമും കിടപ്പുണ്ട്. നാനൂറ് വർഷം മുൻപ് ലിയനാർഡോ ഡാ വിഞ്ചി വരച്ച പ്രശസ്തമായ ചിത്രമാണ്. പ്രശസ്തം എന്നൊന്നും പറഞ്ഞാൽ പോരാ. ഏറ്റവും പ്രശസ്തം എന്നുതന്നെ പറയാം.

500 വർഷം മുൻപ് ഇറ്റാലിയൻ ചിത്രകാരനായ ലിയനാർഡോ ഡാ വിഞ്ചി ( Leonardo da Vinci) പോപ്ലർ തടിയിൽ വരച്ച താരതമ്യേന ചെറിയ എണ്ണച്ഛായചിത്രമാണ് മൊണാലീസ. താൻ സഞ്ചരിച്ച ഇടങ്ങളിലെല്ലാം ഒപ്പം കൊണ്ടുനടന്ന് ഏതാണ്ട് 17 വർഷം കൊണ്ടാണ് ലിയനാർഡോ ഇതു പൂർത്തിയാക്കുന്നത്. ലിയനാർഡോയുടെ ഒരു ധനികസുഹൃത്തിന്റെ ഭാര്യയായ ലീസ ദെൽ ജൊകൊണ്ടോ ( Lisa del Giocondo) യുടെ ഛായാചിത്രമാണ് മൊണാലീസ എന്നാണ് മിക്കവരും കരുതിപ്പോരുന്നത്.

ഫ്രാൻസിലെ ഭരണാധികാരികളും ചക്രവർത്തിമാരുമായ ലൂയി പതിനാലാമനും നെപ്പോളിയനുമെല്ലാം തങ്ങളുടെ കൊട്ടാരങ്ങളിൽ നിധിപോലെ സൂക്ഷിച്ചിരുന്ന മൊണാലീസ അഞ്ചു വർഷം മുൻപ് വീണ്ടും ലൂവ്ർ മ്യൂസിയത്തിലേക്കു കൊണ്ടുവന്നതേയുള്ളൂ. അതിനാൽത്തന്നെ മറ്റേതു ചിത്രത്തെക്കാളും ശ്രദ്ധയോടെയാണ് മൊണാലീസയെ സൂക്ഷിച്ചിരുന്നത്.

ഒരാഴ്ചയോളം ഗ്യാലറി അടച്ചിട്ടു. എന്നിട്ട് മ്യൂസിയത്തിന്റെ മുക്കും മൂലയും അരിച്ചുപെറുക്കി നോക്കി. എവിടെയുമില്ല! അവർ ഉറപ്പിച്ചു. ചിത്രം ആരോ കടത്തിക്കൊണ്ടുപോയിരിക്കുന്നു. വിരലടയാള വിദഗ്ധരും പോലിസുമെല്ലാം ചേർന്ന് അന്വേഷണം തുടങ്ങി. മൊണാലീസയുടെ പ്രശസ്തിയിൽ അസൂയപൂണ്ട് അത് പികാസോയെപ്പോലുള്ള ഏതെങ്കിലും ചിത്രകാർ നശിപ്പിച്ചെങ്കിലോ? പ്രസിദ്ധ ചിത്രകാരനായ പാബ്ലോ പികാസോയെപ്പോലും പൊലീസ്



സംശയിച്ചു. വളരെനാളുകൾ നീണ്ടുനിന്ന ആകാംക്ഷകൾക്ക് ഒടുവിൽ തിരശ്ശീലവീണു. കള്ളൻ കപ്പലിൽത്തന്നെയായിരുന്നു.

ഇറ്റലിക്കാരനായ വിഞ്ചെൻസോ പെരൂച്ച ( Vincenzo Peruggia) ലൂവ്ര് മ്യൂസിയത്തിലെ ജീവനക്കാരനാണ്. പെരൂച്ചയാണ് മൊണാലീസയെ ഒളിപ്പിച്ചത്. ഞായറാഴ്ചകളാണ് എല്ലാവർക്കും അവധിയെങ്കിലും മ്യൂസിയങ്ങളും ഗ്യാലറികളും ഞായറാഴ്ചകളിൽ തുറന്നിരിക്കുകയും തിങ്കളാഴ്ച അടച്ചിടുകയും ചെയ്യും. അങ്ങനെ ഒരു ഞായറാഴ്ചയായിരുന്നു സംഭവം. ചിത്രം മോഷ്ടിച്ച പെരൂച്ച ഞായറാഴ്ച രാത്രി മുഴുവനും ഗാലറിയിലെ ടോയ്‌ലെറ്റിനുള്ളിൽ അടച്ചിരുന്നു. അവധിദിവസമായ അടുത്ത ദിവസം തന്റെ കോട്ടിനുള്ളിൽ ചിത്രം ഒളിപ്പിച്ച് അയാൾ പുറത്തുകടന്നു. ഒരു ദിവസംപോലും ഒളിച്ചിരിക്കാതെ തിങ്കളാഴ്ച തന്നെയാണ് ചിത്രം കടത്തിയതെന്നും ഒരു നിരീക്ഷണമുണ്ട്.


ഫ്രാൻസിലെ ലൂവ്റിൽ നിന്ന് ഡാവിഞ്ചിയുടെ ജന്മനാടായ ഇറ്റലിയിലേക്ക് ചിത്രം മടക്കിക്കൊണ്ടുവരികയായിരുന്നു തന്റെ ലക്ഷ്യമെന്നാണ് പെരൂച്ച കോടതിയിൽ നൽകിയ മൊഴി. എന്നാൽ ഇത് അത്ര വിശ്വസനീയമല്ല. ഒരു സ്വകാര്യഗാലറിക്ക് വിൽക്കുന്നതിനിടയിലാണ് പെരൂച്ച പിടിക്കപ്പെടുന്നത്. വിൽക്കാനായി നൽകിയ ചിത്രം ഒരു വിദഗ്ദ്ധസംഘം എത്തി ഒറിജിനൽ തന്നെയാണെന്ന് ഉറപ്പുവരുത്തി. അതിനുശേഷം ഇറ്റലിയിൽ വിവിധ സ്ഥലങ്ങളിൽ ജനങ്ങൾക്ക് കാണുവാനായി മൊണാലീസ പ്രദർശിപ്പിച്ച ശേഷമാണ് പാരീസിലേക്ക് മടക്കിക്കൊണ്ടുവന്നത്.

പെരൂച്ചയുടെ മുറിയിലുൾപ്പെടെ ഇരുന്ന ചിത്രം ഏതാണ്ട് രണ്ടു വർഷത്തിന് ശേഷമാണ് കണ്ടെടുത്തു തിരികെ പാരീസിൽ എത്തിക്കുന്നത്. ഏതായാലും പെരൂച്ചയ്ക് ഒരു വർഷത്തോളം ജയിലിൽ ശിക്ഷിക്കപ്പെട്ട് കഴിയേണ്ടിവന്നു.

വിവാദങ്ങൾക്കും വാർത്തകൾക്കും ഒരിക്കലും മൊണാലീസക്കു പഞ്ഞമുണ്ടായിരുന്നില്ല. 1956 ൽ ഒരു സന്ദർശകൻ ആസിഡ് ഒഴിച്ചത് ചിത്രത്തിന്റെ ഒരു ഭാഗം കേടാകുന്നതിനു കാരണമായി. പിന്നീട് മറ്റൊരാൾ കല്ലെറിഞ്ഞതിനാൽ ചിത്രത്തിലെ കുറച്ചു നിറം ഇളകിപ്പോയി. ടോക്കിയോയിൽ നടന്ന പ്രദർശനത്തിനിടയിൽ ഒരു സ്ത്രീ വിഭ്രാന്തി മൂലം ചുവന്ന നിറം സ്പ്രേ ചെയ്തു.

മറ്റൊരു ചിത്രവും പ്രശസ്തിയുടെ കാര്യത്തിൽ മൊണാലീസയ്ക്ക് ഒപ്പമെത്തുമെന്നു തോന്നുന്നില്ല. നൂറ്റാണ്ടുകൾക്കപ്പുറത്തുനിന്ന് അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന മന്ദസ്മിതത്താൽ കവിതയെയും സംഗീതത്തെയും സാഹിത്യത്തെയും ചിത്രശില്പകാരെയും മൊണാലീസ എന്നും പ്രചോദിപ്പിച്ചുകൊണ്ടേയിരിക്കുന്നു.

മൊണാലീസയുടെ അനിഷേധ്യമായ പ്രസിദ്ധി ഇരുപതാം നൂറ്റാണ്ടിലെ ചിത്രകാരുടെ രചനകളെയും സ്വാധീനിച്ചിട്ടുണ്ട്. മാർസൽ ദുഷാം, സാൽവദോർ ദാലി, ആൻഡി വാർഹോൾ തുടങ്ങി നിരവധി പ്രസിദ്ധ ചിത്രകാർ



മ്യൂസിയത്തിൽനിന്ന് മൊണാലിസ് മോഷണം പോയശേഷം എടുത്ത ചിത്രം



തിരികെ കിട്ടിയ ചിത്രം വിദഗ്ധർ പരിശോധിക്കുന്നു

മൊണാലീസയുടെ അനുകരണങ്ങൾ വ്യത്യസ്തമായ രൂപത്തിലും ആശയത്തിലും അവതരിപ്പിച്ചിട്ടുണ്ട്. മൊണാലീസയിലെ യഥാർഥ കഥാപാത്രത്തെക്കുറിച്ചും അതിന്റെ കലാസൗന്ദര്യത്തെക്കുറിച്ചുമുള്ള ചർച്ചകൾ ഒരിക്കലും അവസാനിക്കുന്നില്ല. കാലത്തെയും കാഴ്ചക്കാരെയും അതിജീവിക്കുന്ന മൊണാലീസ നിഗൂഢമായ ഒരു വിസ്മയമാണ്.

പ്രശസ്തിയിലും വിവാദത്തിലും മാത്രമല്ല വിലയിലും മൊണാലീസ താരപദവി നിലനിർത്തുന്നു. ലോകത്തിൽ ഏറ്റവും വിലയുള്ള ചിത്രങ്ങളുടെ പട്ടികയിൽപ്പെടുന്നു മൊണാലീസ. ബുള്ളറ്റ് പ്രൂഫ് ഗ്ലാസ് കവചത്തിന്റെ സുരക്ഷിതത്വത്തിലാണ് ലൂവ്റിൽ ഈ അമൂല്യചിത്രം ഇന്ന് പ്രദർശിപ്പിച്ചിരിക്കുന്നത്. ഓരോ വർഷവും മൊണാലീസ കാണാൻ അറുപതുലക്ഷം സന്ദർശകരാണ് എത്തിച്ചേരുന്നത്.



## മൊണാലിസയെ അടുത്തറിയുമ്പോൾ

**ആ**ദ്യപേജിൽ രണ്ടു ചിത്രങ്ങളുണ്ട്. ഒന്ന് ഡാ വിഞ്ചി വരച്ചതെന്നു കരുതപ്പെടുന്ന അദ്ദേഹത്തിന്റെതന്നെ പോട്രെയ്റ്റ്. വലതുവശത്തുള്ളത് വിഖ്യാതമായ മൊണാലീസ. ഡിജിറ്റൽ രൂപത്തിലാക്കി മെച്ചപ്പെടുത്തലുകൾ നടത്തിയ ചിത്രമാണത്. ഒറിജിനൽ ചിത്രം അല്പം കൂടി ഇരുണ്ടതാണ് എന്നുമാത്രം.

സവിശേഷമായ ശൈലിയിലാണ് മൊണാലീസ രചിക്കപ്പെട്ടിരിക്കുന്നത്. ഇരുണ്ട പശ്ചാത്തലം. അതിനു മുന്നിൽ നേരിയ വെളിച്ചത്തിലൂടെ അവ്യക്തതയും വ്യക്തതയും ഇഴചേരുന്ന അനുഭവമാണ് മൊണാലീസ. കാണുന്തോറും അൽപാൽപമായി അനാവരണം ചെയ്യപ്പെടുന്നതുപോലെ. മുഖത്തും നെഞ്ചിലും കൈകളിലും വീഴുന്ന മങ്ങിയതും സൗമ്യവുമായ പ്രകാശത്തിലൂടെയാണ് നാം മൊണാലീസയെ കാണുന്നത്. ശരീരവും വസ്ത്രവും പശ്ചാത്തലവും തമ്മിൽ അസ്പഷ്ടമായേ വേർതിരിയുന്നുള്ളൂ. ചുണ്ടും കണ്ണുകളും മുഖവുമായി ലയിക്കുന്നതും അവ്യക്തമാണ്.

ഇങ്ങനെ ബിംബങ്ങളുടെ അരികുകൾ പരസ്പരം അലിഞ്ഞു ചേരുന്ന തരത്തിലുള്ള എണ്ണച്ചായരീതി (sfumato-misty hazziness) ലിയൊനാർഡോ മനോഹരമായി പരീക്ഷിച്ചിരിക്കുന്നു.

ഒരുപക്ഷേ, ഈ ചിത്രത്തിലാവണം പോർട്രെയ്റ്റും പ്രകൃതിദൃശ്യവും സമ്മേളിപ്പിക്കുന്നത്. ഇത് മുൻകാല രീതികളിൽനിന്ന് മൊണാലീസയെ വ്യത്യസ്തമാക്കുന്നു.

ഭൗമശാസ്ത്രമുൾപ്പെടെയുള്ള നിരവധി ശാസ്ത്ര ചരിത്രവിഷയങ്ങളിൽ തല്പരനായിരുന്നു ഡാവിഞ്ചി. പാറക്കെട്ടുകളും മലയിടുക്കുകളും വെള്ളവും നിറഞ്ഞ പ്രകൃതിയുമെല്ലാം അതുകൊണ്ടായിരിക്കാം ഡാവിഞ്ചി ഉൾപ്പെടുത്തിയിരിക്കുന്നത്. മൊണാലീസയ്ക്കു പിന്നിൽ വളഞ്ഞ വഴികളും ആർച്ച് രൂപത്തിലെ പാലവും എവിടേക്കോ പോകുന്നു. ■

# ഇളം തളിര്

ഇളംതളിരിലേക്ക് കൂട്ടുകാരുടെ സൃഷ്ടികൾ അയക്കൂ. രചനകൾ ചെറുതായിരിക്കണം. കുഞ്ഞുകഥയോ കവിതയോ ലേഖനമോ ആകാം. തളിരിനെക്കുറിച്ചുള്ള അഭിപ്രായങ്ങളും അയക്കാം.

## തളിരമ്മാവന്റെ കത്ത്

ഓണക്കാലം വീണ്ടും വന്നെത്തുന്നു. കൊവിഡ് മിക്കവാറും അപ്രത്യക്ഷമായ ഓണം. എങ്കിലും മാസ്ക് മാറ്റാൻ കഴിയാത്ത അവസ്ഥ. മഴക്കാലവും അങ്ങനെ കടന്നുപോയി. പക്ഷേ കരുതൽ വേണം.

മനോഹരമായ പ്രകൃതി ഓണക്കാലത്ത് നമ്മുടെ ഉറ്റ ചങ്ങാതിയാണ്. എങ്ങും പച്ചപ്പ്! എല്ലായിടത്തും പൂക്കൾ പുഞ്ചിരിച്ചു നിൽക്കുന്നു.

''*പ്രകൃതിയിൽനിന്നു പഠിക്കുക നമ്മൾ,*
*പരമാർഥങ്ങൾ, സത്യങ്ങൾ*''

ഓണക്കാലം ഗംഭീരമാകട്ടേ!

ആര്യ വിജയന്റെയും ആൻലിയയുടെയും ആവണി ദിബുവിന്റെയും ചിത്രങ്ങൾ ആകർഷകമായി.

ദിൽരാജിന്റെ ഓണപ്പാട്ടിലെ അക്ഷരത്തെറ്റുകൾ തിരുത്തി പ്രസിദ്ധീകരിക്കുന്നു.

എല്ലാ കൂട്ടുകാർക്കും ഓണാശംസകൾ!

സ്നേഹത്തോടെ,
**സി ആർ ദാസ്**
**തളിരമ്മാവൻ**

## വര

തളിര് മാസികയുടെ മേയ് ലക്കത്തിന്റെ കവർ സ്വന്തമായി വരച്ചുനോക്കിയതാണ് ആൻലിയ.

**ആൻലിയ ജിൽസൺ**
ക്ലാസ്: 6
സെയിന്റ് സെബാസ്റ്റ്യൻ ഹൈസ്കൂൾ
കൂടരഞ്ഞി, കോഴിക്കോട്



# ഓമനക്കുട്ടന്റെ ഓണം



വര: സചീന്ദ്രൻ കാറഡ്ക്ക


ഓമനക്കുട്ടനിങ്ങോണം വന്നേ
പൂവട്ടി വേണം, പൂപ്പാട്ടു വേണം.
അത്തംനാൾതൊട്ടിങ്ങു പത്തുദിനം
മുറ്റത്തു ചന്തമായ് പൂക്കളം വേണം.

തെക്കേത്തൊടിയിലെ പുളിമരക്കൊമ്പിൽ
ഊക്കോടെയാടുവാൻ ഊഞ്ഞാലു കെട്ടണം
ഓണംനാൾ ചുറ്റുവാൻ കോടിയെടുക്കേണം
ഓണസദ്യയ്ക്കായി പാലടയും വേണം.

**ദിൽരാജ്**
ക്ലാസ്: 7
തിരുത്തി എ യു പി സ്കൂൾ
മലപ്പുറം

# വര

**ആവണി ദിബു**
ക്ലാസ്: 8
ഡി ബി എച്ച് എസ് തൃക്കാരിയൂർ
കോതമംഗലം, എറണാകുളം



**ആര്യ വിജയൻ**
ക്ലാസ്: 9
സെയിന്റ് മേരീസ് ഇഎം സ്കൂൾ,
പള്ളിക്കര, കാസർഗോഡ്



# സ്വാതന്ത്ര്യസമരചരിത്ര ക്വിസ് മത്സരം വിജയികളെ പ്രഖ്യാപിച്ചു

ആസാദി കാ അമൃത് മഹോത്സവിനോട് അനുബന്ധിച്ചായിരുന്നു പരിപാടി





ആസാദി കാ അമൃത് മഹോത്സവ് പരിപാടിയുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് യുപി-ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച സ്വാതന്ത്ര്യസമരചരിത്ര ക്വിസ് മത്സരത്തിലെ വിജയികളെ പ്രഖ്യാപിച്ചു. തിരുവനന്തപുരം ആറ്റിങ്ങൽ ഗവ. ബോയ്സ് ഹയർസെക്കൻഡറി സ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർത്ഥി വൈഷ്ണവ് ദേവ് എസ് ഒന്നാം സ്ഥാനം നേടി. ഇളമ്പ ഗവൺമെന്റ് എച്ച് എസ് എസിലെ എട്ടാം ക്ലാസ് വിദ്യാർത്ഥി നിള റിജു രണ്ടാം സ്ഥാനത്തിന് അർഹയായി. പൊഴിയൂർ സെയിന്റ് മാത്യു ഹൈസ്കൂളിലെ പത്താംക്ലാസ് വിദ്യാർത്ഥി ആനന്ദ് ജിയോ, അടൂർ ഹോളി ഏൻജൽസ് ഇ എം എച്ച് എസ് എസിലെ ഒൻപതാംക്ലാസ് വിദ്യാർത്ഥി ആർദ്ര രാജേഷ്, ഇളമ്പ ഗവൺമെന്റ് എച്ച് എസ്. എസിലെ ഏഴാംക്ലാസ് വിദ്യാർത്ഥി സാധിക ഡി എസ് എന്നിവർ മൂന്നാം സ്ഥാനം നേടി. ആഗസ്റ്റ് 7നു നടത്തിയ ക്വിസ് മത്സരത്തിൽ ഇരുന്നൂറോളം കുട്ടികളാണ് പങ്കെടുത്തത്. സമ്മാനവിതരണച്ചടങ്ങിന്റെ തീയതി പിന്നീട് പ്രഖ്യാപിക്കുന്നതാണ്. ■

# തളിര് സ്കോളർഷിപ്പിന് സെപ്തംബർ 30വരെ അപേക്ഷിക്കാം

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് നവംബർ മാസത്തിൽ നടത്തുന്ന തളിര് സ്കോളർഷിപ്പ് പരീക്ഷയുടെ രജിസ്ട്രേഷനുള്ള തീയതി സെപ്തംബർ 30വരെ നീട്ടി. https://scholarship.ksicl.kerala.gov.in/ എന്ന സൈറ്റുവഴി അപേക്ഷിക്കാം. 200രൂപ അടച്ച് രജിസ്റ്റർ ചെയ്യുന്ന എല്ലാ കുട്ടികൾക്കും ഒരു വർഷത്തെ തളിര് മാസിക ലഭിക്കും. അഞ്ചു മുതൽ പത്തു വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് അപേക്ഷിക്കാൻ അർഹത. ഓരോ ജില്ലയിലെയും 160 കുട്ടികൾക്കുവീതം ജില്ലാതല സ്കോളർഷിപ്പ് ലഭ്യമാവും. സംസ്ഥാനതലവിജയികൾക്ക് 10000രൂപ, 5000രൂപ, 3000രൂപ എന്നിങ്ങനെയും സ്കോളർഷിപ്പ് ലഭിക്കും. 2022 നവംബറിലാണ് ജില്ലാതല പരീക്ഷകൾ. ■

Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at Orange Printers Pvt Ltd., Thiruvananthapuram.

സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

# തകൾ

## തളിര് സ്കോളർഷിപ്പ് ജില്ലാതല ഉദ്ഘാടനങ്ങൾ



എറണാകുളം



പാലക്കാട്



കാസർഗോഡ്

തളിര് സ്കോളർഷിപ്പ് എറണാകുളം ജില്ലാതല ഉദ്ഘാടനം സംസ്കൃത സർവകലാശാല മുൻ വൈസ് ചാൻസലറും എഴുത്തുകാരനുമായ ഡോ. ധർമ്മരാജ് അടാട്ട് കാലടി ബി എസ് യു പി സ്കൂളിൽ 125 കുട്ടികളുടെ തളിര് സ്കോളർഷിപ്പ് രജിസ്ട്രേഷൻ ഫോം കൈപ്പറ്റിക്കൊണ്ട് നിർവഹിച്ചു.

രജിസ്ട്രേഷന്റെ പാലക്കാട് ജില്ലാതല ഉദ്ഘാടനം വിദ്യാഭ്യാസ ഉപ ഡയറക്ടർ മനോജ് കുമാർ പി വി ഗവ. മോയൻസ് എച്ച് എസ് എസിൽ വിദ്യാർഥികളായ വൃന്ദ എം ജി, ആർദ്ര പ്രസാദ് എന്നിവർക്ക് ഫോം കൈമാറി നിർവഹിച്ചു.

കാസർഗോഡ് ജില്ലാതല ഉദ്ഘാടനം കാസർഗോഡ് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ നടന്നു. വിദ്യാഭ്യാസ ഉപഡയറക്ടർ കെ വി പുഷ്പ പരിപാടിയുടെ ഉദ്ഘാടനവും ബ്രോഷർ പ്രകാശനവും നിർവഹിച്ചു. ■



## ബാലസാഹിത്യ പുരസ്കാരങ്ങൾക്ക് കൃതികൾ ക്ഷണിക്കുന്നു

**കേരള** സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2022 വർഷത്തെ ബാലസാഹിത്യ പുരസ്കാരങ്ങൾക്ക് കൃതികൾ ക്ഷണിക്കുന്നു. 2019, 2020, 2021 വർഷങ്ങളിൽ ആദ്യപതിപ്പായി പ്രസിദ്ധീകരിച്ച മികച്ച ബാലസാഹിത്യ കൃതികൾക്കാണ് പുരസ്കാരം നൽകുന്നത്. 20,000/ രൂപയും പ്രശസ്തിപത്രവും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം.

കഥ/നോവൽ, കവിത, നാടകം, വിവർത്തനം/പുനരാഖ്യാനം, ശാസ്ത്രം, വൈജ്ഞാനികം (ശാസ്ത്രം ഒഴികെ), ജീവചരിത്രം/ആത്മകഥ, ചിത്രീകരണം, ചിത്രപുസ്തകം, പ്രൊഡക്ഷൻ എന്നിങ്ങനെ 10 വിഭാഗങ്ങളിലാണ് പുരസ്കാരം ഏർപ്പെടുത്തിയിട്ടുള്ളത്. മുൻവർഷങ്ങളിൽ പുരസ്കാരം ലഭിച്ച എഴുത്തുകാരുടെ കൃതികൾ അതേ വിഭാഗത്തിൽ വീണ്ടും പരിഗണിക്കുന്നതല്ല. അവർക്ക് മറ്റു വിഭാഗങ്ങളിലേക്ക് കൃതികൾ അയക്കാവുന്നതാണ്.

എഴുത്തുകാർക്കും പ്രസാധകർക്കും പുരസ്കാരത്തിനായി പുസ്തകങ്ങൾ അയക്കാവുന്നതാണ്. പരിഷ്കരിച്ച പതിപ്പുകൾ അവാർഡിന് പരിഗണിക്കുന്നതല്ല. പുസ്തകത്തിന്റെ 4 പ്രതികൾ വീതം ഡയറക്ടർ, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, സംസ്കൃത കോളേജ് കാമ്പസ്, പാളയം, തിരുവനന്തപുരം - 34 ( Mobile No. 8547971483) എന്ന വിലാസത്തിൽ 2022 സെപ്റ്റംബർ 12 ന് മുമ്പായി ലഭിക്കേണ്ടതാണ്.

കൂടുതൽ വിവരത്തിന് ഇൻസ്റ്റിറ്റ്യൂട്ട് വെബ്സൈറ്റ് ആയ ksicl.org സന്ദർശിക്കാവുന്നതാണ്. ■

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2021-2023

RNI No. 20076/70 September 2022
Regd KL/TV (N)/399/2021-2023 Published on 29-08-2022 Vol:29, Issue:09, ₹20



**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
(കേരള സർക്കാർ സാംസ്കാരിക വകുപ്പ്)

# തളിര്
# സ്കോളർഷിപ്പ് 2022

**ജൂനിയർ / സീനിയർ തലങ്ങളിൽ മത്സരം**

അവസാനതീയതി
സെപ്തംബർ 30

**രജിസ്ട്രേഷനുള്ള ലിങ്ക്**
**https://scholarship.ksicl.kerala.gov.in**

- സംസ്ഥാനതലത്തിൽ ആദ്യ മൂന്ന് റാങ്കുകാർക്ക് 10,000 രൂപ, 5,000 രൂപ, 3,000 രൂപ എന്നിങ്ങനെ സ്കോളർഷിപ്പും സർട്ടിഫിക്കറ്റും.
- ഓരോ ജില്ലയിലും 160 സ്കോളർഷിപ്പുകൾ.
- ജില്ലാതല പരീക്ഷയിൽ ഇരു വിഭാഗത്തിലും ഏറ്റവും ഉയർന്ന മാർക്കു വാങ്ങുന്ന 30 കുട്ടികൾക്ക് 1,000 രൂപ സ്കോളർഷിപ്പും സർട്ടിഫിക്കറ്റും. അതിനുശേഷം വരുന്ന 50 കുട്ടികൾക്ക് ഇരുവിഭാഗത്തിലും 500 രൂപ സ്കോളർഷിപ്പും സർട്ടിഫിക്കറ്റും.
- നൂറിൽ കൂടുതൽ രജിസ്ട്രേഷൻ നടത്തുന്ന സ്കൂളുകളിലെ ലൈബ്രറിക്കായി ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ സൗജന്യമായി നൽകുന്നു.

അവസാനതീയതി 2022 സെപ്തംബർ 30

**₹16 ലക്ഷം**
**സ്കോളർഷിപ്പ്**

**രജിസ്ട്രേഷന്**
**200 രൂപ**

രജിസ്റ്റർ ചെയ്യുന്ന എല്ലാ കുട്ടികൾക്കും 2023 ജനുവരി മുതൽ ഡിസംബർവരെയുള്ള തളിര് മാസിക തപാലിൽ ലഭിക്കും.

രജിസ്ട്രേഷൻ
**നേരിട്ടും ഓൺലൈൻ** വഴിയും

**കൂടുതൽ വിവരങ്ങൾക്ക്**
8547971483
0471-2333790
2327276